# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

ഫെബ്രുവരി 2024



## മേജർ ആർച്ച് ബിഷപ്പ്
## അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്

കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ



2024 ഫെബ്രുവരി 9 ന് മെത്രാഭിഷേകത്തിന്റെ 23–ാം വാർഷികം
അനുസ്മരിക്കുന്ന **അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനും**
ഫെബ്രുവരി 4 ന്മെത്രാഭിഷേകത്തിന്റെ 8–ാം വാർഷികം
അനുസ്മരിക്കുന്ന **അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിനും**

സർവ്വവിധ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥനാശംസകളും
രൂപതാകുടുംബം നേരുന്നു.



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLVIII No. 2 ഫെബ്രുവരി 2024

# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

**Vol. XLVIII No. 2 ഫെബ്രുവരി 2024**


| | | |
|---|---|---|
| ഫ്രാൻസിസ് പാപ്പായുടെ സന്ദേശം | - | 3 |
| സർക്കുലർ - തിരുബാലസഖ്യദിനം | - | 9 |
| ഇടയലേഖനം | - | 15 |
| സർക്കുലർ - മദ്യവിരുദ്ധഞായർ | - | 19 |
| കച്ചേരിക്കാര്യം | - | 24 |
| അനുസ്മരണം - റവ. ഫാ. തോമസ് പിണമറുകിൽ | - | 27 |
| പീരുമേട് ഡെയർ | - | 29 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 31 |
| അജപാലനോത്തേജനവിഭാഗം | - | 32 |
| റെയിൻബോ - 2021 | - | 36 |
| വിശ്വാസജീവിതപരിശീലനരംഗം | - | 37 |
| ചെറുപുഷ്പ മിഷൻലീഗ് | - | 40 |
| ബൈബിൾ അപ്പോസ്തലേറ്റ് | - | 43 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 45 |
| കുടുംബപ്രേഷിതത്വം | - | 48 |
| മാതൃവേദി | - | 50 |
| പിതൃവേദി | - | 51 |
| മേരി മാതാ മൈനർ സെമിനാരി | - | 52 |
| മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി | - | 53 |
| നസ്രാണി റിസേർച്ച് സെന്റർ - നല്ലതണ്ണി | - | 54 |
| കാത്തലിക്ക് കരിസ്മാറ്റിക് നവീകരണം | - | 55 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 58 |
| സന്യസ്തർ | - | 61 |
| കെ.സി.എസ്.എൽ. | - | 69 |
| തേനി മിഷൻ വാർത്തകൾ | - | 73 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 74 |
| ഡി.സി.എം.എസ്. | - | 76 |
| ഫ്രാൻസിസ്ക്കൻ അല്മായസഭ | - | 77 |
| ലീജിയൻ ഓഫ് മേരി | - | 78 |
| വിൻസെൻഷ്യൻ വേദി | - | 79 |
| ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി | - | 81 |
| വിമല പബ്ലിക്കേഷൻസ് | - | 82 |
| Special Care Homes & Charitable institution | - | 84 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 85 |
| ഇൻഫാം | - | 86 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 87 |
| രൂപതാവാർത്തകൾ | - | 93 |
| Bishop's Engagements | - | 100 |

No.: 3999/K-5/KCBC/OL/DS

# 32-ാമത് ലോക രോഗീദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം (ഫെബ്രുവരി 11, 2024)

## 'മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല - സൗഖ്യദായകമായ ബന്ധങ്ങളാൽ രോഗികളെ സുഖപ്പെടുത്തുക'

'മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല' (ഉത്പ 2,18 കാണുക). സ്നേഹമായിരിക്കുന്ന ദൈവം ആദിയിൽതന്നെ നമ്മെ സഹവാസത്തിനായി സൃഷ്ടിച്ചു; മറ്റുള്ളവരുമായി ബന്ധത്തിൽ ഏർപ്പെടാനുള്ള നൈസർഗികമായ കഴിവോടുകൂടിയാണ് അവിടന്ന് നമ്മെ സൃഷ്ടിച്ചത്. പരിശുദ്ധ ത്രിത്വത്തിന്റെ സാദൃശ്യം പ്രതിഫലിപ്പിക്കുന്ന നമ്മുടെ ജീവിതങ്ങൾ സാക്ഷാത്കരിക്കപ്പെടേണ്ടത് ബന്ധങ്ങളുടെയും സൗഹൃദങ്ങളുടെയും നൽകിയും സ്വീകരിച്ചുമുള്ള സ്നേഹത്തിന്റെയും ശൃംഖലകൾ വഴിയാണ്. ഏകരായിരിക്കാനല്ല, മറിച്ച് ഒരുമിച്ചായിരിക്കാനാണ് നാം സൃഷ്ടിക്കപ്പെട്ടത്. സഹവാസത്തിന്റേതായ ഈ പദ്ധതി വ്യക്തമായി മനുഷ്യഹൃദയത്തിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ, തിരസ്കരണത്തിന്റെയും ഏകാന്തതയുടെയും അനുഭവം ഭയാനകവും ദുഃഖകരവും മനുഷ്യത്വരഹിതവുമായ ഒന്നായി നാം കണക്കാക്കുന്നു. ദൗർബല്യത്തിന്റെയും അനിശ്ചിതത്തിന്റെയും അരക്ഷിതത്വത്തിന്റെയും വേളകളിൽ ഈ അനുഭവം നമ്മിൽ കൂടുതൽ ശക്തമാകുന്നു; ഇത് പലപ്പോഴും സംഭവിക്കുന്നത് മാരകമായ രോഗം നമ്മെ കാർന്നുതിന്നാൻ തുടങ്ങുമ്പോഴാണ്.

ഇത്തരുണത്തിൽ, കോവിഡ്-19 മഹാമാരിയുടെ കാലത്ത് ഭയാനകമായ ഏകാന്തത അനുഭവിച്ച എല്ലാവരെയും ഞാൻ ഓർക്കുകയാണ്: സന്ദർശകരെ സ്വീകരിക്കാൻ കഴിയാതെപോയ

രോഗികൾ, അസംഖ്യം നേഴ്സുമാർ, ഡോക്ടർമാർ, ജോലിയുടെ സാഹചര്യവും ഭാരവുംമൂലം ഏകാന്തവാർഡുകളിൽ കഴിയേണ്ടി വന്ന ഇതര സഹായഗണത്തിലെ വ്യക്തികൾ തുടങ്ങിയവർ. തങ്ങളുടെ മരണത്തിന്റെ മണിക്കൂറുകൾ ഏകാകികളായി അഭിമുഖീകരിക്കേണ്ടിവന്ന ആളുകളെ നമുക്കിവിടെ വിസ്മരിക്കാനാകില്ല; ആരോഗ്യപരിപാലകരാൽ അവർ ശുശ്രൂഷിക്കപ്പെട്ടെങ്കിലും അവർ തങ്ങളുടെ കുടുംബങ്ങളിൽനിന്ന് അകലെയായിരുന്നു.

യുദ്ധവും അതിന്റെ ദുരന്തപൂർവകമായ അനന്തര ഫലങ്ങളും മൂലം പിന്തുണയും സഹായവും ലഭ്യമാകാതെയായിത്തീർന്നവരുടെ ദുഃഖത്തിലും സഹനത്തിലും ഒറ്റപ്പെടലിലും ഞാൻ പങ്കുചേരുന്നു. സാമൂഹ്യരോഗങ്ങളിൽ ഏറ്റവും ഭയാനകമായതാണ് യുദ്ധം; അതിന്റെ അതിഭയങ്കരമായ ദുരന്തം അനുഭവിക്കുന്നതോ, ഏറ്റവും ദുർബലരായവരുമാണ്.

അതേസമയം, സമാധാനം അനുഭവിക്കുകയും കൂടുതൽ വിഭവസാധ്യതകൾ ഉണ്ടായിരിക്കുകയും ചെയ്യുന്ന രാഷ്ട്രങ്ങളിൽ പോലും, വാർദ്ധക്യവും രോഗവും പേറുന്നവർ പലപ്പോഴും ഏകാന്തത അനുഭവിക്കുന്നവരും ചിലപ്പോഴെങ്കിലും തിരസ്കൃതരാകുന്നവരും ആണെന്നുള്ളതും ഇവിടെ പറയാതിരിക്കാൻ വയ്യ. ഇത് വ്യക്തികേന്ദ്രീകൃത സംസ്കാരത്തിന്റെ (culture of individualism) അനന്തരഫലം ആണെന്ന അസ്വസ്ഥജനകമായ യാഥാർഥ്യം അംഗീകരിക്കേണ്ടിയിരിക്കുന്നു. എന്തുവിലകൊടുത്തും ഉത്പാദനക്ഷമത വർധിപ്പിക്കുക, കാര്യശേഷി എന്ന സങ്കല്പം (myth of efficiency) പുഷ്ടിപ്പെടുത്തുക, തുടങ്ങിയവയാണ് വ്യക്തി കേന്ദ്രീകൃതത്വം താത്പര്യപ്പെടുന്നത്; ഈ പശ്ചാത്തലത്തിൽ വ്യക്തികൾ നിസ്സംഗത പുലർത്തുന്നവരും കഠിനഹൃദയരും അവശ്യംവേണ്ട കാൽവെപ്പുകൾ നടത്താൻ കഴിയാത്തവരും ആയി ഭവിക്കുന്നു. അതൊരു വലിച്ചെറിയൽ സംസ്കാരത്തിനു (throw away culture)

വഴിതെളിക്കുന്നു. പ്രസ്തുത സംസ്കാരത്തിൽ വ്യക്തികൾ മേലിൽ ശുശ്രൂഷിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യേണ്ട പരമപ്രധാന മൂല്യമുള്ളവരായി കണക്കാക്കപ്പെടുന്നില്ല; പ്രത്യേകിച്ച് അവർ ''ഉപയോഗമില്ലാത്തവിധം'' ദരിദ്രർ ഭിന്നശേഷിക്കാർ, അല്ലെങ്കിൽ ജനിച്ചിട്ടില്ലാത്തവർ, ''ഇനി ആവശ്യമില്ലാത്തവിധം'' വൃദ്ധർ എന്നിവരെപ്പോലെ ആയാൽ (*എല്ലാവരും സഹോദരർ*, [Fratelli Tutti] 18). ദുഃഖകരമെന്നു പറയട്ടെ, ഈ തരത്തിലുള്ള കാഴ്ചപ്പാടുകളാണ് പല രാഷ്ട്രീയ തീരുമാനങ്ങളെയും നയിക്കുന്നത്. അത്തരത്തിലുള്ള തീരുമാനങ്ങൾ മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തെയോ അവന്റെയോ അവളുടെയോ ആവശ്യങ്ങളെയോ മാനിക്കുന്നില്ല. ഓരോ വ്യക്തിക്കും ആരോഗ്യം സംരക്ഷിക്കുക എന്നതും ആരോഗ്യസംരക്ഷണത്തിന് ആവശ്യമായുള്ള സംവിധാനങ്ങൾ പ്രാപ്യമാകുവാനുള്ള മൗലിക അവകാശം ഉണ്ടെന്നുള്ളതും ഉറപ്പുവരുത്തുന്ന രീതിയിൽ നയങ്ങളും വിഭവങ്ങളും രൂപപ്പെടുത്തുന്നതിനു പ്രസ്തുത തീരുമാനങ്ങൾ സഹായകമാകുന്നില്ല.

ആരോഗ്യപരിരക്ഷണം ശുശ്രൂഷകളുടെ പട്ടികയിൽ കേവലം ഒന്നായി മാത്രം കണക്കാക്കപ്പെടുന്നത് ദുർബലരായവരുടെ തിരസ്കരണത്തിനും അവരെ ഒറ്റപ്പെടുത്തുന്നതിനും സഹായകമായിത്തീരുന്നു; ആരോഗ്യപരിചരണത്തോടൊപ്പം യഥാർഥത്തിൽ ആവശ്യമായുള്ളത് ഡോക്ടർമാരും രോഗികളും അവരുടെ കുടുംബാംഗങ്ങളും തമ്മിലുള്ള ഒരു ചികിത്സാപരമായ ഉടമ്പടി ('therapeutic covenant') ആണ്.

വേദപുസ്തകത്തിന്റെ വാക്കുകൾ നമുക്ക് ഒരിക്കൽ കൂടി കേൾക്കാം: "മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല!" സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം പറഞ്ഞതാണിത്. അങ്ങനെ ദൈവം മനുഷ്യരാശിയെക്കുറിച്ചുള്ള പദ്ധതിയുടെ ആഴത്തിലുള്ള അർഥം നമുക്ക് വെളിപ്പെടുത്തിതരുകയും, അതോടൊപ്പം പാപത്തിന്റെ മാരകമായ

മുറിവ് സൃഷ്ടിക്കുന്ന സന്ദേഹങ്ങളും വിള്ളലുകളും വിഭജനങ്ങളും തത്ഫലമായുണ്ടാകുന്ന ഒറ്റപ്പെടുത്തലും ചൂണ്ടികാണിക്കുകയും ചെയ്തു.

പാപം വ്യക്തികളെ ആക്രമിക്കുന്നു, അതോടൊപ്പം അവരുടെ എല്ലാ ബന്ധങ്ങളെയും: ദൈവത്തോടും തങ്ങളോടുതന്നെയും ഇതര മനുഷ്യരോടും സൃഷ്ടവസ്തുക്കളോടും പോലും. ഇത്തരത്തിലുള്ള ഒറ്റപ്പെടുത്തൽ നമ്മുടെ ജീവിതത്തിന്റെ അർഥം മനസ്സിലാക്കുന്നതിൽ നിന്നുപോലും നമ്മെ വ്യതിചലിപ്പിക്കുന്നു; അത് സ്നേഹത്തിന്റെ സന്തോഷം ഇല്ലാതാക്കുന്നു; മാത്രമല്ല, ജീവിതത്തിന്റെ നിർണായകമായ അവസരങ്ങളിൽ നമ്മെ അലോസരപ്പെടുത്തുന്നവിധത്തിൽ നാം ഒറ്റയ്ക്കാണ് എന്ന ഒരനുഭവം നമ്മിലുളവാക്കുകയും ചെയ്യുന്നു.

പ്രിയ സഹോദരീസഹോദരന്മാരേ, ഏതൊരു രോഗത്തിനും ആവശ്യമായുള്ള ശുശ്രൂഷയുടെ ആദ്യരൂപം കരുണാർദ്രവും സ്നേഹപൂർവകവുമായ സാമീപ്യമാണ്. അതിനാൽ, രോഗീപരിചരണം എന്നത് എല്ലാറ്റിനുമുപരി അവരുടെ ബന്ധങ്ങളെ പരിചരിക്കുന്നതാണ്, എല്ലാത്തരത്തിലുമുള്ള ബന്ധങ്ങൾ: ദൈവത്തോടും മറ്റുള്ളവരോടും - കുടുംബാംഗങ്ങൾ, സ്നേഹിതർ, ആരോഗ്യ ശുശ്രൂഷകർ - സൃഷ്ടവസ്തുക്കളോടും തങ്ങളോടു തന്നെയും. ഇത് ചെയ്യാനാവുമോ? തീർച്ചയായും, ഇത് ചെയ്യാനാകും; ഇത് നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്താൻ നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. നല്ല സമരിയാക്കാരന്റെ ചിത്രത്തിലേക്ക് നമുക്ക് നോക്കാം (ലൂക്കാ 10,25-37); ഇറങ്ങിചെല്ലാനും, മറ്റൊരു വ്യക്തിയുടെ സമീപത്ത് എത്താനും, വേദന അനുഭവിക്കുന്ന ഒരു സഹോദരന് ആർദ്രമായ സ്നേഹംപകരാനും അവന്റെ മുറിവുകൾ വച്ചുകെട്ടാനും അയാൾ കാണിക്കുന്ന താത്പര്യം നമുക്ക് ശ്രദ്ധിക്കാം.

നമ്മുടെ ജീവിതത്തിന്റെ ഈ കേന്ദ്രസത്യം നമുക്ക് അനുസ്മരിക്കാം: നമ്മൾ ഈ ലോകത്തിലേക്കു വന്നത് ആരോ

നമ്മളെ സ്വാഗതം ചെയ്തതുകൊണ്ടാണ്; സ്നേഹത്തിനായാണ് നാം സൃഷ്ടിക്കപ്പെട്ടത്: സംസർഗത്തിനും സാഹോദര്യത്തിനുമാണ് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ജീവിതത്തിന്റെ ഈ അംശമാണ് നമ്മെ നിലനിർത്തുന്നത്, ഏറെ പ്രത്യേകിച്ച് രോഗത്തിന്റെയും ദൗർബല്യത്തിന്റെയും വേളകളിൽ. ഇതുതന്നെയാണ് നാം ജീവിക്കുന്ന സമൂഹത്തിന്റെ രോഗങ്ങൾ സുഖപ്പെടുത്താൻ നാം ഉപയോഗിക്കേണ്ട ആദ്യ ചികിത്സാരീതി (first therapy).

താത്ക്കാലികമായോ നിരന്തരമായോ രോഗങ്ങളാൽ ക്ലേശിക്കുന്ന സഹോദരരോട് ഞാൻ ഇപ്രകാരം പറയും: സാമീപ്യത്തിനും ആർദ്രതയ്ക്കും ആയുള്ള നിങ്ങളുടെ ആഗ്രഹത്തെക്കുറിച്ച് ലജ്ജിക്കേണ്ടതില്ല; ആ ആഗ്രഹം മറച്ചുപിടിക്കേണ്ടതില്ല; നിങ്ങൾ മറ്റുള്ളവരുടെമേൽ ഒരു ഭാരം ആണെന്നു കരുതേണ്ടതുമില്ല. രോഗിയായുള്ള ആളിന്റെ അവസ്ഥ, നമ്മെത്തന്നെ വീണ്ടും കണ്ടെത്താനുള്ള സാഹചര്യമുണ്ടാക്കാനായി, നമ്മുടെ ജീവിതത്തിന്റെ അമിതവേഗത്തിലുള്ള പാച്ചിൽ അല്പം കുറയ്ക്കാനുള്ള അവസരമാണ്.

ഐതിഹാസികമായ പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് യേശുക്രിസ്തുവിന്റെ ആർദ്രഭാവം സ്വന്തമാക്കാനായി ക്രിസ്ത്യാനികളായ നാമെല്ലാവരും സവിശേഷമായി ക്ഷണിക്കപ്പെട്ടിരിക്കുകയാണ്. സഹിക്കുകയും ഏകാന്തത അനുഭവിക്കുകയും, ചിലപ്പോഴെങ്കിലും പാർശ്വവൽകരിക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്യപ്പെടുന്ന സഹോദരരെ നമുക്ക് ശുശ്രൂഷിക്കാം.

പ്രാർഥനവഴി, പ്രത്യേകിച്ച് ദിവ്യപൂജവഴി, കർത്താവായ ക്രിസ്തു നമ്മുടെമേൽ ചൊരിയുന്ന പരസ്പര സ്നേഹചൈതന്യം കൊണ്ട് നമുക്ക് ഏകാന്തതയുടെയും ഒറ്റപ്പെടുത്തലിന്റെയും മുറിവുകൾ ഉണക്കാം. ഈ രീതിയിൽ, സ്വാർഥത്തിന്റെയും നിസ്സംഗതയുടെയും പ്രയോജനരഹിതമെന്ന കാഴ്ചപ്പാടിന്റെയും സംസ്കാരത്തെ

പ്രതിരോധിക്കുന്നതിൽ നമുക്ക് പങ്കുകാരാകാം, അങ്ങനെ നമുക്ക് ആർദ്രതയുടെയും അനുകമ്പയുടെയും ഒരു സംസ്കൃതിക്കു കാരണമാകാം.

രോഗികളും ദുർബലരും ദരിദ്രരും സഭയുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവരാണ്; അവർ നമ്മുടെ മാനുഷിക പരിഗണന യുടെയും അജപാലനപരമായ ശ്രദ്ധയുടെയും ഹൃദയഭാഗം അലങ്കരിക്കുന്നവരാകണം. ഇക്കാര്യം നാം വിസ്മരിക്കാതിരിക്കട്ടെ! രോഗികളുടെ ആരോഗ്യമായ പരിശുദ്ധ മറിയത്തിന് നമുക്ക് നമ്മെതന്നെ ഭരമേൽപ്പിക്കാം; അങ്ങനെ അവൾ നമുക്കുവേണ്ടി പ്രാർ ഥിക്കട്ടെ; സാമിപ്യത്തിന്റെയും സഹോദര്യതുല്യമായ ബന്ധങ്ങളു ടെയും ശില്പികളായിത്തീരാൻ അവൾ നമ്മെ സഹായിക്കട്ടെ!

റോമിലെ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് 2024 ജനുവരി 10-ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം

പി.ഒ.സി.,

കൊച്ചി - 682 023

No.: 3997/K-5/KCBC/OL/DS

# 2024 ഫെബ്രുവരി 11
# തിരുബാലസഖ്യദിനം

## കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ
## പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോയിൽ പ്രിയ മാതാപിതാക്കളെ,

സഹോദരീസഹോദരന്മാരെ, വത്സലമക്കളെ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യദിനം ആചരിക്കുന്നത് ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ചയാണ്. സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വച്ച് ആഗോള കത്തോലിക്കാസഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്ന വർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ

യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്ക 2: 51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുക്കുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവ്വഹണത്തിൽ അവരുടെ മാതൃക.

കുഞ്ഞുങ്ങൾ ഏതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്ന് മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്ക് വിനോദം നൽകുന്നത്, ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവുസമയം ആരുമൊത്താണ് അവർ ചെലവിടുന്നത് എന്നിവിടങ്ങളിലെല്ലാം മാതാപിതാക്കൾ സഹായമേകണം. (സ്നേഹത്തിന്റെ സന്തോഷം 260)

ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. മാതാപിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശുവരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചുകൈകൾ കൂട്ടിപ്പിടിച്ച് ആദ്യ പ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും

കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥ യിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നതു പോലെ 'യേശുവിനോ കന്യകാമാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്.

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മ യിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്ന താണ്. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്കമാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾ പോലും കാറ്റത്ത് വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജന ശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബ ത്തെതന്നെയും കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വകാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. കുട്ടികളുടെ ഇടയിൽപോലും

മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈംഗീക വൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദസംഘങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതിയുവാക്കളെയും കടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാവിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തുചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാന പൂർണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടുവരണം. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളനപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തികുറയ്ക്കാനുള്ള ആസൂത്രിതശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസ പരിശീലനവും നൽകാൻ

സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിനു പുറത്തേക്ക് പോയിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞുമിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിത മാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നിപ്പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ചയുടെ സംസ്കാരം നമ്മുടെ

കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്ര നന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാല സഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ

**ബിഷപ്പ് മാർ തോമസ് തറയിൽ**
ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാത്യൂസ് മാർ പോളികർപ്പോസ്**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് പീറ്റർ അബിർ ആന്റണി സ്വാമി**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം
പി.ഒ.സി.,
കൊച്ചി - 682 025

---

NB: 2024 ഫെബ്രുവരി 4-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

PL. 01/2024

# ഇടയലേഖനം

## ദൈവപരിപാലനയിൽ
## കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ
## മാർ ജോസ് പുളിക്കൽ
## രൂപതയിലെ വൈദികർക്കും സന്ന്യസ്തർക്കും
## ദൈവജനം മുഴുവനുംവേണ്ടി എഴുതുന്നത്

മിശിഹായിൽ പ്രിയ സഹോദരരേ, മക്കളേ,

ആഘോഷദിനങ്ങൾ പിന്നിട്ട് അനുതാപചൈതന്യം നിറഞ്ഞ നോമ്പുകാലത്തേയ്ക്ക് ക്രൈസ്തവസമൂഹം പ്രവേശിക്കുകയാണല്ലോ. പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും ഉപവാസത്തിന്റെയും പാതയിലൂടെ നടന്ന് ജീവിതനവീകരണം പ്രാപിക്കുവാനും മിശിഹായുടെ പെസഹാരഹസ്യങ്ങളോട് താദാത്മ്യപ്പെടാനും അമ്പതുനോമ്പ് നമുക്ക് അവസരമൊരുക്കുന്നു. നമ്മുടെ വ്യക്തിജീവിതത്തിലേയ്ക്കും കുടുംബാന്തരീക്ഷത്തിലേയ്ക്കും ഇടവകസമൂഹങ്ങളിലേയ്ക്കും നോമ്പിന്റെ ചൈതന്യം സന്തോഷപൂർവം നമുക്ക് ഏറ്റുവാങ്ങാം.

ഉപവാസത്തെ പ്രാർത്ഥനയുടെ സഹോദരിയെന്നാണ് വി. ജോൺ ക്രിസോസ്തം വിളിക്കുന്നത്. ദാനധർമ്മം അനുധാവനം ചെയ്യുന്നില്ലെങ്കിൽ ഉപവാസം സ്വർഗ്ഗത്തിലേയ്ക്കെത്തുകയില്ലായെന്നും അദ്ദേഹം പഠിപ്പിക്കുന്നു. ഉപവസിച്ച് പ്രാർത്ഥിച്ച് പ്രലോഭകനെ പരാജയപ്പെടുത്തിയ ഈശോയെക്കുറിച്ചുള്ള ചിന്തയോടെയാണ് നോമ്പുകാലം ആരംഭിക്കുന്നത്. ഈശോയെ സംബന്ധിച്ചിടത്തോളം ഉപവാസവും പ്രാർത്ഥനയും അവിടുത്തെ പരസ്യജീവിതത്തിനും അതിന്റെ സമാപ്തിയിൽ കുരിശിലെ സ്വയംദാനത്തിനുമുള്ള ഒരുക്കമായിരുന്നല്ലോ.

പ്രാർത്ഥനയെന്നാൽ വിശ്വാസത്തോടും സ്നേഹത്തോടും പ്രതീക്ഷയോടും കൂടെ ദൈവസന്നിധിയിലേക്ക് ഹൃദയമുയർത്തുന്നതാണ്. പ്രാർത്ഥനയിൽ എപ്പോഴും ശ്രവിക്കലുണ്ട്. വ്യത്യസ്ത ജീവിത സാഹചര്യങ്ങളിൽ ദൈവത്തിന് നമ്മോടു പറയാനുള്ളത് കേട്ടുകൊണ്ട് അവിടുത്തെ വഴിയിലൂടെ മുന്നേറുന്നതാണത്. അനുദിന ജീവിതത്തിലെ കഷ്ടപ്പാടുകളിലും പ്രതിസന്ധികളിലും ഇടറാതെ സ്നേഹപിതാവായ ദൈവത്തിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് സ്വാതന്ത്ര്യത്തിലേയ്ക്കും പ്രകാശത്തിലേയ്ക്കുമുള്ള നിരന്തര പ്രയാണമാണത്. ഗദ്സമനിൽ പ്രാർത്ഥിക്കുന്ന ഈശോ തന്റെ സ്വർഗ്ഗീയ പിതാവിനോട് സംസാരിക്കുന്നതും അവിടുത്തെ ഹിതം നിറവേറ്റുവാൻ ശക്തി സംഭരിക്കുന്നതും നോമ്പുകാലത്തെ പ്രധാന ധ്യാനവിഷയമാണല്ലോ.

ദൈവതിരുമുമ്പിൽ നില്ക്കേണ്ടത് പൂർണ്ണമായ സത്യസന്ധതയോടും ഹൃദയതുറവിയോടും കൂടിയായിരിക്കണം. തിരുസന്നിധിയിൽ നമുക്കൊന്നും മറച്ചുപിടിക്കാനില്ല. നമ്മുടെ ഹൃദയത്തിന്റെ വികാരവിചാരങ്ങളും നിഗൂഢമായ ആഗ്രഹങ്ങളും പദ്ധതികളും ലക്ഷ്യങ്ങളും നമുക്കുതന്നെ ലജ്ജാകരമായി തോന്നുന്ന ദൗർബല്യങ്ങളുമെല്ലാം അവിടുത്തെ മുമ്പിൽ തുറന്നുവയ്ക്കണം. അത്യുന്നതന് പ്രവേശനം നിഷേധിക്കുന്ന രഹസ്യഅറകൾ ഹൃദയത്തിൽ സൂക്ഷിച്ചാൽ നമുക്ക് ശരിയായി പ്രാർത്ഥിക്കാനാവില്ല.

സഹോദരങ്ങളോട് രമ്യപ്പെട്ടശേഷമാണ് ദൈവസന്നിധിയിൽ പ്രാർത്ഥിക്കേണ്ടത്. വിശുദ്ധ കുർബാനയിലെ 'അന്നാപ്പെസഹാത്തിരുനാളിൽ' എന്നാരംഭിക്കുന്ന പ്രാരംഭഗീതം ഇക്കാര്യം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ടല്ലോ. 'കറകൂടാതെ ജീവിക്കുന്നവരും ഹൃദയത്തിൽ സത്യമുള്ളവരും നാവുകൊണ്ട് വഞ്ചിക്കാത്തവരും നിർദ്ദോഷിക്കെതിരേ കൈക്കൂലി വാങ്ങാത്തവരു'മൊ

ക്കെയാണല്ലോ കർത്താവിന്റെ കൂടാരത്തിൽ പ്രവേശിക്കാനും അവിടുത്തെ ബലിപീഠത്തിനു മുമ്പാകെ നില്ക്കാനും യോഗ്യതയുള്ളവർ.

പ്രാർത്ഥനയിൽ ദൈവത്തോട് നാം ചേർന്നുനില്ക്കുമ്പോൾ സഹോദരങ്ങളും നമുക്കു സമീപസ്ഥരാകും. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'യെന്ന് ഒന്നിച്ചുചേർന്നു പ്രാർത്ഥിക്കുവാനാണല്ലോ നമ്മുടെ കർത്താവ് തന്റെ ശിഷ്യരെ ഉപദേശിച്ചത്. ഉറ്റവർക്കും ഉപകാരികൾക്കും മാത്രമല്ല, വിവിധ കാരണങ്ങളാൽ നമ്മിൽനിന്നകന്ന് കഴിയുന്നവർക്കുവേണ്ടിയും മദ്ധ്യസ്ഥപ്രാർത്ഥന നടത്താൻ നമുക്ക് കടമയുണ്ട്. അത് ക്രൈസ്തവസ്നേഹത്തിന്റെ നിബന്ധനയാണല്ലോ.

മാതാപിതാക്കളും മക്കളുമെല്ലാം ഒന്നുചേർന്ന് ദൈവത്തിന്റെ സ്നേഹം പങ്കുവയ്ക്കുന്ന വേദിയാണ് കുടുംബപ്രാർത്ഥന. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബത്തിൽ സാഹോദര്യത്തിന്റെ സൗന്ദര്യം പ്രകാശിക്കും. പ്രാർത്ഥനാസമൂഹത്തിന്റെ ഈ ആന്തരിക അഴകിനെക്കുറിച്ചാണ്, 'സഹോദരങ്ങൾ ഒന്നിച്ചുവസിക്കുന്നത് എത്ര വിശിഷ്ടവും മനോഹരവുമാണ്... അവിടെ കർത്താവ് തന്റെ അനുഗ്രഹവും ജീവനും പ്രദാനം ചെയ്യുന്നു' (സങ്കീ. 133) വെന്ന് സങ്കീർത്തകൻ പാടുന്നത്.

ഞായറാഴ്ച കുർബാന ക്രൈസ്തവർക്ക് ജീവശ്വാസം പോലെയാണ്. സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ അടയാളവുമായ വിശുദ്ധ കുർബാനയിൽ നാം ഉത്ഥിതനായ കർത്താവിനെ കണ്ടുമുട്ടുകയും അവിടുത്തെ കൃപനിറഞ്ഞ വചനം ശ്രവിക്കുകയും അവിടുത്തെ ശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെടുകയും അങ്ങനെ ഭൂമിയിൽ കർത്താവിന്റെ ശരീരമായ സഭയായി പണിയപ്പെടുകയും ചെയ്യുന്നു. നോമ്പുകാലത്ത് അനുദിനം വിശുദ്ധ കുർബാനയിൽ സജീവമായി

പങ്കെടുത്തും അടുക്കലടുക്കൽ അനുരഞ്ജനകൂദാശ സ്വീക രിച്ചും ഉപരി ദൈവകൃപയിലും വിശുദ്ധിയിലും വളരുവാൻ എല്ലാവരും പരിശ്രമിക്കുമല്ലോ.

പ്രിയ സഹോദരരേ, ദൈവത്തിലേയ്ക്കും സഹോദരങ്ങ ളിലേയ്ക്കുമെത്തുന്ന തിരികെ നടക്കലിന്റെയും അടുത്തുവരവി ന്റെയും കാലഘട്ടമാക്കിമാറ്റിക്കൊണ്ട് അൻപതു നോമ്പിനെ നമുക്കു അനുഗ്രഹപ്രദമാക്കാം. പ്രാർത്ഥനയുടെ ഐക്യത്തിൽ പിതാവുമായി ഒന്നായിരുന്ന മിശിഹാ നമുക്ക് മാതൃകയായിരി ക്കട്ടെ. ദൈവാനുഗ്രഹങ്ങൾക്ക് നന്ദിപറഞ്ഞ് ജീവിക്കാനും അനു ദിന ജീവിതപാതകളിൽ ദൈവഹിതമറിഞ്ഞ് നടക്കാനും ക്ലേശ ങ്ങളിൽ നഷ്ടധൈര്യരാകാതിരിക്കാനും പ്രാർത്ഥന നമ്മെ ശക്തി പ്പെടുത്തട്ടെ. ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും വഴി തിന്മയെ അകറ്റാനും ദൈവകൃപയിൽ വളരാനും നിങ്ങൾക്കിട യാകട്ടെ. ഉത്ഥിതനായ മിശിഹായുടെ സമാധാനവും സന്തോ ഷവും നിങ്ങൾ ഏവരുടെയും ഹൃദയങ്ങളെ ഭരിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാ വായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹ വാസവും നമ്മോടുകൂടെയുണ്ടായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം



മാർ ജോസ് പുളിക്കൽ

കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

കാഞ്ഞിരപ്പള്ളി

30-01-2024

NB : ഈ ഇടയലേഖനം 2024 ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

No.: 3998/K-5/KCBC/OL/DS

# മദ്യവിരുദ്ധ ഞായർ
# 2024 ഫെബ്രുവരി 25

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ ഫെബ്രുവരി 25 - മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വിപണനം, സംഭരണം, വില്പന എന്നിവ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഇക്കാലയളവിൽ നാം ആചരിക്കുന്ന മദ്യവിരുദ്ധ ഞായറിന് വളരെ പ്രസക്തിയുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗം അതീവഗൗരവത്തോടെ നാം വിലയിരുത്തണം. കേരളം മദ്യ-മയക്കു മരുന്നുപയോഗിക്കുന്നവരുടെയും വില്പനക്കാരുടെയും സുരക്ഷിത താവളമായി മാറിയെന്നത് ദൗർഭാഗ്യകരമാണ്. നമ്മുടെ നാടും കുടുംബങ്ങളും മയക്കുമരുന്നു കൈകാര്യം ചെയ്യുന്ന ക്രിമിനലുകൾ പിടിച്ചടക്കിയിരിക്കുകയാണ്. ഇവരെ നിലയ്ക്കു നിർത്താനും അമർച്ച ചെയ്യാനും നമ്മുടെ ഭരണാധികാരികൾ തീർത്തും പരാജയപ്പെട്ടിരിക്കുന്നു. ഇത്തരുണത്തിൽ സമൂഹവും സഭയും ഉണരേണ്ടതും അനിവാര്യമാണ്.

മദ്യവിരുദ്ധ സഭയും സമൂഹവും എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കെ.സി.ബി.സിയുടെ നേതൃത്വത്തിൽ മദ്യവിരുദ്ധ പ്രസ്ഥാനം ആരംഭിച്ചിട്ടു 25 വർഷം പിന്നിടുകയാണ്. ജനദ്രോഹപരമായി ഭരണ നേതൃത്വം കാലാകാലങ്ങളിലായി

പ്രഖ്യാപിച്ച് നടപ്പിലാക്കുന്ന മദ്യനയം കേരളത്തെ മദ്യത്തിൽ മുക്കിക്കൊന്നുകൊണ്ടിരിക്കുന്നു. പലപ്പോഴും ഏതു കുറ്റകൃത്യത്തിന്റെയും വാഹനാപകടത്തിന്റെയും മുൻപിൽ വില്ലനാകുന്നത് മദ്യ-ലഹരി ഉപയോഗമാണ്. ആന്റി നർകോട്ടിക്സ് ടാസ്ക്ഫോഴ്സിന്റെ സംസ്ഥാന വ്യാപകമായ ലഹരിവേട്ടയിൽ രാജ്യാന്തര വിപണിയിൽ ലക്ഷങ്ങൾ വിലമതിക്കുന്ന ലഹരി മരുന്നുകളാണ് പിടിച്ചെടുക്കുന്നത്. ലഹരിവേട്ടയിലെ ആത്മാർത്ഥതപോലും സംശയാസ്പദമായിരിക്കുന്ന സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്.

മദ്യ-രാസലഹരിയുടെ നീരാളി കൈകളിൽനിന്ന് നമ്മുടെ സ്കൂൾ-കോളേജ് തലത്തിൽ പഠിക്കുന്ന കുട്ടികളെയും യുവതി യുവാക്കളെയും രക്ഷിക്കേണ്ടത് പൊതുസമൂഹത്തിന്റെ ആവശ്യമാണ്; സർക്കാരിന്റെ കടമയാണ്. തിന്മക്കെതിരെ പോരാടുവാനുള്ള ധൈര്യവും ആർജ്ജവവും സഭയ്ക്കുണ്ടാകണം. മദ്യപാനികളെയും മദ്യവ്യാപാരികളെയും സഭയുടെ എല്ലാ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽനിന്നും മാറ്റി നിർത്താൻ ആർജ്ജവത്വം കാണിക്കുമെങ്കിൽ അതു സഭയുടെ പ്രതിഛായയെ സമൂഹത്തിൽ തിളക്കമുള്ളതാക്കിത്തീർക്കും. നാനാതരത്തിലുള്ള തിന്മകളുടെ അടിസ്ഥാന കാരണമായ മദ്യ-ലഹരി ഉപയോഗത്തെ ശക്തമായി പ്രതിരോധിക്കാൻ സഭ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കണം. ചെറിയ ആലസ്യങ്ങൾ പോലും വലിയ ആഘാതങ്ങളെ ക്ഷണിച്ചു വരുത്തും.

ആത്മാർത്ഥതയും അർപ്പണ മനോഭാവമുള്ള മദ്യവിരുദ്ധ പ്രവർത്തകരെയാണ് ഇന്ന് സഭയ്ക്കാവശ്യം. കേരളത്തിലെ 32 രൂപതകളെ 6 മേഖലകളായി തിരിച്ച് ഓരോ മേഖല ഡയറക്ടറച്ചന്മാരുടെ സഹായത്തോടെ ഫൊറോനാ, ഇടവകതലങ്ങളിലായി മദ്യവിരുദ്ധ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ

ഏകോപിപ്പിച്ചുവരുന്നു. മദ്യത്തിനെതിരായ ബോധവൽക്കരണം എല്ലാ രീതിയിലും ഫലപ്രദമായി നടത്താൻ പറ്റുന്ന സംവിധാനമാണ് ഇന്ന് സഭയ്ക്കുള്ളത്. സംവിധാനം ഫലപ്രദമാക്കാൻ അതിന്റെ പ്രവർത്തകർ തയ്യാറാകണം. ബോധവൽക്കരണത്തിന്റെ ഭാഗമായി മദ്യ-രാസലഹരിക്കെതിരെയുള്ള പ്ലക്കാർഡുകൾ വഹിച്ചുള്ള റാലികളും വാഹന ജാഥകളും ഭവനസന്ദർശനവും കലാപരിപാടികളും മത്സരങ്ങളും സംഘടിപ്പിക്കണം. മതബോധനത്തിനൊപ്പം മദ്യ-രാസലഹരി ഉപയോഗം സംബന്ധിച്ചുള്ള ക്ലാസ്സുകൾ നൽകണം. ശക്തമായ ഒരു ജനമുന്നേറ്റത്തിലൂടെ മാത്രമെ ഈ വിപത്തിനെ ചെറുത്തു തോല്പിക്കാനാവൂ. ആരോഗ്യത്തിനു ഹാനികരമെന്ന് ലേബൽ എഴുതി ഒട്ടിച്ചശേഷം മദ്യം സർക്കാരിന്റെ ഒത്താശയോടെ വില്ക്കുന്നു. വിഷം വിറ്റു കാശാക്കുന്നു. മദ്യത്തിന്റെ മുഖ്യ ചേരുവ സ്പിരിറ്റാണ്. കരിമ്പിൻ ചണ്ടിയിൽ നിന്ന് രാസപദാർത്ഥങ്ങൾ ചേർത്ത് നിർമ്മിക്കുന്ന എതനോലിൽ (Ethanol) മദ്യത്തിന്റെ അളവ് 96 ശതമാനം വരും. ഇതിൽ നിറവും കൃത്രിമ രുചികളും നിശ്ചിത അളവിൽ വെള്ളവും ചേർത്ത് കുപ്പികളിലാക്കുമ്പോൾ അത് ആരോഗ്യത്തിനു ഹാനികരമായ മുന്തിയ ഇനം വിഷമാകുന്നു. ഇത് ശരീരത്തിന്റെ വിവിധ അവയവങ്ങളെ പ്രധാനമായും തലച്ചോറിനെ ദോഷകരമായി ബാധിക്കും. ഉപഭോക്താവിന്റെ ചിന്താശക്തിയെ അത് നശിപ്പിക്കുന്നു. മദ്യ-രാസലഹരിയുടെ ഉപയോഗംമൂലം ശരീരത്തിന്റെ പ്രതിരോധശക്തി കുറയുന്നു. അതുമൂലം പകർച്ച വ്യാധികൾ പിടിപെടുന്നു. സ്വയം നശിക്കുകമാത്രമല്ല കുടുംബാംഗങ്ങളുടെ സ്വസ്ഥതയും സമാധാനവും സമ്പത്തും അത് നഷ്ടപ്പെടുത്തുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗം ആത്മഹത്യയ്ക്കു വഴിയൊരുക്കുന്നു. സമൂഹത്തിലെ കുറ്റകൃത്യങ്ങളിൽ ഏറ്റവും വലിയ വില്ലൻ മദ്യ-രാസലഹരിയുടെ ഉപയോഗം തന്നെ.

മദ്യവർജനമാണ് തങ്ങളുടെ നയമെന്ന് പ്രഖ്യാപിച്ച് നയരേഖയുണ്ടാക്കി തെരഞ്ഞെടുപ്പിൽ മത്സരിച്ച ജനപ്രതിനിധികൾ മദ്യവർജനത്തിനുവേണ്ടി ഒരു ചെറുവിരൽപോലും അനക്കുന്നില്ല എന്നതാണ് പരമാർത്ഥം. ഏഴു വർഷം മുമ്പ് 29 ബാറുകളുണ്ടായിരുന്ന ഈ സംസ്ഥാനത്ത് 751 ബാറുകളാണിന്നുള്ളത്. യഥേഷ്ടം ബിവിറേജ് ഔട്ട്ലറ്റുകളും IT മേഖലകളിൽ പബ്ബുകളും ആരംഭിച്ചതും പഴച്ചാറിൽ നിന്ന് മദ്യം ഉൽപാദിപ്പിച്ചതും അവസാനമായി നിത്യോപയോഗ സാധനങ്ങൾ ലഭിച്ചിരുന്ന സിവിൽ സപ്ലൈ കടകൾവരെ വിപണന കാര്യങ്ങൾ എത്തിച്ചതും ഉത്തരവാദിത്തപ്പെട്ടവർ തന്നെ. 2023 മെയ്മാസം കൊച്ചി പുറംകടലിൽ നിന്ന് 15,000 കോടിയുടെ രാസലഹരി എൻ.സി.ബി.യും നാവികസേനയും സംയുക്തമായി പിടിച്ചെടുത്തു. ഇതുപോലെ ദിനംപ്രതി കടൽ, കര, വ്യോമ മാർഗ്ഗങ്ങളിലൂടെ കോടിക്കണക്കിന് രാസലഹരി നിർബാധം ഒഴുകുന്നു. ഇതിനെ നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ നാട് ഭ്രാന്താലയമാകും.

മദ്യ-ലഹരി വിരുദ്ധ സമിതിയുടെ രജതജൂബിലി വർഷത്തിൽ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സമിതി തീരുമാനിച്ചിട്ടുണ്ട്. കെ.സി.ബി.സി.യുടെ വിവിധ കമ്മീഷനുകൾവഴി നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന മദ്യവിരുദ്ധ പ്രവർത്തനങ്ങൾ അതാതു കമ്മീഷനുകൾ ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്. നമ്മുടെ കുടുംബങ്ങൾ, ഇടവക, സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തുക, ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിക്കുക, മദ്യ-ലഹരിവിരുദ്ധ സന്ദേശയാത്ര, മദ്യവിരുദ്ധ പ്രാർത്ഥനാ സമ്മേളനങ്ങൾ ഇവയൊക്കെ അതിനു ഏതാനും ഉദാഹരണങ്ങൾ മാത്രം. കേരളത്തിൽ മദ്യ-ലഹരി വിമുക്ത സമൂഹം രൂപപ്പെടുത്തുവാൻ ശക്തമായി പ്രവർത്തിക്കാൻ കഴിയുന്നത് കേരള കത്തോലിക്കാ സഭയ്

ക്കാണ്. വിദ്യാഭ്യാസം, ആതുര ശുശ്രൂഷ, സാമൂഹ്യസേവനം തുടങ്ങിയ മേഖലകളിൽ നാം ഫലപ്രദമായും ക്രിയാത്മകമായും പ്രവർത്തിക്കുന്നതുപോലെ നമ്മുടെ സമൂഹത്തിൽ നാശംവിതയ്ക്കുന്ന മദ്യവും രാസലഹരിയും നിർത്തലാക്കാൻ നമുക്ക് പരിശ്രമിക്കാം. ഈ ലക്ഷ്യം നേടിയെടുക്കാൻ നമുക്ക് കൂട്ടായി പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

**ബിഷപ്പ് യുഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി).

**ബിഷപ്പ് ആർ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി).

**ബിഷപ്പ് സെബാസ്ത്യൻ വാണിയപുരയ്ക്കൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി).

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി.,
കൊച്ചി - 682 023

---

NB: ഈ സർക്കുലർ 2024 ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.

# കച്ചേരിക്കാര്യം

**1. സകല മരിച്ചവരുടെയും ഓർമ്മ : ഫെബ്രുവരി 9**

ദനഹാക്കാലത്തെ അവസാനത്തെ വെള്ളിയാഴ്ചയായ 2024 ഫെബ്രുവരി 9-ാം തീയതിയാണ് സകല മരിച്ചവരുടെയും ഓർമ്മ ദിനം. ഇടവകയിൽ ഈ ദിനം പ്രത്യേകമായി ആചരിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്.

**2. ആഗോളരോഗീദിനം - ഫെബ്രുവരി 11**

ലൂർദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11-ാം തീയതിയാണ് സഭയിൽ രോഗീദിനമായി ആചരിക്കുന്നത്. ഈ ദിവസമോ മറ്റേതെങ്കിലും ദിവസമോ രോഗീദിനമായി ഇടവകയിൽ ആചരിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**3. തിരുബാലസഖ്യദിനം**

ആഗോളസഭ ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച തിരുബാലസഖ്യദിനമായി ആചരിക്കുകയാണല്ലോ. അന്നേദിവസം വിശുദ്ധ കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച ലോകമെമ്പാടുമുള്ള അനാഥക്കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും അവരുടെ വിദ്യാഭ്യാസത്തിനുമായി നൽകുന്നതിന് 2024 മാർച്ച് 15-ാം തീയതിക്കു മുമ്പായി ഫിനാൻസ് ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

**4. മദ്യവിരുദ്ധ ഞായർ - ഫെബ്രുവരി 25**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ഫെബ്രുവരി 25 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. അന്നേദിവസം വി. കുർബാന

മദ്ധ്യേ എടുക്കുന്ന പ്രത്യേകപിരിവ് മദ്യവിരുദ്ധപ്രവർത്തനങ്ങൾക്കുള്ളതാണ്. ലഭിക്കുന്ന തുക 2024 മാർച്ച് 15-ാം തീയതിക്കകം ഫിനാൻസ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

### 5. വലിയനോമ്പ്

ഈ വർഷത്തെ വലിയനോമ്പ് ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച പാതിരാ മുതൽ ആരംഭിക്കും. നോമ്പുദിവസങ്ങളിൽ മാംസവർജ്ജനത്തിലൂടെയും ഉപവാസത്തിലൂടെയും പരിഹാരചൈതന്യം പുലർത്തുവാൻ എല്ലാവരും പരിശ്രമിക്കേണ്ടതാണ്. വലിയനോമ്പിനോടനുബന്ധിച്ച് ദിവ്യകാരുണ്യ ആരാധനയും ധ്യാനങ്ങളും കുരിശിന്റെവഴിയും വചനശുശ്രൂഷയും ഇടവകകളിൽ ക്രമവത്ക്കരിക്കുന്നതിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. നോമ്പ് ആരംഭിക്കുന്ന തിങ്കളാഴ്ച ഉപവാസദിനമാണെന്നു പള്ളിയിൽ അറിയിക്കേണ്ടതാണ്.

### 6. വിവാഹാഘോഷം മുടക്ക്

തിരുസഭയുടെ പാരമ്പര്യം അനുസരിച്ചുകൊണ്ടും ആരാധനക്രമവത്സരത്തിലെ നോമ്പുകാലത്തിന്റെ പരിഹാരചൈതന്യം ഉൾക്കൊണ്ടുകൊണ്ടും വലിയ നോമ്പിന്റെ ആദ്യതിങ്കളാഴ്ച മുതൽ പീഡാനുഭവശനിയാഴ്ച ഉൾപ്പെടെയുള്ള ദിവസങ്ങളിൽ മനസ്സമ്മതവും വിവാഹവും നടത്തുവാൻ പാടില്ലാത്തതാകുന്നു.

### 7. മാസധ്യാനവും വൈദിക സമ്മേളനവും

ലോറേഞ്ചിലെ വൈദികരുടെ മാസധ്യാനവും വൈദിക സമ്മേളനവും 2024 ഫെബ്രുവരി 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളിയിൽ വച്ചും ഹൈറേഞ്ചിലെ വൈദികരുടെ മാസധ്യാനവും വൈദിക സമ്മേളനവും അന്നേ ദിവസം വൈകിട്ട് 5 മണിക്ക് അണക്കര PAC യിൽ വച്ചും നടത്തുന്നതാണ്. എല്ലാ വൈദികരും മാസധ്യാനത്തിലും വൈദിക സമ്മേളനത്തിലും പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**8. ഇടയകൂടാരം**

വൈദികരുടെ തുടർപരിശീലന പരിപാടിയായ ഇടയകൂടാരം ഏപ്രിൽ 22 തിങ്കളാഴ്ച വൈകുന്നേരം 5 മണി മുതൽ ഏപ്രിൽ 24 ബുധനാഴ്ച വൈകുന്നേരം 4 മണി വരെ വാഴൂർ അനുഗ്രഹ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു. ദ്വിദിന പരിശീലന പരിപാടിയിൽ അനുഗ്രഹ റിന്യൂവൽ സെന്ററിൽ താമസിച്ച് പൂർണ്ണമായും പങ്കെടുക്കേണ്ടതിനാൽ ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി നടത്തേണ്ടതാണ്.

1. റവ. ഫാ. കോട്ടൂർ ആന്റണി
2. റവ. ഫാ. വാഴയിൽ കുര്യൻ
3. റവ. ഫാ. പുൽത്തകിടിയേൽ ജോസഫ്
4. റവ. ഫാ. വടക്കേടത്ത് കുര്യാക്കോസ്
5. റവ. ഫാ. മറ്റത്തിൽ സ്കറിയ
6. റവ. ഫാ. തൈച്ചേരിൽ ജേക്കബ്
7. റവ. ഫാ. കിഴക്കയിൽ മൈക്കിൾ
8. റവ. ഫാ. പുത്തൻപുരയ്ക്കൽ ആന്റണി
9. റവ. ഫാ. കണ്ടപ്ലാക്കൽ തോമസ്
10. റവ. ഫാ. താഴത്തുവീട്ടിൽ സെബാസ്റ്റ്യൻ
11. റവ. ഫാ. കിളികൊത്തിപ്പാറ വർഗീസ്
12. റവ. ഫാ. പുള്ളോലിക്കൽ സ്റ്റനിസ്ലാവോസ്
13. റവ. ഫാ. കാഞ്ഞിരക്കാട്ട് തോമസ്
14. റവ. ഫാ. ശൗര്യാംകുഴി മാത്യു
15. റവ. ഫാ. പരിന്തിരിക്കൽ തോമസ്

---

PWA അംഗങ്ങൾ ബഹുമാനപ്പെട്ട തോമസ് പിണമറുകിൽ അച്ചന്റെ ആത്മശാന്തിക്കായി ഒരു പരിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.

# റവ. ഫാ. തോമസ് പിണമറുകിൽ

## അനുസ്മരണം



പൗരോഹിത്യ ജീവിതത്തിന്റെ സംതൃപ്തി വെളിവാക്കുന്ന പ്രസന്ന മുഖഭാവത്തോടെ ദൈവസന്നിധിയിൽ വ്യാപരിച്ച താപസനാണ് പിണമറുകിൽ ബഹുമാനപ്പെട്ട തോമസച്ചൻ. തനിക്കേല്പ്പിക്കപ്പെട്ട ശുശ്രൂഷകൾ തീക്ഷ്ണതയോടെ നിർവ്വഹിച്ച വന്ദ്യവൈദികനാണ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിരിക്കുന്നത്.

ചെങ്ങളം ഇടവകയിൽ പിണമറുകിൽ മത്തായി - മറിയം ദമ്പതികളുടെ എട്ടു മക്കളിൽ ഇളയവനായി 1933 ജൂലൈ മൂന്നിന്, മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാളിൽ, ബഹു. തോമസച്ചൻ ജാതനായി. ചെങ്ങളം സെന്റ് ആന്റണീസ് സ്കൂളിലും വിളക്കുമാടം സെന്റ് ജോസഫ്സ് ഹൈസ്കൂളിലും പാലാ സെന്റ് തോമസ് കോളേജിലുമുള്ള വിദ്യാഭ്യാസത്തിന് ശേഷം അദ്ദേഹം പാറേൽ സെമിനാരിയിൽ വൈദികവിദ്യാർത്ഥിയായി ചേർന്നു. ആലുവാ സെമിനാരിയിൽ തത്വശാസ്ത്ര - ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തീകരിച്ച് 1963 മാർച്ച് 11 ന് ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ചു.

ഹൈറേഞ്ചിലെ മുണ്ടിയെരുമ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യനിയമനം. അവിടെ രണ്ടുവർഷത്തെ അജപാലന ശുശ്രൂഷയ്ക്കൊടുവിൽ അച്ചൻ കുടുക്കവള്ളി എസ്റ്റേറ്റിലേക്ക് മാനേജരായി നിയമിക്കപ്പെട്ടു. മിശിഹായുടെ ശരീരത്തിലെ അവയവങ്ങളുടെ വിവിധ ജോലികളിൽ തന്റെ മേഖല തികച്ചും വ്യത്യസ്തമാണെന്ന തിരിച്ചറിവോടെ വിശ്വസ്ത കാര്യസ്ഥനായി എസ്റ്റേറ്റിൽ അച്ചൻ വർഷങ്ങൾ പിന്നിട്ടു. ധീരതയും മഹാമനസ്കതയും ചേർത്തുവച്ച ആ ധന്യജീവിതം തൊഴിലുടമ - തൊഴിലാളി ബന്ധത്തിന്റെ വിജയഗാഥയായി മാറുകയും ചെയ്തു.

കുടുക്കവള്ളിയിലായിരുന്ന പല അവസരങ്ങളിലായി ഇടമൺ, പ്ലാച്ചേരി, കണ്ണിമല, പഴയകൊരട്ടി, മുക്കൂട്ടുതറ, പുഞ്ചവയൽ, പാണപിലാവ് ഇടവകകളിൽ ഉദാത്തമായ അജപാലന ശുശ്രൂഷ നിർവ്വഹിച്ചിട്ടുണ്ട്. ആവശ്യങ്ങൾ മനസ്സിലാക്കി അജപാലനശുശ്രൂഷ യിൽ എവിടെയും സഹായിക്കുന്നതിന് അച്ചൻ സദാ സന്നദ്ധനായി രുന്നു. പുണ്യശ്ലോകനായ അഭിവന്ദ്യ മാർ മാത്യു കാവുകാട്ട് പിതാവ് കുടുക്കവള്ളിയിൽ നിയമിച്ചുകൊണ്ട് നല്കിയ പത്തേന്തിയിൽ 51 വർഷം ശുശ്രൂഷ നിർവ്വഹിച്ച അച്ചൻ 2016-ൽ വിശ്രമജീവിതത്തി ലേക്ക് പ്രവേശിച്ചു. ദീർഘനാളായി മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ പരിചരണത്തിലായിരുന്നു. 2024 ജനുവരി 12-ാം തീയതി അച്ചൻ സ്വർഗ്ഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ടു. ജനു വരി 15-ാം തീയതി ചെങ്ങളം ഇടവകയുടെ സിമിത്തേരിയിൽ സംസ്ക്കരിച്ചു.

വിജ്ഞാനവും നർമ്മവും കലർന്ന സംഭാഷണ ശൈലി എല്ലാ വർക്കും അദ്ദേഹത്തെ പ്രിയംകരനാക്കിയിരുന്നു. പക്വമതിയും വിവേകി യുമായ അച്ചന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സഹവൈദി കർക്ക് എന്നും സഹായവും പ്രചോദനവുമായിരുന്നു.

സമ്പൂർണ്ണ സമർപ്പിതമായ അച്ചന്റെ വൈദിക ജീവിതം സ്വർഗ്ഗ രാജ്യത്തിൽ മഹത്ത്വപ്പെടുന്നതിനിടയാകട്ടെ. കാഞ്ഞിരപ്പള്ളി രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകൾ.

# പീരുമേട് ഡെയർ (DARE)

## ഇനി മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ

സ്നേഹമുള്ളവരേ,

കാഞ്ഞിരപ്പള്ളി രൂപതയുടെ നേതൃത്വത്തിൽ പീരുമേട്ടിൽ കഴിഞ്ഞ മുപ്പത്തിയഞ്ചു വർഷമായി പ്രവർത്തിച്ചു വരുന്ന വിമുക്തി ശുശ്രൂഷാകേന്ദ്രമാണ് ഡെയർ (DARE). പരേതനായ ബഹു. ഏബ്രഹാം പറമ്പിൽ അച്ചനാണ് സ്ഥാപക ഡയറക്ടർ. 'സമഗ്രാരോഗ്യ സുസ്ഥിതി' എന്ന ലക്ഷ്യത്തോടെ ഇനിമുതൽ ഈ സ്ഥാപനം ഏറ്റെടുത്ത് നടത്തുന്നത് മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് ആയിരിക്കും എന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. ഈ സ്ഥാപനത്തിൽ ഇനിമുതൽ ലഭ്യമാകുന്ന സേവനവിവരങ്ങൾ താഴെ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

ഡെയറിന്റെ പുനർ സമർപ്പണവും കോൺവെന്റ് വെഞ്ചരിപ്പും കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവും മുൻ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവും ചേർന്ന് നിർവഹിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലില്ലി ജോസഫ്, വൈദികർ, സന്യസ്തർ, അഭ്യുദയകാംക്ഷികൾ എന്നിവർ സന്നിഹിതരായിരുന്നു. ജനുവരി മാസം അവസാനത്തോടെ സെന്റർ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇവിടെ ലഭ്യമായ വ്യത്യസ്ത സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് എല്ലാവരെയും ക്ഷണിക്കുന്നു.

Wholistic Healthcare രംഗത്ത് ഔപചാരികമായി പരിശീലനം നേടിയ ഡോക്ടർമാരുടെയും തെറപ്പിസ്റ്റ്കളുടെയും മേൽനോട്ടത്തിൽ താഴെപ്പറയുന്ന മരുന്നു രഹിത ചികിത്സകളും സേവനങ്ങളും ഇവിടെ ലഭ്യമാകുന്നതാണ്.

1) കൗൺസിലിംഗ് (Individual, Family, Youth, Children).

2) പ്രകൃതി ചികിത്സ (Naturopathy).

3) കൈറോപ്രാക്ടിക്സ് (Chiropractics).

4) സ്പിരിചൽ കൗൺസിലിംഗ്.

5) യോഗ, മെഡിറ്റേഷൻ.

6) അക്യുപക്ചർ, അക്യുപ്രഷർ.

7) പുതിയ ആരോഗ്യസംസ്കാരത്തിന് ഉതകുന്ന മറ്റു പരിശീലനങ്ങൾ, ചികിത്സകൾ.

Contact: സി. ഗ്രേസി MMS, +91 9487591314 / 9446674170

ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ
സിഞ്ചെല്ലൂസ്



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. തോമസ് ചിന്താർമണിയിൽ | 12,500/- |
| റവ. ഫാ. അഭിലാഷ് മണ്ണിപ്പറമ്പിൽ | 11,500/- |
| റവ. ഫാ. ജെയിംസ് ഇലഞ്ഞിപ്പുറം | 1,20,000/- |
| റവ. ഫാ. മനോജ് പാലക്കുടി | 1,32,000/- |

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
(പ്രസിഡന്റ്)

---

## സ്നേഹസ്മരണയ്ക്ക്



റവ. ഫാ. ജോസഫ് കുരീക്കാട്ട് (25.07.1905 – 04.02.1979)



റവ. ഫാ. ജോസഫ് ഇരുപ്പക്കാട്ട് (12.05.1930 – 11.02.2011)



റവ. ഫാ. ജോർജ് കാപ്പിലിപറമ്പിൽ (14.02.1962 – 20.02.2011)



റവ. ഫാ. ഫിലിപ്പ് കുന്നപ്പള്ളി (04.12.1914 – 26.02.2002)

# അജപാലനോത്തേജന വിഭാഗം

## കുടുംബക്കൂട്ടായ്മ പ്രാർത്ഥന സഹായി

കുടുംബക്കൂട്ടായ്മകളിലെ ഉപയോഗത്തിനായി റംശ നമസ്കാരത്തിന്റെ ഘടനയിൽ ക്രമീകരിച്ച പ്രാർത്ഥന സഹായിയുടെ രണ്ടാം പതിപ്പ് തയ്യാറായിട്ടുണ്ട്. കോപ്പിയൊന്നിന് 40/- രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. രൂപതയിലെ എല്ലാ കുടുംബക്കൂട്ടായ്മകളിലും പ്രസ്തുത പൊതുക്രമം പിന്തുടരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## എപ്പാർക്കിയൽ അസംബ്ലി മാർഗ്ഗരേഖ

2025 ഏപ്രിൽ മാസത്തിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന രൂപത അസംബ്ലിയുടെ മാർഗ്ഗരേഖ സംബന്ധിച്ചുള്ള ചർച്ച ജനുവരി 2, ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ പാസ്റ്ററൽ സെന്റർ കോൺഫറൻസ് ഹാളിൽ നടത്തപ്പെട്ടു. 2023 സെപ്റ്റംബർ മാസത്തിലെ പ്രിസ്ബിറ്ററൽ കൗൺസിലിൽ മാർഗ്ഗരേഖയുടെ പ്രാഥമിക ചർച്ചകൾ നടത്തിയിരുന്നു. ഇതിനെ തുടർന്നാണ് വൈദിക, സന്യസ്ത അത്മായ പ്രതിനിധികളെ ഒരുമിച്ചു ചേർത്ത് മാർഗ്ഗരേഖയുടെ ദർശനം സംബന്ധിച്ചുള്ള ചർച്ചകൾ സംഘടിപ്പിച്ചത്. രൂപത പ്രോട്ടോസിഞ്ചെല്ലൂസ് വെള്ളമറ്റം ഏറ്റവും ബഹുമാനപ്പെട്ട ജോസഫച്ചൻ വിഷയാവതരണം നടത്തി സംവാദത്തിന് നേതൃത്വം നല്കി. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ആമുഖ സന്ദേശം നല്കി. മാർഗ്ഗരേഖയുടെ പുരോഗതിയിൽ ശ്രദ്ധിക്കേണ്ട വിവിധ തലങ്ങളെ സംബന്ധിച്ച് നടത്തപ്പെട്ട സംവാദത്തെ തുടർന്ന് ഉച്ചഭക്ഷണത്തോടെ യോഗം സമാപിച്ചു.

## രൂപത റിസോഴ്സ് ടീം സംഗമം

രൂപത റിസോഴ്സ് ടീമംഗങ്ങളുടെ യോഗം ജനുവരി 14, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ പാസ്റ്ററൽ സെന്റർ കോൺഫറൻസ് ഹാളിൽ നടത്തപ്പെട്ടു. ക്രൈസ്തവ വിശ്വാസം സകല സാഹചര്യങ്ങളോടും സംവദിക്കുന്നതിന് കരുത്തുള്ളതാണെന്ന വിഷയത്തെ അധികരിച്ച് താമരശ്ശേരി ഏറ്റവും ബഹുമാനപ്പെട്ട കുര്യനച്ചൻ ക്ലാസ് നയിച്ചു. ക്ലാസ്, ചർച്ച എന്നിവയെ തുടർന്ന് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ഏറ്റവും ബഹുമാനപ്പെട്ട കൂരിയ അംഗങ്ങൾ, വിശ്വാസജീവിത പരിശീലന കേന്ദ്രം ഡയറക്ടർ വട്ടയത്തിൽ ബഹുമാനപ്പെട്ട ഫിലിപ്പച്ചൻ എന്നിവരുടെ സാന്നിധ്യത്തിൽ പരിശീലന പരിപാടികളുടെ റിപ്പോർട്ട് റിസോഴ്സ് ടീമംഗങ്ങൾ അവതരിപ്പിച്ചു. വിശ്വാസജീവിതപരിശീലകർക്കുള്ള 'തെളിച്ചം', കുടുംബക്കൂട്ടായ്മ ലീഡേഴ്സിനുള്ള 'വഴിവെളിച്ചം' പരിശീലന പരിപാടികളെ തുടർന്ന് ഇടവകകളിൽ നടത്തപ്പെട്ട ചർച്ചകളുടെ റിപ്പോർട്ടാണ് റിസോഴ്സ് ടീമംഗങ്ങൾ അവതരിപ്പിച്ചത്. റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ അഭിവന്ദ്യ പിതാവ് സംസാരിക്കുകയും വിവിധ മേഖലകളിൽ ഒരുമിച്ചു നിന്ന് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ഓർമിപ്പിക്കുകയും ചെയ്തു.

## ജനറൽ/പ്രൊവിൻഷ്യൽ ടീമംഗങ്ങളുടെ സംഗമം

രൂപതാതിർത്തിയിൽ ജനറൽ/പ്രൊവിൻഷ്യൽ ഹൗസുകളുള്ള സന്യാസിനി സമൂഹങ്ങളുടെ ജനറൽ/പ്രൊവിൻഷ്യൽ ടീമംഗങ്ങളുടെ സംഗമം ജനുവരി 23, ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.15 മുതൽ നടത്തപ്പെട്ടു. ക്രൈസ്തവവിശ്വാസത്തിന്റെ അനന്യതയെ അധികരിച്ച് താമരശ്ശേരി ഏറ്റവും ബഹുമാനപ്പെട്ട കുര്യനച്ചൻ നയിച്ച രണ്ട് മണിക്കൂർ ദൈർഘ്യമുള്ള ക്ലാസും തുടർന്ന് ചർച്ചയുമാണ് നടത്തപ്പെട്ടത്. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ്, ഏറ്റവും ബഹുമാനപ്പെട്ട കൂരിയ അംഗങ്ങൾ, ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ ഓലിക്കൽ ബഹുമാനപ്പെട്ട മാത്യു അച്ചൻ എന്നിവരുടെ സാന്നിധ്യത്തിൽ അജപാലന, സാമൂഹ്യസേവനമേഖലകളിലെ പരസ്പരം സഹകരിച്ചുള്ള ഇടപെടലുകൾ സംബന്ധിച്ച് സംവാദം നടത്തപ്പെട്ടു.

## നവവൈദികർക്ക് സ്വീകരണവും പരിശീലന പരിപാടിയും

രൂപതയിലെ നവവൈദികർക്കുള്ള സ്വീകരണം ജനുവരി 23 ചൊവ്വാഴ്ച വൈകുന്നേരം പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്ത, മാർ ജോസ് പുളിക്കൽ, മാർ മാത്യു അറയ്ക്കൽ, പാസ്റ്ററൽ സെന്ററിലെ വൈദികർ, സന്യസ്തർ, വൈദികവിദ്യാർത്ഥികൾ എന്നിവർ നവവൈദികർക്ക് ആശംസകൾ നേർന്ന് അത്താഴവിരുന്നിൽ പങ്കെടുത്തു. ജനുവരി 23 ചൊവ്വാഴ്ച വൈകുന്നേരം മുതൽ ജനുവരി 25 വ്യാഴാഴ്ച വൈകുന്നേരം 4 മണി വരെ നവവൈദികർക്കുള്ള പരിശീലന പരിപാടി നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ആമുഖമായി നവവൈദികരോട് സംസാരിക്കുകയും അവരെ ശ്രവിക്കുകയും ചെയ്തു. സാമൂഹികം, സാമ്പത്തികം, വിശ്വാസപരിശീലനം, കുടുംബപ്രേഷിതത്വം, അജപാലനോത്തേജനം, യുവജനപ്രേഷിതത്വം, ആരാധനക്രമം, മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി, പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റി, കോർപ്പറേറ്റ് സ്കൂളുകൾ, ജീവകാരുണ്യം, അജപാലനശൈലി എന്നീ വിഷയങ്ങളെ അധികരിച്ച് യഥാക്രമം ഏറ്റവും ബഹുമാനപ്പെട്ട വൈദികരായ മണ്ണംപ്ലാക്കൽ ബോബി അലക്സച്ചൻ, താമരശ്ശേരി കുര്യനച്ചൻ, തടത്തിൽ ഫിലിപ്പച്ചൻ, വട്ടയത്തിൽ ഫിലിപ്പച്ചൻ, ഓലിക്കൽ മാത്യു അച്ചൻ, പുള്ളോലിക്കൽ സ്റ്റാൻലി അച്ചൻ, കൊച്ചുപുരക്കൽ വർഗീസച്ചൻ, മുതുപ്ലാക്കൽ സെബാസ്റ്റ്യനച്ചൻ, മറ്റമുണ്ടയിൽ തോമസച്ചൻ, കുന്നത്തുപുരയിടം തോമസച്ചൻ, അയലൂപറമ്പിൽ ഡൊമിനിക്കച്ചൻ, വടക്കേൽ മാത്യു അച്ചൻ, കൊല്ലംകുന്നേൽ സെബാസ്റ്റ്യനച്ചൻ എന്നിവർ ക്ലാസ് നയിച്ചു. രൂപത PWA സംബന്ധിച്ച് വെള്ളിയാംകുളം മാർട്ടിനച്ചൻ സംസാരിച്ചു. ആരോഗ്യ ഇൻഷുറൻസ് സംബന്ധിച്ച് ശ്രീ. ജോബി സംസാരിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് വെള്ളമറ്റം ഏറ്റവും ബഹുമാനപ്പെട്ട ജോസഫച്ചൻ സമാപനസന്ദേശം നല്കുകയും പരിശീലന പരിപാടിയെക്കുറിച്ചുള്ള വിലയിരുത്തൽ നവവൈദികരിൽ നിന്നും ശ്രവിക്കുകയും ചെയ്തു.

**രൂപതാദിനം**

മെയ് 13 ന് നടത്തപ്പെടുന്ന രൂപതാദിനത്തിനൊരുക്കമായി ആതിഥേയ ഫൊറോനാ വൈദികരുടെ സമ്മേളനം എരുമേലിയിൽ നടത്തപ്പെട്ടു. ജനുവരി 24, ബുധനാഴ്ച വൈകുന്നേരം എരുമേലിയിൽ നടത്തപ്പെട്ട വൈദികസമ്മേളനത്തിൽ വെള്ളമറ്റം ഏറ്റവും ബഹുമാനപ്പെട്ട ജോസഫച്ചൻ, പുള്ളോലിക്കൽ സ്റ്റാൻലി അച്ചൻ എന്നിവർ സംബന്ധിച്ചു. ക്രമീകരണങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ നടത്തുകയും വിവിധ കമ്മറ്റികൾ രൂപീകരിക്കുകയും ചെയ്തു.

**ജീവൻ ദശാംശശേഖരണം**

ഉയിർപ്പ് തിരുനാളിനോടനുബന്ധിച്ച് നടത്തപ്പെടുന്ന ജീവൻ ദശാംശ ശേഖരണത്തിനുള്ള ഫോമുകൾ ഓശാന ഞായറാഴ്ചയ്ക്കു മുമ്പ് ഇടവകകളിൽ എത്തിക്കുന്നതാണ്.

**അക്കൗണ്ട് വിവരങ്ങൾ സംബന്ധിച്ച്**

കുടുംബക്കൂട്ടായ്മ പ്രാർത്ഥന സഹായി, ആരാധനവത്സര കലണ്ടർ എന്നിവയിൽ ഓരോന്നിനും പ്രത്യേക അക്കൗണ്ടുകളാണുള്ളത്. നിർദ്ദേശിച്ചിരിക്കുന്ന അക്കൗണ്ടിലേയ്ക്ക് മാത്രം തുക ട്രാൻസ്ഫർ ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ആരാധനവത്സര കലണ്ടറിന്റെ തുക കൈമാറുന്നതിനുള്ള അക്കൗണ്ട്

A/c Name : Diocese of Kanjirapally<br>
Department of Pastoral Animation<br>
A/c No. 10310100264341<br>
Federal Bank<br>
Kanjirapally Branch<br>
IFSC : FDRL0001031

# റെയിൻബോ 2021

റെയിൻബോ കമ്മറ്റിയുടെ ഒരു യോഗം ജനുവരി 24 ബുധനാഴ്ച വൈകുന്നേരം 4 മണി മുതൽ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. റെയിൻബോ പദ്ധതി കണക്കുകൾ സംബന്ധിച്ച് പ്രൊക്കുറേറ്റർ തടത്തിൽ ഏറ്റവും ബഹുമാനപ്പെട്ട ഫിലിപ്പച്ചൻ വിശദീകരിച്ചു. നിലവിലുള്ള പുരോഗതി വിലയിരുത്തുകയും ഭാവിപരിപാടികൾ ആലോചിക്കുകയും ചെയ്ത യോഗത്തിൽ വികാരി ജനറാളും റെയിൻബോ ജനറൽ കൺവീനറുമായ മണ്ണംപ്ലാക്കൽ ബോബി അലക്സച്ചൻ അധ്യക്ഷം വഹിച്ചു.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ജനറൽ കോർഡിനേറ്റർ**

---

## അജപാലനോത്തേജന വിഭാഗം

കുടുംബക്കൂട്ടായ്മ പ്രാർത്ഥന സഹായിയുടെ തുക കൈമാറുന്നതിനുള്ള അക്കൗണ്ട്

Department of Liturgy
A unit of Diocese of Kanjirapally
A/c No : 10310100294439
Federal Bank, Kanjirapally Branch
IFSC : FDRL0001031

അക്കൗണ്ട് ട്രാൻസ്ഫറിനു ശേഷം വിളിച്ചറിയിക്കുന്നതിന് ശ്രദ്ധിക്കുമല്ലോ. (Ph : 9645674443, 9496033110)

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

**ഫെബ്രുവരി മാസത്തെ കർമ്മപരിപാടികൾ**

| | |
|---|---|
| 3,4 ശനി, ഞായർ | ലൈഫ് ലൈൻ (8–ാം ക്ലാസിലെ കുട്ടികൾക്ക്) അണക്കര, മുണ്ടിയെരുമ ഫൊറോനകൾ<br>സ്ഥലം : പുളിയന്മല<br>3–ാം തീയതി 9.30 a.m. മുതൽ 4.00 p.m. വരെയും<br>4–ാം തീയതി 9.30 a.m. മുതൽ 4.00 p.m. വരെയും |
| 7 ബുധൻ | സെന്റ് തോമസ് വിഭാഗത്തിന്റെ വാർഷിക പരീക്ഷയുടെയും 4 മുതൽ 9 വരെ ക്ലാസുകളിലെ മത്സര പരീക്ഷയുടെയും ചോദ്യ പേപ്പർ ഫൊറോന കേന്ദ്രങ്ങളിൽ എത്തിക്കുന്നു. |
| 10 ശനി | C.T. C ക്ലാസ് (മരിയൻ കോളേജ് കുട്ടിക്കാനം) |
| 11 ഞായർ | സെന്റ് തോമസ് വിഭാഗത്തിന്റെ വാർഷിക പരീക്ഷയും (1.30 pm - 4.00 pm) 4 മുതൽ 9 വരെ ക്ലാസുകളിലെ മത്സരപരീക്ഷയും. (1.30 pm - 3.30 pm) |
| 12 തിങ്കൾ | വിഭൂതി, നോമ്പാരംഭം, ഉപവാസദിനം |
| 24 ശനി | വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ |
| 25 ഞായർ | ഉത്ഥാനോത്സവ അധ്യാപക പരിശീലനം; റാന്നി പത്തനംതിട്ട ഫൊറോനകൾ. സിറ്റഡൽ സ്കൂൾ, റാന്നി. (10.00 am - 3.30 pm) |

: 10, 12 ക്ലാസുകളിലെ പഠനവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള പ്രത്യേക പരീക്ഷയിൽ പങ്കെടുക്കേണ്ടവരുടെ രജിസ്ട്രേഷനുള്ള അവസാന തീയതി.

26 തിങ്കൾ കാഞ്ഞിരപ്പള്ളി രൂപതയുടെ സ്ഥാപനം (1977)

: 11-ാം ക്ലാസിന്റെ വാർഷിക പരീക്ഷയുടെ മാർക്ക്, പ്രോജക്ടിന്റെ മാർക്ക്, പ്രോജക്റ്റ് എന്നിവ കേന്ദ്രഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി.

## വാർഷിക പരീക്ഷ, സ്കോളർഷിപ്പ് പരീക്ഷ

ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.00 pm വരെ സെന്റ് തോമസ് (10, 11 ,12 ക്ലാസുകൾ) വിഭാഗത്തിന്റെ വാർഷിക പരീക്ഷയും 1.30 pm മുതൽ 3.30 pm വരെ 4 മുതൽ 9 വരെ ക്ലാസുകളിലെ മത്സരപരീക്ഷയും നടത്തുന്നതാണ്. നിശ്ചയിച്ചിരിക്കുന്ന സമയത്ത് മാത്രമേ പരീക്ഷ നടത്താവൂ എന്ന കാര്യം പ്രത്യേകം ഓർമിപ്പിക്കുന്നു. വിശ്വാസപരിശീലന പരീക്ഷയിൽ സഹായിയെ (scribe) ഉപയോഗിച്ച് എഴുതുന്ന സംവിധാനം ഇല്ല എന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

## പഠനവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള പ്രത്യേക പരീക്ഷ

10, 12 ക്ലാസുകളിൽ പഠിക്കുന്ന, പഠനവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ഹൈറേഞ്ചിലും ലോറേഞ്ചിലും പ്രത്യേകം പ്രത്യേകം പരീക്ഷ നടത്തുന്നതാണ്. ഇതിൽ പങ്കെടുക്കുന്നതിന് പ്രത്യേക രജിസ്ട്രേഷൻ നടത്തേണ്ടതുണ്ട്. (ഫോർമാറ്റ് പിന്നീട് നൽകുന്നതാണ്). പഠനവെല്ലുവിളി തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്,

വികാരിയച്ചന്റെ സാക്ഷ്യപത്രം എന്നിവ പ്രത്യേക പരീക്ഷയുടെ സമയത്ത് ഹാജരാക്കേണ്ടതാണ്.

## C.T.C.

C.T.C. 38-ാം ബാച്ചിന്റെ അടുത്ത ക്ലാസ്സ് ഫെബ്രുവരി 10-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 3.30 pm വരെ കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടത്തപ്പെടുന്നതാണ്.

## ജനുവരി ഡയറി

### H.D.C. ക്ലാസ്

ജനുവരി 2-ാം തീയതി ചൊവ്വാഴ്ച H.D.C. യുടെ ആറാമത്തെ ക്ലാസ് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനഗ്രന്ഥത്തെക്കുറിച്ച് ഫാ. ഡോ. ജെയിംസ് ചവറപ്പുഴ ക്ലാസ് എടുത്തു.

### C.T.C. ക്ലാസ്

സി.റ്റി.സി. 38 -ാം ബാച്ചിന്റെ 5-ാമത്തെ ക്ലാസ് ജനുവരി 13-ാം തീയതി ശനിയാഴ്ച കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടത്തപ്പെട്ടു. ഫാ. തോമസ് തെക്കേമുറി സഭാചരിത്രത്തെക്കുറിച്ച് ക്ലാസ് നയിച്ചു.

### ലൈഫ് ലൈൻ ക്യാമ്പ്

റാന്നി, പത്തനംതിട്ട ഫൊറോനകളിലെ 7, 8 ക്ലാസുകളിലെ കുട്ടികൾക്കായി ലൈഫ് ലൈൻ പ്രോഗ്രാം ജനുവരി 20-ാം തീയതി റാന്നി സിറ്റഡൽ സ്കൂളിൽ വച്ച് നടത്തപ്പെട്ടു.

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**ഫെബ്രുവരി മാസത്തെ കർമ്മപരിപാടികൾ**

17 ശനി – മിഷൻലീഗ് ശാഖാ ഭാരവാഹികളുടെ ലിസ്റ്റ് കേന്ദ്ര ഓഫീസിലും ഫൊറോനായിലും ഏൽപ്പിക്കേണ്ട അവസാന ദിവസം

**ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

**യൂണിറ്റ് തലം**

2024-2025 വർഷത്തേയ്ക്കുള്ള യൂണിറ്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഫെബ്രുവരി മാസത്തിൽ നടത്തേണ്ടതാണ്. ഫെബ്രുവരി 15-നുള്ളിൽ തെരഞ്ഞെടുപ്പ് നടത്തി 17-ാം തീയതിക്കുള്ളിൽ ലിസ്റ്റിന്റെ ഓരോ കോപ്പി രൂപതാ കേന്ദ്രത്തിലും ഫൊറോനാ വൈസ് ഡയറക്ടറുടെ (സിസ്റ്റർ) പക്കലും എത്തിക്കുക. ഒരു കോപ്പി ഇടവകയിൽ സൂക്ഷിക്കേണ്ടതാണ്. ഭാരവാഹികളുടെ പേരുവിവരം എഴുതാനുള്ള ഫോമുകൾ രൂപതാബുള്ളറ്റിനൊപ്പം ഇടവകയിൽ എത്തിക്കുന്നതാണ്.

**ഫൊറോനാതല ഇലക്ഷൻ**

2024-25 വർഷത്തേക്കുള്ള കുട്ടികളുടെ പ്രതിനിധികളായ ഭാരവാഹികളുടെ ഫൊറോനാതല തെരഞ്ഞെടുപ്പ് മാർച്ച് 17-ാം തീയതി ഞായറാഴ്ച നടത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. മാർച്ച് 24-നുള്ളിൽ ഫൊറോനാ ഭാരവാഹികളുടെ ലിസ്റ്റ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഒരു കോപ്പി ഫൊറോനാകേന്ദ്രത്തിൽ സൂക്ഷിക്കണം.

2023-24 അധ്യയനവർഷത്തിൽ 8-ാം ക്ലാസിൽ വിശ്വാസജീവി

തപരിശീലനം നടത്തുന്ന കുട്ടികളെ ഭാരവാഹികളായി തെരഞ്ഞെടുക്കുന്നത് ഉചിതമാണ്.

**മിശിഹാനുഭവധ്യാനം**

പത്താം ക്ലാസിൽ പഠനം പൂർത്തിയാക്കിയ കുട്ടികൾക്കുവേണ്ടി പ്രത്യേകം ക്രമീകരിച്ചിരിക്കുന്ന മിശിഹാനുഭവധ്യാനം ഏപ്രിൽ മാസത്തിൽ അണക്കര പി.എ.സി.യിലും തമ്പലക്കാട് എമ്മാനുവേൽ ധ്യാന കേന്ദ്രത്തിലും വച്ച് നടത്തുന്നതാണ്. അണക്കരയിൽ ആദ്യം രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന നൂറ് കുട്ടികൾക്കും തമ്പലക്കാട് ആദ്യം രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന നൂറ്റിഅൻപതു കുട്ടികൾക്കുമാണ് ഓരോ ധ്യാനത്തിലും പങ്കെടുക്കാൻ സാധിക്കുന്നത്. പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം ഫെബ്രുവരി 4 ഞായർ 4 മണിക്കുള്ളിൽ രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്. ഈ എണ്ണമനുസരിച്ചുള്ള രജിസ്ട്രേഷൻ ഫോമുകൾ വാർഷിക പരീക്ഷയുടെ ചോദ്യപേപ്പറിനൊപ്പം ഇടവകയിൽ എത്തിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 850 രൂപ. ഇതിൽ 400 രൂപ അഡ്വാൻസായി പൂരിപ്പിച്ച ഫോമിനൊപ്പം നൽകേണ്ടതാണ്. പൂരിപ്പിച്ച ഫോമും അഡ്വാൻസ് തുകയും ഫെബ്രുവരി 26 നുള്ളിൽ രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുന്നവരുടെ രജിസ്ട്രേഷൻ മാത്രമാണ് പരിഗണിക്കുന്നത്. ധ്യാനിക്കുന്ന കുട്ടികളോടൊപ്പം പത്താംക്ലാസിലെ അദ്ധ്യാപകരും ധ്യാനകേന്ദ്രത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

**ജനുവരി ഡയറി**

**ഇരുപത്തി ഏഴാമത് നിലയ്ക്കൽ തീർത്ഥാടനം**

ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്താറുള്ള നിലയ്ക്കൽ തീർത്ഥാടനം ജനുവരി 26-ാം തീയതി രാവിലെ 10 മണിക്ക് നിലയ്ക്കൽ - തുലാപ്പള്ളി മാർത്തോമ്മാശ്ലീഹാ പള്ളിയിൽ മാർ ജോസ് പുളിക്കൽ പിതാവിന്റെ തീർത്ഥാടനസന്ദേശത്തോടെ ആരംഭിച്ചു. രൂപതയിലെ നവവൈദികർ ആഘോഷപൂർവ്വമായ പരിശുദ്ധ കുർബാന അർപ്പിച്ചു. തിരുശേഷിപ്പു വണക്കത്തിനും നേർച്ചഭക്ഷണത്തിനും ശേഷം തീർത്ഥാടകർ നിലയ്ക്കൽ എക്യു

മെനിക്കൽ പള്ളിയിലേക്ക് പുറപ്പെട്ടു. ആങ്ങമൂഴിയിൽ നിന്നുള്ള ജപ മാലറാലി തുലാപ്പള്ളി വികാരി ബഹു. സെബാസ്റ്റ്യൻ ഉള്ളാട്ടച്ചൻ ഫ്ളാഗ് ഓഫ് ചെയ്തു. രൂപതാ പ്രസിഡന്റ് മാത്യു മരങ്ങാട്ട് പതാക ഏറ്റുവാങ്ങി. തീർത്ഥാടകർ നിലയ്ക്കൽ എക്യുമെനിക്കൽ പള്ളിയിൽ എത്തിയപ്പോൾ അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ബാബു മൈക്കിൾ OIC സമാപന പ്രാർത്ഥനയ്ക്കു കാർമ്മികത്വം വഹിച്ചു. തീർത്ഥാടനപരി പാടികൾക്ക് രൂപതാഡയറക്ടർ റവ. ഫാ. ഫിലിപ്പ് വട്ടയത്തിൽ, ജോയിന്റ് ഡയറക്ടർ റവ. ഫാ. ആന്റണി തുണ്ടത്തിൽ, റീജന്റ് ബ്രദർ ടോം ഓവേലിൽ, രൂപതാ വൈസ് ഡയറക്ടർ സി. റിറ്റാ മരിയ FCC, രൂപതാ - ഫൊറോനാ - ഇടവകതല ഭാരവാഹികൾ എന്നി വർ നേതൃത്വം നൽകി. തീർത്ഥാടനത്തിൽ പങ്കെടുത്ത എല്ലാ കുഞ്ഞു മിഷനറിമാർക്കും നേതൃത്വം നൽകിയ ബഹു. വൈദികർ, സന്യസ്തർ വിശ്വാസജീവിത പരിശീലകർ എന്നിവർക്കും തുലാപ്പള്ളി ഇടവകാം ഗങ്ങൾക്കും രൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**ഡിസംബർ 15 ന് ശേഷം മിഷൻ സന്ദേശ് തുക നൽകിയ ഇടവകകൾ**

| | | | | | |
|---|---|---|---|---|---|
| ഗ്രീൻവാലി | - | 25000 | കൊച്ചറ | - | 20000 |
| തേർഡ്ക്യാമ്പ് | - | 10000 | അമലഗിരി | - | 9000 |
| പത്തനംതിട്ട | - | 43000 | ചെമ്മണ്ണ് | - | 7000 |
| വണ്ടൻമേട് | - | 9800 | | | |

ഇനിയും ഏതാനും ഇടവകകൾകൂടി മിഷൻ സന്ദേശിന്റെ തുക നൽകാനുണ്ട്. അവർ എത്രയും വേഗം ആ തുക നൽകി സഹകരി ക്കുമല്ലോ.

**ഫാ. ആന്റണി തുണ്ടത്തിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ബൈബിൾ അപ്പോസ്തലേറ്റ്

**കുറഞ്ഞ വിലയിലുള്ള പി.ഒ.സി. ബൈബിൾ**

കേരളാ ബൈബിൾ സൊസൈറ്റിയിൽ അംഗത്വമുള്ളവർക്ക് വർഷം തോറും ലഭിക്കുന്ന കുറഞ്ഞ വിലയിലുള്ള ബൈബിളുകൾ എത്തിയിട്ടുണ്ട്. വാങ്ങാൻ ആഗ്രഹിക്കുന്ന സൊസൈറ്റി അംഗങ്ങൾ മാർച്ച് മാസം 1-ാം തീയതിക്കുമുമ്പായി ഓഫീസിൽ വിളിച്ച് അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. Office : 8589985736, Director : 9495606596

**ഈ മാസത്തിലെ പരിപാടികൾ**

**ബൈബിൾ ഭാഷാ പഠനം**

ബിബ്ലിക്കൽ ഗ്രീക്കിന്റെ ഇന്റസീവ് കോഴ്സ് 2024 ഫെബ്രുവരി 1-ാം തീയതിയും ബിബ്ലിക്കൽ ഹീബ്രുവിന്റെ ഇന്റസീവ് കോഴ്സ് ഫെബ്രുവരി 2-ാം തീയതിയും ആരംഭിക്കുന്നു. കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിലാണ് ക്ലാസുകൾ നടത്തപ്പെടുന്നത്.

**ഓൺലൈൻ ക്ലാസ് - ബൈബിളിന് ഒരു ആമുഖം**

ഫെബ്രുവരി 6-ാം തീയതി ചൊവ്വാഴ്ച രാത്രി 8 മണി മുതൽ 9 മണിവരെയുള്ള സമയത്ത്, ബൈബിളിന് ഒരു ആമുഖം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഓൺലൈൻ ക്ലാസുണ്ടായിരിക്കുന്നതാണ്. ഇതിനകം പേര് രജിസ്റ്റർ ചെയ്തവർക്കാണ് ഇതിൽ പങ്കെടുക്കാൻ കഴിയുന്നത്.

**ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സ്**

ഫെബ്രുവരി 10-ാം തീയതി ശനിയാഴ്ച ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സ് 2-ാം ബാച്ചിന്റെ 2-ാമത്തെ ക്ലാസും, ഫെബ്രുവരി 17-ാം തീയതി ശനിയാഴ്ച ആദ്യബാച്ചിന്റെ 2-ാമത്തെ ക്ലാസും നടത്തപ്പെടുന്നു. കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ രാവിലെ

10 മണിക്ക് ആരംഭിക്കുന്ന ക്ലാസുകൾ ഉച്ചകഴിഞ്ഞ് 3 മണിക്ക് സമാപിക്കുന്നു.

**ഇടവകധ്യാനം**

ഫെബ്രുവരി 26 തിങ്കൾ, 27 ചൊവ്വ, 28 ബുധൻ ദിവസങ്ങളിലായി നിർമ്മലാപുരം ഹോളി ഫാമിലി ഇടവകയിൽ വാർഷിക ധ്യാനത്തിന് നേതൃത്വം നൽകുന്നു.

**കഴിഞ്ഞ മാസത്തെ പരിപാടികൾ**

**ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സിന്റെ ഉദ്ഘാടനം**

2024 ജനുവരി 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ കോൺഫറൻസ് ഹാളിൽ വച്ച് ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സിന്റെ ആദ്യബാച്ചിന്റെ ഉദ്ഘാടനം കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നിർവഹിച്ചു. രൂപതാ അജപാലന ഡിപ്പാർട്ടുമെന്റുകളുടെ ഉത്തരവാദിത്വമുള്ള വികാരി ജനറാൾ പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കൽ അച്ചനും സമ്മേളനത്തിൽ ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന്, ആദ്യദിന ക്ലാസുകളും നടന്നു.

ജനുവരി 13-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സിന്റെ 2-ാം ബാച്ചിന്റെ ഉത്ഘാടനം കാഞ്ഞിരപ്പള്ളി രൂപതയിലെ മുഖ്യവികാരി ജനറാൾ പെരിയ ബഹു. ജോസഫ് വെള്ളമറ്റത്തിലച്ചൻ നിർവഹിച്ചു. പെരിയ ബഹു. വികാരി ജനറാൾ ബോബി അലക്സ് മണ്ണംപ്ലാക്കൽ അച്ചനും ഉത്ഘാടന സമ്മേളനത്തിൽ സന്നിഹിതനായിരുന്നു. തുടർന്ന് ആ ബാച്ചിന്റെ ആദ്യദിന ക്ലാസുകൾ നടന്നു.

**ബൈബിൾ പ്രഭാഷണവും പരിശുദ്ധ കുർബാനയും**

ജനുവരി 5-ാം തീയതി വെള്ളിയാഴ്ച സന്യാസിയോട ഇടവകയിലും, 6-ാം തീയതി ശനിയാഴ്ച ഇടക്കുന്നം ഇടവകയിലും 17-ാം തീയതി ബുധനാഴ്ച പടനിലം ഇടവകയിലും 21-ാം തീയതി ഞായറാഴ്ച മുക്കൂട്ടുതറ ഇടവകയിലും 23-ാം തീയതി ചൊവ്വാഴ്ച ചേനപ്പാടി, തരകനാട്ടുകുന്ന് ഇടവകയിലും വചനപ്രഘോഷണം നടത്തുകയും പരിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. →

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്. എം. വൈ. എം.)

**ജനുവരി**

4 യൂണിറ്റ് സന്ദർശനം
11 യൂണിറ്റ് സന്ദർശനം
18 യൂണിറ്റ് സന്ദർശനം
25 യൂണിറ്റ് സന്ദർശനം

**യൂണിറ്റ് തല ഇലക്ഷൻ**

SMYM യുവദീപ്തി 2024-25 പ്രവർത്തന വർഷത്തിലേക്കുള്ള യൂണിറ്റ്തലഭാരവാഹികളുടെ ഇലക്ഷൻ നടത്തേണ്ടതാണ്. ഫെബ്രുവരി 12 ന് മുമ്പ് ഇടവക ഇലക്ഷൻ പൂർത്തിയാക്കി ലിസ്റ്റ് രൂപത ഓഫീസിൽ എത്തിക്കുക. യൂണിറ്റ് ഭാരവാഹിത്വത്തിലേക്ക് പരമാവധി മുതിർന്ന യുവജനങ്ങൾക്ക് അവസരം നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

---

## ബൈബിൾ അപ്പോസ്തലേറ്റ്

**ക്ലാസുകൾ**

ജനുവരി 16-ാം തീയതി ചൊവ്വാഴ്ച കാഞ്ഞിരപ്പള്ളി രൂപതാ വൈദികസമിതിയിൽ സീറോ മലബാർ സഭയുടെ 2024 - ലെ ആർക്കി എപ്പാർക്കിയൽ അസംബ്ലിയുടെ മാർഗ്ഗരേഖയെ അടിസ്ഥാനപ്പെടുത്തി ക്ലാസ് നയിച്ചു. തുടർന്ന് വൈദികസമിതി അംഗങ്ങൾ പ്രസ്തുത മാർഗ്ഗരേഖയിലെ വിഷയങ്ങൾ കേന്ദ്രീകരിച്ച് ചർച്ചയും നടത്തി.

മുണ്ടക്കയം എം.എം.റ്റി. നഴ്സിംഗ് കോളജിലെ മൂന്നാംവർഷ വിദ്യാർത്ഥിനികൾക്കായി Writing Methodology -യെക്കുറിച്ച് പരിശീലന ക്ലാസുകൾ നൽകി.

**ഫാ. ആന്റണി ചെല്ലംതറ**
**ഡയറക്ടർ**

**SMYM യുവദീപ്തി യൂണിറ്റ് ഭാരവാഹികൾ**

1. പ്രസിഡന്റ് (മുതിർന്ന, SMYM ൽ പ്രവർത്തന പരിചയമുള്ള യുവാവ്)
2. വൈസ് പ്രസിഡന്റ് (മുതിർന്ന, SMYM ൽ പ്രവർത്തന പരിചയമുള്ള യുവതി)
3. ജനറൽ സെക്രട്ടറി (യുവാവ്)
4. സെക്രട്ടറി (യുവതി)
5. ട്രഷറർ (യുവാവ്)
6. മീഡിയ കോർഡിനേറ്റർ (മീഡിയ പ്രാവീണ്യമുള്ള ആൾ)
7. കൗൺസിലർ യുവാവ് (മുതിർന്ന, SMYM ൽ പ്രവർത്തന പരിചയമുള്ള യുവാവ്)
8. കൗൺസിലർ യുവതി (മുതിർന്ന, SMYM ൽ പ്രവർത്തന പരിചയമുള്ള യുവതി)

- വലിയ ഇടവകകളിൽ A, B എന്നീ രണ്ടു യൂണിറ്റുകൾ സ്ഥാപിക്കുന്നതും ഉചിതമായിരിക്കും.
- ഇടവകയിൽ കൗൺസിലർമാരായി തിരഞ്ഞെടുക്കപ്പെടുന്നവരാണ് ഫൊറോന, രൂപത സമിതികളിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ടത്. ആയതിനാൽ ഏറ്റവും മികച്ച ആളുകളെ ഇതിനായി നിയോഗിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.
- SMYM യൂണിറ്റ് ഇലക്ഷൻ ഇടവക ഡയറക്ടറിന്റെയോ അല്ലെങ്കിൽ അദ്ദേഹം ഭരമേൽപ്പിക്കുന്ന ആളുടെയോ പൂർണ്ണമേൽനോട്ടത്തിൽ ആണ് നടത്തേണ്ടത്. ഇടവകയിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് യൂണിറ്റ് ഭാരവാഹികളെ നോമിനേറ്റ് ചെയ്യാനും ബഹുമാനപ്പെട്ട വികാരി അച്ചൻമാർക്ക് അധികാരം ഉണ്ട്.
- ഇതിനോടകം ഇലക്ഷൻ പൂർത്തിയായ ഇടവകകൾ ഉണ്ടെങ്കിൽ അതിന്റെ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

- ഇടവക ഇലക്ഷനിൽ രൂപതാ പ്രതിനിധികൾ പങ്കെടുക്കണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ രൂപത ഓഫീസിൽ തീയതി മുൻകൂട്ടി അറിയിക്കുമല്ലോ.
- ഭാരവാഹികളുടെ ലിസ്റ്റ് വാട്സ് ആപ്പ് വഴി നൽകിയാൽ മതിയാകും.
- ഫൊറോന, രൂപത ഇലക്ഷനുകളുടെ തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

നമ്മുടെ രൂപതയിൽ എല്ലാ ഇടവകകളിലും ഒരു SMYM യൂണിറ്റ് എന്ന ലക്ഷ്യത്തിലേക്ക് എല്ലാ പിന്തുണയും പ്രതീക്ഷിക്കുന്നു.

**യൂണിറ്റ് സന്ദർശനം**

ജനുവരി 26 വെള്ളിയാഴ്ച ചെങ്കല്ല് ഇടവകയിൽ യൂണിറ്റ് വിസിറ്റ് നടത്തി. ഫാ.വർഗീസ് കൊച്ചുപുരയ്ക്കൽ യുവജനങ്ങൾക്കായി വിശുദ്ധ കുർബാന അർപ്പിക്കുകയും, പുതിയ പ്രവർത്തന വർഷത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

**നന്ദി**

എസ്.എം.വൈ.എം രൂപത ഓഫീസിന്റെ ഓഫീസ് സെക്രട്ടറിയായി ഒരു വർഷക്കാലം സ്തുത്യർഹമായ സേവനം നിർവഹിച്ച ശ്രീ. പുന്നൂസ് കിഴക്കേതലക്കലിന് രൂപത എസ്.എം.വൈ.എം കുടുംബത്തിന്റെ നന്ദി. തുടർന്നുള്ള പഠനങ്ങളിൽ എല്ലാ വിജയാശംസകളും നേരുന്നു.

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

## വിവാഹ ഒരുക്ക ധ്യാനം

ജനുവരി 4,5,6 തീയതികളിൽ പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്റർ (NRC) യിലും ജനുവരി 18, 19, 20 തീയതികളിൽ അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്റർ (PAC) യിലും വച്ച് വിവാഹ ഒരുക്ക ധ്യാനങ്ങൾ നടത്തപ്പെട്ടു.

## വരുന്ന ധ്യാന തീയതികൾ

പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിലും (NRC) അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്ററിലും (PAC) വച്ചാണ് വിവാഹ ഒരുക്ക ധ്യാനം നടത്തപ്പെടുന്നത്. ധ്യാനസമയം ഒന്നാം ദിവസം രാവിലെ 8.30 മുതൽ മൂന്നാം ദിവസം വൈകിട്ട് 4 മണിവരെയാണ്.

i) ഫെബ്രുവരി 1,2,3 (വ്യാഴം - ശനി) - നിർമ്മല റിന്യൂവൽ സെന്റർ (NRC), പൊടിമറ്റം

ii) മാർച്ച് 7,8,9 (വ്യാഴം - ശനി) - നിർമ്മല റിന്യൂവൽ സെന്റർ (NRC), പൊടിമറ്റം

iii) മാർച്ച് 21,22,23 (വ്യാഴം - ശനി) - പാസ്റ്ററൽ ആനിമേഷൻ സെന്റർ (PAC), അണക്കര

രജിസ്ട്രേഷൻ ഫീസ് : Rs. 1700 (ആയിരത്തി എഴുന്നൂറു രൂപ). രജിസ്റ്റർ ചെയ്യുമ്പോൾ അഡ്വാൻസായി 700 രൂപ അടയ്ക്കേണ്ടതാണ്. രജിസ്ട്രേഷനായി ബന്ധപ്പെടേണ്ട നമ്പർ : 9497096431, 04828 205628, 201100.

## ഹോംമിഷൻ

ഹോംമിഷന് ഒരുക്കമായി ജനുവരി 7-ാം തീയതി വഞ്ചിമല സെന്റ് ആന്റണീസ് ഇടവകയും ജനുവരി 14-ാം തീയതി മുക്കൂട്ടുതറ സെന്റ് തോമസ് ഇടവകയും ജനുവരി 21-ാം തീയതി എലിവാലി

ക്കര സെന്റ് ആന്റണീസ് ഇടവകയും, ജനുവരി 26-ാം തീയതി വെച്ചൂച്ചിറ സെന്റ് ജോസഫ്സ് ഇടവകയും സന്ദർശിക്കുകയും ഇടവകജനത്തെ ഒരുക്കുകയും ചെയ്തു.

ജനുവരി 7-12 തീയതികളിൽ വഞ്ചിമല സെന്റ് ആന്റണീസ് ഇടവകയിൽ CSN സന്യാസിനിസമൂഹത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തപ്പെട്ടു.

ജനുവരി 14-19 തീയതികളിൽ മുക്കൂട്ടുതറ സെന്റ് തോമസ് ഇടവകയിൽ സെന്റ് മർത്താസ് സന്യാസിനിസമൂഹത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തപ്പെട്ടു.

ജനുവരി 21-26 തീയതികളിൽ എലിവാലിക്കര സെന്റ് ആന്റണീസ് ഇടവകയിൽ എസ്.എച്ച്. സന്യാസിനിസമൂഹത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തപ്പെട്ടു.

ജനുവരി 23-ാം തീയതി നടന്ന പ്രൊവിൻഷ്യൽ ടീമിന്റെ മീറ്റിംഗിൽ ഹോംമിഷൻ സംബന്ധിച്ചുള്ള കാര്യങ്ങളും, മുന്നോട്ട് കൂടുതൽ സജീവമാക്കാനുള്ള പദ്ധതികളെയും കുറിച്ച് ഡയറക്ടറച്ചൻ സംസാരിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു.

**കുടുംബവിശുദ്ധീകരണ സന്ദേശം**

ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ ജനുവരി 12-ാം തീയതി കപ്പാട് ഹോളി ക്രോസ് ഇടവകയിൽ കുടുംബവിശുദ്ധീകരണത്തെക്കുറിച്ചുള്ള സന്ദേശം നൽകി.

**നവവൈദികരുടെ പരിശീലനം**

ജനുവരി 24 ന് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന നമ്മുടെ രൂപതയിലെ നവവൈദികരുടെ സമ്മേളനത്തിൽ ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പ്രധാന പ്രോഗ്രാമുകളെക്കുറിച്ചും, കുടുംബപ്രേഷിത ശുശ്രൂഷകളുടെ ആവശ്യകതയെക്കുറിച്ചും നവവൈദികരോട് ഡയറക്ടറച്ചൻ സംസാരിച്ചു.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മാതൃവേദി

**ലീഡേഴ്സ് മീറ്റ്**

മാതൃവേദി ഫൊറോന ലീഡേഴ്സ് സംഗമവും വനിതാ സംരംഭകരുടെ സമ്മേളനവും തിളക്കം 2K24 എന്ന പേരിൽ ജനുവരി 15 ന് പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. രൂപതാ മാതൃവേദി പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടി പൊടിമറ്റത്തിൽ മീറ്റിംഗിന് അദ്ധ്യക്ഷം വഹിക്കുകയും രൂപതാ ആനിമേറ്റർ സി. ജ്യോതി മരിയ CSN എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും ചെയ്തു. തുടർന്ന് രൂപതാ ഡയറക്ടർ റവ. ഫാ. മാത്യു ഓലിക്കൽ "കുടുംബവിശുദ്ധീകരണം വചനത്തിലൂടെയും കൂദാശകളിലൂടെയും" എന്ന ആപ്തവാക്യം അടിസ്ഥാനമാക്കി രൂപപ്പെടുത്തിയ ഈ വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ വിശദീകരിച്ച് സംസാരിച്ചു. അതിനുശേഷം സംരംഭങ്ങൾ തുടങ്ങേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും. എങ്ങനെ സംരംഭങ്ങൾ തുടങ്ങാമെന്നും അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ Startup Valley TBI ഡിപ്പാർട്ട്മെന്റിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ഷെറിൻ സാം ജോസ് സംസാരിക്കുകയും സംശയനിവാരണം നടത്തുകയും ചെയ്തു. തുടർന്ന് രൂപാതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് പുതിയ പ്രവർത്തനവർഷത്തിൽ നേതൃത്വ നിരയിൽപെട്ട അമ്മമാരുടെ ദൗത്യത്തെക്കുറിച്ചും വനിതാസംരംഭകരുടെ ആവശ്യകതയെക്കുറിച്ചും സംസാരിക്കുകയും അവരെ പ്രചോദിപ്പിക്കുകയും ചെയ്തു. ശ്രീ. എബി കളാന്തറ, രൂപതാ ഫൊറോന എക്സിക്യൂട്ടീവ്സ്, ആനിമേറ്റേഴ്സ് എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. രൂപതാ

# പിതൃവേദി

ജനുവരി 10, 16, 25 തീയതികളിൽ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ പിതൃവേദി മീറ്റിംഗുകൾ നടത്തി.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

---

## മാതൃവേദി

മാതൃവേദി സെക്രട്ടറി മിനി കരിയിലകുളം എല്ലാവർക്കും കൃതജ്ഞത അർപ്പിച്ചു.

**പ്രചോദിനി സംഗമം**

കഴിഞ്ഞ നാളുകളിൽ നമ്മുടെ രൂപതയിൽ നിന്ന് പ്രചോദിനി പരിശീലനപരിപാടിയിൽ സംബന്ധിച്ച എല്ലാവരും ഒരുമിച്ചു കൂടുന്ന സംഗമമാണിത്. ഫെബ്രുവരി 6-ാം തീയതി ഹൈറേഞ്ചിൽ വണ്ടൻമേട് സെന്റ് ആന്റണീസ് പാരീഷ് ഹാളിലും ഫെബ്രുവരി 7-ാം തീയതി ലോറേഞ്ചിൽ പൊടിമറ്റം നിർമ്മലാ റിന്യൂവൽ സെന്ററിലും നടത്തപ്പെടുന്നു.

**പ്രചോദിനി**

പ്രചോദിനിയുടെ പുതിയ ബാച്ച് മാർച്ച് മാസത്തിൽ ആരംഭിക്കുന്നു. ഹൈറേഞ്ച്, ലോറേഞ്ച് മേഖലകളിലായിട്ടാണ് നടത്തപ്പെടുന്നത്.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**ജനുവരി 2024**

05 പിണ്ടികുത്തി തിരുനാൾ വൈകുന്നേരം ആഘോഷമായ റംശായോടുകൂടി ആചരിച്ചു.

06 ദനഹാത്തിരുനാളിൽ വൈസ് റെക്ടർ ഫാ. ആന്റണി കുഴിപ്പിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി.

11 ഈ വർഷം പൗരോഹിത്യരജതജൂബിലി ആഘോഷിക്കുന്ന വൈദികർ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും അവരുടെ അജപാലനാനുഭവങ്ങൾ വൈദികവിദ്യാർത്ഥികളുമായി പങ്കുവയ്ക്കുകയും ചെയ്തു.

12-13 ജനുവരി മാസത്തെ മാസധ്യാനത്തിൽ റവ. ഫാ. ജോസഫ് വള്ളിയാംതടം MCBS ധ്യാനചിന്തകൾ നല്കി.

19 സെമിനാരി കുടുംബം - സ്റ്റാഫും വൈദികവിദ്യാർത്ഥികളും - തിരുവനന്തപുരവും കോവളവും സന്ദർശിച്ചു.

20 വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. റെക്ടർ പെരിയ ബഹു. സെബാസ്റ്റ്യൻ കൊല്ലംകുന്നേലച്ചൻ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി.

21 ഓസ്ട്രിയായിലെ ഐസൻസ്റ്റാറ്റ് രൂപതാമെത്രാൻ Most Rev. Dr. Ägidius.J. Zsifkovics & Team സെമിനാരി സന്ദർശിച്ച് സ്റ്റാഫുമായും വൈദികവിദ്യാർത്ഥികളുമായും സംവദിക്കുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. വൈദികവിദ്യാർത്ഥികളുടെ കലാപരിപാടികൾ അതിഥികൾക്ക് ഹൃദ്യമായ വിരുന്നായി.



# മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി

- 18 പേരുടെ മാസധ്യാനം
- 15 പേരുടെ നസ്രാണിമാർഗ്ഗം ചർച്ചാ ക്ലാസ്
- 3 സിസ്റ്റേഴ്സിന്റെ ഒരാഴ്ചത്തെ ധ്യാനം
- 2 അൽമായരുടെ മൂന്നു ദിവസത്തെ ധ്യാനം
- ഒരു CMI വൈദികന്റെ ഒരു മാസത്തെ ധ്യാനം

**ഫാ. സേവ്യർ കൂടപ്പുഴ**

Ph : 04869-299207

---

## മേരിമാതാ മൈനർ സെമിനാരി

26 റിപ്പബ്ലിക്ക് ദിനം സമുചിതമായി ആഘോഷിച്ചു.

27 ഒന്നാം വർഷ വൈദികവിദ്യാർത്ഥികളുടെ കൾച്ചറൽ ഈവ് "പെകടില്ലോ" (Peccadillo) നടത്തപ്പെട്ടു.

29-31 വിവിധ ബാച്ചുകൾ തിരിച്ചുള്ള ദിവ്യകാരുണ്യാരാധന നടത്തി.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**

**റെക്ടർ**

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

**ആരാധനക്രമാധിഷ്ഠിത ധ്യാനം**

- നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ വച്ച് 2024 ഫെബ്രുവരി 16-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 5 മണി മുതൽ 20-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിവരെ നോമ്പുകാല ആരാധനക്രമാധിഷ്ഠിത ധ്യാനം നടത്തപ്പെടുന്നു. സഭയെക്കുറിച്ചും സഭയുടെ ആരാധനക്രമത്തിന്റെ വിവിധ ഘടകങ്ങളെക്കുറിച്ചുമുള്ള അടിസ്ഥാന ബോധ്യങ്ങൾ രൂപപ്പെടുത്താനും സഭാത്മകമായ ആത്മീയജീവിതം പരിശീലിക്കാനും അവസരം ലഭിക്കുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യുക

പേര് രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെടുക:

ഫാ. ജയിംസ് ചവറപ്പുഴ, Ph: 9447 3124 44

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ, Ph: 9447 3679 25

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

## സോണൽ സേവനസമിതി

2024 ജനുവരി 2-ാം തീയതി  കാഞ്ഞിരപ്പള്ളി കരിസ്മാറ്റിക് ഓഫീസിൽ സോണൽ സേവനസമിതി കൂടി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. തുടർന്ന് പ്രാർത്ഥനയ്ക്കും ചർച്ചകൾക്കും ശേഷം യോഗം പിരിഞ്ഞു.

## ജൂബിലേവൂസ് 2026 - സഹസ്രദിന ചെയിൻ മദ്ധ്യസ്ഥപ്രാർത്ഥന

വെളിച്ചിയാനി സെന്റ് തോമസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് ജനുവരി 8-ാം തീയതി നടത്തപ്പെട്ടു. ഫാ. എമ്മാനുവൽ മടുക്കക്കുഴി സ്വാഗതവും ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ വചനസന്ദേശവും നൽകി. രൂപതാ കരിസ്മാറ്റിക് ഡയറക്ടർ ഫാ. കുര്യാക്കോസ് വടക്കേടത്ത് ദിവ്യബലി അർപ്പിച്ച് സമാപന ആശീർവാദം നൽകി.

## LSS പരിശീലനം

ഓൺലൈനിൽ LSS പരിശീലനം ജനുവരി 15-ാം തീയതി 8.30 p.m. ന് നടത്തപ്പെട്ടു. ശ്രീ. സാജു എബ്രഹാം ഇല്ലിക്കൽ ക്ലാസ് നൽകി.

## കാത്തലിക് കരിസ്മാറ്റിക് ഗ്രാന്റ് കോൺഫറൻസ്

മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച് 2024 ജനുവരി 26,27,28 തീയതികളിൽ  ഗ്രാന്റ് കോൺഫറൻസ് നടത്തപ്പെട്ടു. 60 പ്രതിനിധികൾ കാഞ്ഞിരപ്പള്ളി സോണിൽ നിന്നും പങ്കെടുത്തു.

## ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സ്

2024 ജനുവരി 2-ാം തീയതി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റ

റിൽ രൂപതാതലത്തിൽ ആരംഭിച്ച ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സ് അഭിവന്ദ്യ രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർ ഡോ. ആന്റണി ചെല്ലന്തറ നേതൃത്വം നൽകുന്ന ടീമാണ് ക്ലാസുകൾ നൽകുന്നത്. അടുത്ത ക്ലാസ് 2024 ഫെബ്രുവരി 17 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ.

**ആവേ മരിയാ ശുശ്രൂഷ**

കാഞ്ഞിരപ്പള്ളി രൂപതയുടെ പഴയകൊരട്ടി ആവേമരിയാ പ്രാർത്ഥനാലയത്തിൽ 05/01/2024 ആദ്യവെള്ളിയാഴ്ച ഏകദിനധ്യാനത്തിൽ ഫാ. മനോജ് വടക്കേടത്ത് ദിവ്യബലി അർപ്പിച്ച് വചന സന്ദേശം നല്കി. 2024 ജനുവരി മാസത്തെ വെള്ളിയാഴ്ച ശുശ്രൂഷകൾക്ക് കാഞ്ഞിരപ്പള്ളി സബ്സോൺ നേതൃത്വം നൽകി.

**ഹൈറേഞ്ച് വിശേഷങ്ങൾ**

**കട്ടപ്പന സോൺ വാർത്തകൾ**

**നിറവ് 2024 കുടുംബ സംഗമം**

കട്ടപ്പന സോണിലെ ആറ് സബ്സോണുകളിലും ആദ്യകാല കരിസ്മാറ്റിക് നവീകരണ പ്രവർത്തകരെ ഉൾപ്പെടെ ആദരിക്കുകയും എല്ലാ നവീകരണ പ്രവർത്തകരും ഒത്തുചേരുകയും ചെയ്യുന്ന 'നിറവ്' കുടുംബ സംഗമം പൂർത്തിയായി. അവശേഷിക്കുന്നവ അണക്കരയിൽ ഫെബ്രുവരി 17 – ന് സംഗമം നടക്കും.

**ഗ്രാൻഡ് കോൺഫറൻസ് 2024**

2024 ജനുവരി 28 മുതൽ 30 വരെ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ നടന്ന കേരള കത്തോലിക്ക കരിസ്മാറ്റിക് ഗ്രാൻഡ് കോൺഫറൻസിൽ കട്ടപ്പന സോണിൽ നിന്നും 50 ഓളം പേർ പങ്കെടുത്തു

**സബ് സോൺ സെമിനാറുകൾ**

അണക്കര സബ് സോണിൽ എല്ലാ മൂന്നാം വെള്ളിയാഴ്ച്ചയും 10 മുതൽ ഒരുമണി വരെ പുറ്റടിപ്പള്ളിയിൽ നടന്നുവരുന്ന സബ്സോൺ സെമിനാർ ജൂലൈ മാസം കട്ടപ്പന സോൺ കോഡിനേറ്റർ ശ്രീ. സണ്ണി വരകുകാലാ നയിച്ചു.

കുമളി സബ് സോണിൽ മൂന്നാം വെള്ളി വൈകിട്ട് 6 മുതൽ മുരിക്കടി ഏയ്ഞ്ചൽ വാലി ധ്യാനകേന്ദ്രത്തിൽ നടന്നു വരുന്നു.

കല്ലാർ സബ് സോണിൽ എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും കല്ലാർ മേരിഗിരിപ്പള്ളിയിൽ വൈകിട്ട് 4 മണി മുതലും കട്ടപ്പന സബ്സോണിൽ എല്ലാ രണ്ടാം വ്യാഴാഴ്ച്ചകളിലും രാവിലെ 10 മുതൽ ഇരുപതേക്കർ സെന്റ് ജോസഫ് പള്ളിയിലും നടക്കുന്നു

**മദ്ധ്യസ്ഥ പ്രാർത്ഥന**

അണക്കര സബ് സോണിൽ ആദ്യ വെള്ളിയാഴ്ച്ച ആമയാർ OCD ആശ്രമത്തിലും ഉപ്പുതറ സബ് സോണിൽ എല്ലാ വ്യാഴാഴ്ചയും പരപ്പ് ധ്യാന കേന്ദ്രത്തിലും കല്ലാർ സബ് സോണിൽ ആദ്യ ചൊവ്വാഴ്ചയും കുമളി സബ് സോണിൽ മൂന്നാം ഞായറാഴ്ച്ചയും കട്ടപ്പന സബ് സോണിൽ എല്ലാ ഞായറാഴ്ചയും മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുന്നു

**ഫാ. കുര്യാക്കോസ് വടക്കേടത്ത്**

**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ**

അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ 2024 ജനുവരി ആറിന് ശനിയാഴ്ച രാവിലെ ഒൻപത് മുതൽ വൈകുന്നേരം മൂന്ന് വരെ ഡയറക്ടർ ബഹുമാനപ്പെട്ട ഡൊമിനിക് വാളമ്മനാൽ അച്ചന്റെ നേതൃത്വത്തിൽ ആദ്യശനി കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ നടത്തി. റവ. ഫാദർ റോബിൻസ് മറ്റത്തിൽ, റവ. ഫാ. അനൂപ് പൊയ്യാനിയിൽ, റവ. ഫാദർ ചാക്കോച്ചൻ കളപ്പുരയിൽ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

2024 ജനുവരി ആറു മുതൽ 11 വരെയും 27 മുതൽ ഫെബ്രുവരി ഒന്നു വരെയും, മരിയൻ ധ്യാനകേന്ദ്രത്തിൽവെച്ച് താമസിച്ചുള്ള ധ്യാനങ്ങൾ നടത്തി.

**നാഷണൽ & ഇന്റർനാഷണൽ കൃപാഭിഷേകം കൺവെൻഷൻസ്**

2024 ജനുവരി 15 മുതൽ 26 വരെ യൂറോപ്പിലെ വിവിധഭാഗങ്ങളിൽ ഇന്റർനാഷണൽ കൃപാഭിഷേകം ബൈബിൾ കൺവെൻഷനുകൾ നടത്തി.

**കൃപാബാല്യം രണ്ടാം ശനി കൺവെൻഷൻ**

2024 ജനുവരി പതിമൂന്നാം തിയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ കുട്ടികൾക്കായി കൃപാബാല്യം ഏകദിന ബൈബിൾ കൺവെൻഷൻ നടത്തി.

**കൃപാനുഭവം ഏകദിന ഉപവാസ കൺവെൻഷൻ**

2024 ജനുവരി 13, 20, 27 തീയതികളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഏകദിന കൺവെൻഷൻ മരിയൻ ധ്യാനകേന്ദ്രത്തിൽ നടത്തി. റവ. ഫാ റോബിൻസ് മറ്റത്തിൽ, റവ. ഫാ. അനൂപ് പൊയ്യാനിയിൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**മദ്ധ്യസ്ഥ പ്രാർത്ഥനാ സഹായം**

ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ മധ്യസ്ഥപ്രാർത്ഥനാ സഹായത്തിനായി ഫോണിലൂടെ ബന്ധപ്പെടുന്നതിനുള്ള സൗകര്യം ക്രമീകരിച്ചിരിക്കുന്നു.

വിളിക്കേണ്ട ഫോൺ നമ്പറുകൾ: 04868-253300, 9656141917

**Grace Anointing in Shalom World TV**

Shalom World International TV-യുടെ ചാനലിലൂടെ ബഹുമാനപ്പെട്ട ഡൊമിനിക് വാളൻമനാൽ അച്ചൻ GRACE ANOINTING എന്ന ഇംഗ്ലീഷ് ശുശ്രൂഷ എല്ലാ വെള്ളിയാഴ്ച്ചകളിലും ഉച്ചകഴിഞ്ഞ് 3.30 മുതൽ നടത്തുന്നു.

**Resurrection**

Resurrection എന്ന ശ്രൂഷയിലൂടെ ബഹു. ഡൊമിനിക് FrDominic Valanmanal എന്ന യൂട്യൂബ് ചാനലിലൂടെ ദൈവവചനം പങ്കുവെക്കുന്നു.

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1:30നും, തിങ്കൾ വൈകിട്ട് 5 മണിക്കും, വ്യാഴം രാവിലെ 6:30നും, കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളിയാഴ്ച രാവിലെ 6:30നും, ചൊവ്വാഴ്ച രാവിലെ 6:30നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തപ്പെടുന്നു.

**അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ വരും മാസത്തിൽ നടക്കുന്ന ശുശ്രുഷകൾ:**

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

1. ഫെബ്രുവരി മാസം മൂന്നാം തിയതി ശനിയാഴ്ച്ച മുതൽ എട്ടാം തിയതി വ്യാഴാഴ്ച വരെ - ബുക്കിംഗ് തീയതി : ജനുവരി 12
2. ഫെബ്രുവരി മാസം ഇരുപത്തിയഞ്ചാം തിയതി ഞായറാഴ്ച മുതൽ മാർച്ച് ഒന്നാം തിയതി വെള്ളിയാഴ്ച്ച വരെ - ബുക്കിംഗ് തീയതി : ഫെബ്രുവരി 6.

ധ്യാനത്തിന്റെ ബുക്കിങ്ങുകൾക്കു 04868-253300 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**നാഷണൽ ആൻഡ് ഇന്റർനാഷണൽ കൃപാഭിഷേകം കൺവെൻഷൻസ്**

2024 ഫെബ്രുവരി 10, 11 തിയതികളിൽ രാവിലെ 8 മുതൽ വൈകുന്നേരം 5 വരെ ഡൽഹി, ഫാരിദാബാദ് രൂപതയുടെ ആഭിമുഖ്യത്തിൽ Delhi Santhome കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ ഡൽഹി ഇന്ദിര ഗാന്ധി സ്പോർട്സ് കോംപ്ലക്സിൽ നടക്കും.

2024 ഫെബ്രുവരി 21 മുതൽ 25 വരെ തിയതികളിൽ ഇടുക്കി രൂപതാ കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ, ഇരട്ടയാറിൽ സെന്റ് തോമസ് ഫൊറോന പള്ളിയിൽ വൈകുന്നേരം 4.30 മുതൽ രാത്രി 9.30 വരെ നടക്കും.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. സ്കറിയ മറ്റത്തിൽ**
**(അസി. ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- 2024 ജനുവരി രണ്ടാം തീയതി വിശുദ്ധ കൊച്ചുത്രേസ്യയുടെ 150-ാം ജന്മദിനത്തോടനുബന്ധിച്ച് ഇടവക തലത്തിലും സോണൽ തലത്തിലും പ്രൊവിൻഷ്യൽ ഹൗസിൽ വച്ചും വിവിധ മത്സരങ്ങൾ കുട്ടികൾക്കും ടീച്ചേഴ്സിനും സിസ്റ്റേഴ്സിനും ആയി നടത്തപ്പെട്ടു. ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ എലിസബത്ത് സാലി സമ്മാനങ്ങൾ വിതരണം ചെയ്തു.
- ജനുവരി മൂന്നാം തീയതി വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയായുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു
- ജനുവരി നാലാം തീയതി സ്പെഷ്യൽ സ്കൂൾ സ്നേഹസദൻ വള്ളക്കടവിലെ സിസ്റ്റേഴ്സ് ആൻഡ് ടീച്ചേഴ്സ്, നഴ്സറി സ്കൂൾ സിസ്റ്റേഴ്സ് ആൻഡ് ടീച്ചേഴ്സ് മൈസൂരിലേക്ക് വിനോദ യാത്രയ്ക്ക് പോയി.
- ജനുവരി അഞ്ചാം തീയതി വൈകുന്നേരം പിണ്ടികുത്തി തിരുനാൾ ആഘോഷമായ റംശായോടൊപ്പം ആചരിച്ചു
- എട്ടു മുതൽ 12 വരെ ചാമംപതാൽ ഇടവകയിൽ ഹോം മിഷൻ നടത്തി.
- ജനുവരി 14-ാം തീയതി കറുകുറ്റി ക്ലോയിസ്റ്റഡ് സാൻജോ ഭവൻ മഠത്തിന്റെ സുവർണ്ണജൂബിലി ആഘോഷത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ എലിസബത്ത് സാലി പങ്കെടുത്തു.
- 14 മുതൽ 17 വരെ ജനറലേറ്റിൽ വച്ച് നടന്ന ജനറൽ പ്ലീനറി

കൗൺസിൽ സമ്മേളനത്തിൽ പ്രോവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ എലിസബത്ത് സാലി പങ്കെടുത്തു.

- ജനുവരി ഇരുപതാം തീയതി സുപ്പീരിയേഴ്സിന്റെ മീറ്റിംഗ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഫാ. കുര്യാക്കോസ് മുഞ്ഞേലി എം.സി.ബി.എസ്. ക്ലാസുകൾ നയിച്ചു.
- 23-ാം തീയതി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന പ്രൊവിൻഷ്യൽ ടീമിനായി നടത്തപ്പെട്ട ക്ലാസിലെ മീറ്റിങ്ങിലും പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു.
- ജനുവരി 24, 25 തീയതികളിൽ മുണ്ടക്കയം പാപ്പൻ മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ കുട്ടികൾക്കായി ധ്യാനവും കൗൺസിലിങ്ങും നടത്തി.
- 25-ാം തീയതി ബഹുമാനപ്പെട്ട ഫാ. അലക്സ് സി.എസ്.എസ്.ആർ സിസ്റ്റേഴ്സിനായി നൈറ്റ് വിജിൽ നടത്തി
- ജനുവരി 26-ാം തീയതി ഹോസ്പിറ്റൽ മീറ്റ് വാഗമണ്ണിൽ വച്ച് നടത്തി.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- ചോറ്റി അസ്സീസി ഭവൻ ഭവനാംഗമായിരുന്ന ബഹു. സി. മേരി സിറിയക് അയലൂക്കുന്നേൽ നിര്യാതയായി.
- കാഞ്ഞിരപ്പള്ളി രൂപതയിലെ നവവൈദികർ പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ കുർബാന അർപ്പിച്ചു
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനായി, വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിന്റെ ഒരു മീറ്റിംഗ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടന്നു.
- ഫിനാൻസ് കൗൺസിലർ, അക്കൗണ്ടന്റ് എന്നിവർക്കായി പി.ഒ.സി യിൽ കെ.സി.ബി.സി സംഘടിപ്പിച്ച സെമിനാറിൽ റവ.

സി. ഫ്രാൻസി, റവ. സി. മരിയ ടോം എന്നിവർ സംബന്ധിച്ചു.

- റവ. ഫാ. തോമസ് പിണമറുകിലിന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി.അമലയും, സിസ്റ്റേഴ്സും പങ്കെടുത്തു.
- 28 വർഷക്കാലത്തെ അധ്യാപന ശുശ്രൂഷകൾക്കുശേഷം കട്ടപ്പന സെന്റ് ജോർജ് ഹൈസ്കൂളിൽ നിന്നും വിരമിച്ച റവ. സി. മേരി അഗസ്റ്റിന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പ്രൊവിൻഷ്യൽ കൗൺസിലർ റവ. സി. റ്റെസ് മരിയ സംബന്ധിച്ചു.
- രൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കലിന്റെ നാമഹേതുകത്തിരുനാൾ പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു.
- രൂപതയിൽ നിന്നും സംഘടിപ്പിച്ച ജനറൽ പ്രൊവിൻഷ്യൽ ടീം അംഗങ്ങളുടെ സംഗമത്തിൽ പ്രൊവിൻഷ്യൽ ടീം അംഗങ്ങളെല്ലാവരും സംബന്ധിച്ചു.
- 1975 മുതൽ 1986 വരെ പ്രഥമവ്രതവാഗ്ദാനം ചെയ്ത സിസ്റ്റേഴ്സിനായി മൂന്ന് ദിവസത്തെ കോഴ്സ് സംഘടിപ്പിച്ചു. കാഞ്ഞിരപ്പള്ളി രൂപത പാസ്റ്ററൽ ആനിമേഷൻ ഡയറക്ടർ റവ.ഫാ. സ്റ്റാൻലി പുള്ളോലിക്കൽ, പൊടിമറ്റം എം.സി.ബി.എസ് നൊവിഷ്യേറ്റ് ഹൗസ് സുപ്പീരിയർ റവ. ഫാ. തോമസ് കൊട്ടുപ്പള്ളി, ഫിസിയോ തെറാപ്പിസ്റ്റ് ബിബി എന്നിവർ ക്ലാസ്സെടുത്തു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- പ്രൊവിൻസിന്റെ സ്വർഗീയ മധ്യസ്ഥനായ വി. യോഹന്നാൻ ശ്ലീഹായുടെ തിരുനാൾ സമുചിതമായി ആചരിച്ചു. വിവിധ സോണുകൾക്കായി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സംഘടിപ്പിച്ച സ്കിറ്റ്, പ്രസംഗം, കവിതാരചന മത്സരങ്ങളിൽ എല്ലാ സോണുകളിൽനിന്നുമുള്ള സിസ്റ്റേഴ്സിന്റെ സജീവപങ്കാളിത്തം ഉണ്ടായിരുന്നു.

- അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ വന്ന് വി. ബലിയർപ്പിച്ച് സന്ദേശം നല്കുകയും ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.
- ജൂണിയർ സിസ്റ്റേഴ്സിന് 3 ദിവസത്തെ കോഴ്സ് നടത്തി. ബഹു. പ്രൊവിൻഷ്യാളമ്മയും കൗൺസിലേഴ്സും ക്ലാസുകൾ നയിച്ചു.
- ആരാധനാ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകപിതാവ് ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ 151-ാം ജന്മദിനത്തോടനുബന്ധിച്ച് ചമ്പക്കുളം കല്ലൂർക്കാട് ബസിലിക്കാപള്ളിയിൽ അർപ്പിക്കപ്പെട്ട വി. ബലിയിലും തുടർന്ന് പിതാവിന്റെ ജന്മഗൃഹത്തിലേയ്ക്കു നടത്തിയ പദയാത്രയിലും സിസ്റ്റേഴ്സ് പങ്കെടുത്തു.
- കുന്നുംഭാഗം സെന്റ് ജോസഫ് പബ്ലിക് സ്കൂളിന്റെ ഒരു വർഷം നീണ്ടുനിന്ന സുവർണ്ണജൂബിലി ആഘോഷത്തിന് ത്രിദിന പരിപാടികളോടെ പരിസമാപ്തി കുറിച്ചു. കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് അദ്ധ്യക്ഷ്യം വഹിച്ച സമാപനസമ്മേളനം ബഹു. ഗോവ ഗവർണ്ണർ അഡ്വ. പി.എസ്. ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്തു. ജനറൽ കൗൺസിലർ ബഹു. സി. റോസ് തെരേസും ചടങ്ങിൽ സംബന്ധിച്ചു. 'മെഗാ ഷോ' നഴ്സറി സ്കൂൾ വാർഷികാഘോഷം, നൃത്താവിഷ്ക്കാരം എന്നിവ ആഘോഷത്തിന്റെ മാറ്റ് വർദ്ധിപ്പിച്ചു.
- കെ.സി.ബി.സി. യുടെ ആഭിമുഖ്യത്തിൽ പാലാരിവട്ടം പി.ഒ.സി. യിൽ വച്ച് ഫിനാൻസ് ഓഫീസർമാർക്കുവേണ്ടി നടത്തപ്പെട്ട സെമിനാറിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ഓഫ് ഗോഡ് സന്യാസിനി സമൂഹത്തിലെ ആദ്യ അംഗങ്ങളായ സി. ലിസ കുരുവിള, സി. ആനീസ് ജോസഫ്, സി. ലിയ അഗസ്റ്റിൻ,

സി.മരീന ജോസഫ് എന്നിവരുടെ സന്യാസ സമർപ്പണത്തിന്റെ റൂബി ജൂബിലി ജനുവരി 10 ന് ജനറലേറ്റ് ഭവനത്തിൽ വച്ച് റവ. ഫാ. ജെയിംസ് തലച്ചല്ലൂരിന്റെ കാർമികത്വത്തിൽ നടന്ന ദിവ്യ ബലിയോട് കൂടി ആഘോഷിച്ചു

- സുപ്പീരിയർ ജനറൽ റവ. സി. നിർമ്മല കുര്യാക്കോസ് ജനുവരി 11 - ന് കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടത്തിയ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ സംബന്ധിച്ചു
- ജനുവരി 16-ന് എറണാകുളം പി.ഒ.സി.യിൽ വെച്ച് പ്രോക്യൂറേറ്ററുമാർക്ക് വേണ്ടി നടത്തിയ മീറ്റിങ്ങിൽ സി. ലിസ കുരുവിള, സി. വിനീത ജോസ് എന്നിവർ സംബന്ധിച്ചു
- സുപ്പീരിയർ ജനറൽ റവ. സി. നിർമ്മല കുര്യാക്കോസ് ഒറീസയിലെ ചാന്ദിപുട്ട്, റയിഗഡാ മിഷൻ സെന്ററുകൾ സന്ദർശിച്ചു.
- 18/1/2024 ന് നടന്ന നെടുംകണ്ടം സെന്റ് സെബാസ്റ്റ്യൻസ് ഫൊറോനാ ദൈവാലയ കൂദാശയിലും, മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനപള്ളി പ്രഖ്യാപനത്തിലും സി. ജെയ്സ്, സി. ജാനറ്റ്, സി. ക്ലാര എന്നിവർ പങ്കെടുത്തു.
- ജനുവരി 19-ന് സുപ്പീരിയർ ജനറൽ റവ. സി. നിർമ്മലയും മിഷന്റെ ചാർജ് വഹിക്കുന്ന ജനറൽ കൗൺസിലർ സി. അൻസായും ഒറീസ ബിഷപ്പ് റവ. ഡോ. ശരത് ചന്ദ്രനായക് -നെ സന്ദർശിച്ച് ചാന്ദിപുട്ടിലെ ഭാവി മിഷൻ പരിപാടികളെക്കുറിച്ച് സംസാരിച്ചു.
- ഒറീസ മിഷനിലെ ലക്ഷ്മീപുർ മിഷൻ സെന്ററിൽ പുതുതായി പണികഴിപ്പിച്ച MST വൈദികരുടെ ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മത്തിൽ സുപ്പീരിയർ ജനറൽ റവ. സി. നിർമ്മല കുര്യാക്കോസും സിസ്റ്റേഴ്സും സംബന്ധിച്ചു.

- സുപ്പീരിയർ ജനറൽ റവ. സി. നിർമ്മല കുര്യാക്കോസ് ജനുവരി 20- 21 തീയതികളിൽ ഛത്തീസ്ഗഡിലെ ജഗദൽപൂർ രൂപത ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ CMI യെ സന്ദർശിച്ചു.
- ജനുവരി 20 ന് കട്ടപ്പന ഡോൺബോസ്കോ ഇൻഫന്റ് ജീസസ് സ്കൂളിൽ വച്ച് നടത്തിയ റവ. ഫാ. വർഗീസ് തണ്ണിപ്പാറയുടെ സന്യാസ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ സി. ലീമ സെബാസ്റ്റ്യൻ, സി. ആൻസ് മരിയ എന്നിവർ പങ്കെടുത്തു
- കാഞ്ഞിരപ്പള്ളി രൂപത പാസ്റ്ററൽ സെന്ററിൽ വച്ച് ജനുവരി 23 ന് മേജർ സുപ്പീരിയേഴ്സിനായി നടത്തിയ മീറ്റിങ്ങിൽ സി. ലീമ സെബാസ്റ്റ്യൻ, സി. ലിസ കുരുവിള എന്നിവർ സംബന്ധിച്ചു

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തിയ ക്രിസ്തുമസ് സായാഹ്നം എന്ന പ്രോഗ്രാമിൽ പ്രൊവിൻഷ്യൽ ടീമും C30 കരോൾ ഗാനമത്സരത്തിൽ പങ്കെടുത്ത സിസ്റ്റേഴ്സും സംബന്ധിച്ചു.
- C30 നടത്തിയ കരോൾ ഗാനമത്സരത്തിൽ ഒന്നാം സ്ഥാനവും എസ്.എച്ച്. മീഡിയ പാല നടത്തിയ കരോൾ ഗാനമത്സരത്തിൽ രണ്ടാം സ്ഥാനവും ലഭിച്ചു.
- പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തിയ എപ്പാർക്കിയൽ അസംബ്ലി മാർഗരേഖ സംബന്ധിച്ചുള്ള യോഗത്തിൽ സി. മേരി ഫിലിപ്പ് പങ്കെടുത്തു.
- അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ സ്ഥാനാരോഹണ കർമ്മത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേരി ഫിലിപ്പ് സംബന്ധിച്ചു.
- അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവും,

അഭിവന്ദ്യ മാർ ജോസഫ് സ്രാമ്പിക്കൽ പിതാവും പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

- സെന്റ് മേരീസ് പൊടിമറ്റം ഇടവകയിൽ നടത്തിയ നസ്രാണി സംഗമത്തിന്റെ വോളണ്ടിയേഴ്സ് മീറ്റിംഗിലും, നസ്രാണി സംഗമത്തിലും സിസ്റ്റേഴ്സ് പങ്കെടുത്തു.
- സി. ലിസ്ബത്ത്, സി. അന്നാ മരിയ എന്നിവർ തലശ്ശേരി ഹൃദയാരാം കൗൺസിലിംഗ് സെന്റർ സന്ദർശിച്ചു.
- LEV SHEMA കൗൺസിലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ നടത്തുന്ന ഒരു വർഷത്തെ കൗൺസലിംഗ് ആന്റ് സൈക്കോതെറാപ്പി ഡിപ്ലോമ കോഴ്സിന്റെ ഉത്ഘാടനം പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേരി ഫിലിപ്പ് നിർവഹിച്ചു.
- കൗമാരക്കാരായ കുട്ടികൾക്ക് സ്പാർക്ക് 2023 എന്ന ദ്വിദിന പരിപാടി LEV SHEMA സെന്ററിൽ വച്ച് നടത്തി. സി. ഡോ. അന്നാ മരിയായുടെ നേതൃത്വത്തിൽ നടന്ന പ്രോഗ്രാമിൽ സി. ലിസ്ബത്ത്, സി. ടെസ്സിൻ, സി. അൽഫോൻസ, സി. ആഗ്നൽ എന്നിവർ സഹകാരികളായി.
- ലഹരി വിമുക്ത കൂട്ടായ്മ മോചന പൊടിമറ്റത്തുവച്ച് എല്ലാ ഞായറാഴ്ചയും നടത്തുന്നു.
- സേക്രട്ട് ഹാർട്ട് ഗ്രൂപ്പ് ഫോർ വിമൻ വഴി വരുമാനദായകപദ്ധതിയുടെ ഭാഗമായി സോപ്പ് ഉൽപ്പന്നങ്ങൾ വിതരണം ചെയ്തു.
- ക്രിസ്തുമസിനോടനുബന്ധിച്ച് സോഷ്യൽ വർക്ക് കൗൺസിലർ സി. ലിസ്ബത്തിന്റെ നേതൃത്വത്തിൽ എസ്.എച്ച്. വിമലാ പ്രൊവിൻസിന്റെ ക്ഷേമസ്ഥാപനങ്ങൾ സന്ദർശിക്കുകയും മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.
- 6,8,9 തീയതികളിൽ വിമൽ ജ്യോതി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സോണൽ മീറ്റിംഗുകൾ സി. ലിസ്ബത്തിന്റെ നേതൃത്വത്തിൽ നടത്തി.

- സി. അൻസാ തുണ്ടിയിൽ, സി. മേരിലിറ്റ് എന്നിവർ നോവിസസിന് ക്ലാസ്സെടുത്തു.
- ജനറലേറ്റിൽ നിന്നുള്ള ഓൺലൈൻ വചനധ്യാനത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- കൊല്ലമുള മഠം പുതുക്കിപ്പണിയുന്നതിന് കല്ലിടീൽ കർമ്മം ബഹുമാനപ്പെട്ട മാത്യു കല്ലറയ്ക്കലച്ചന്റെ കാർമ്മികത്വത്തിൽ നടന്നു.

## സ്നേഹസ്മരണയ്ക്ക്



**റവ. സി. മേരി സിറിയക്** FCC

| | | |
|---|---|---|
| ജനനം | - | 29/01/1930 |
| ആദ്യവ്രതം | - | 22/04/1956 |
| നിത്യവ്രതം | - | 22/04/1959 |
| മരണം | - | 02/01/2024 |

# കെ.സി.എസ്.എൽ.

## KCSL സ്റ്റേറ്റ് കലോത്സവം

കുട്ടികളിലെ കലാ - സാഹിത്യവാസനകളെ വളർത്തുക എന്ന ലക്ഷ്യത്തോടെ 'KCSL സംസ്ഥാന കലോത്സവം' നടത്തപ്പെട്ടു. ജനുവരി 13-ന് മാവേലിക്കരയിൽ വച്ച് നടന്ന സംസ്ഥാനതല മത്സരത്തിൽ കാഞ്ഞിരപ്പള്ളി രൂപത KCSL-നെ പ്രതിനിധീകരിച്ച് 85 ഓളം കുട്ടികൾ വിവിധ മത്സരയിനങ്ങളിൽ പങ്കെടുക്കുകയും സമ്മാനാർഹരാകുകയും ചെയ്തു. മത്സരങ്ങളുടെ ഫലങ്ങൾ ചുവടെ ചേർക്കുന്നു.

**കലാമത്സരങ്ങൾ**

**പ്രസംഗം മലയാളം**

- എച്ച്.എസ്.എസ് വിഭാഗം - എ ഗ്രേഡ് : ജുവന ട്രീസാ റെജി, സെന്റ് ജോർജ് എച്ച്. എസ്.എസ് കട്ടപ്പന.
- എച്ച്. എസ് വിഭാഗം - 1st എ ഗ്രേഡ് : മരിയ എസ്, എസ്.എം.എച്ച്. എസ്. മേരികുളം.
- യു.പി വിഭാഗം - എ ഗ്രേഡ് : അൽഫോൻസാ ജോജോ, സെന്റ് മാത്യു എലിക്കുളം.

**പ്രസംഗം ഇംഗ്ലീഷ്**

- എച്ച് എസ് വിഭാഗം - എ ഗ്രേഡ് : അലക്സ് ജോസ്, എ.കെ.ജെ.എം കാഞ്ഞിരപ്പള്ളി

**ലളിതഗാനം**

- യു.പി. വിഭാഗം- 1st എ ഗ്രേഡ് : അൽഫോൻസാ സുനിൽ, സെന്റ് മേരിസ് എച്ച്.എസ് ഇളംകുളം.

**പുത്തൻ പാന**

- എച്ച്.എസ്.എസ് വിഭാഗം- എ ഗ്രേഡ് : ആനി മെറിൻ ഇമ്മാനുവൽ, എ.എം. എച്ച്.എസ്.എസ്. കാളകെട്ടി.
- എച്ച് .എസ് വിഭാഗം-1st എ ഗ്രേഡ് : ആൻ മരിയ സുനിൽ, സെൻ്റ് മേരിസ് ഇളങ്ങുളം.
- യു.പി വിഭാഗം- 3rd എ ഗ്രേഡ് : സ്വീറ്റി മാത്യു, മരിയൻ പബ്ലിക് സ്കൂൾ മേരികുളം.

**ചവിട്ടുനാടകം**

- യു.പി വിഭാഗം - 1st എ ഗ്രേഡ് : എ.കെ.എം.യു.പി.എസ് കൊച്ചറ.

**മാർഗംകളി**

- എച്ച്.എസ് വിഭാഗം- എ ഗ്രേഡ് : സെൻ്റ് മേരിസ് ജി.എച്ച്.എസ് കാഞ്ഞിരപ്പള്ളി.
- യു.പി വിഭാഗം - എ ഗ്രേഡ് : എ.കെ.എം. യു.പി.എസ് കൊച്ചറ.

**കഥാപ്രസംഗം**

- എച്ച്.എസ് വിഭാഗം - എ ഗ്രേഡ് : ടിബിൻ എബ്രഹാം, എ.കെ.ജെ.എം കാഞ്ഞിരപ്പള്ളി.
- യു.പി വിഭാഗം - എ ഗ്രേഡ് : വിജിത്ത് വിൻസൻ്റ്, സെൻ്റ് തോമസ് എച്ച്.എസ് ആനിക്കാട്.

**പരിചമുട്ടുകളി**

- എച്ച്.എസ് വിഭാഗം - എ ഗ്രേഡ് : സെൻ്റ് മേരിസ് എച്ച്.എസ് മേരികുളം.
- യു.പി വിഭാഗം - എ.കെ. എം. യു.പി. എസ് കൊച്ചറ.

**കെ.സി.എസ്.എൽ അന്തം**

- എച്ച്.എസ് വിഭാഗം- സെൻ്റ് മേരിസ് ജി.എച്ച്.എസ് കാഞ്ഞിരപ്പള്ളി. .

**ഭക്തിഗാനം ഫീമെയിൽ**

- എച്ച്.എസ്. എസ് വിഭാഗം – എ ഗ്രേഡ്: മെറിൻ അൽഫോൻസാ ജോസഫ്– എ.എം.എച്ച് എസ്.എസ് കാളകെട്ടി.
- എച്ച്.എസ് വിഭാഗം – എ ഗ്രേഡ് : ടെസ്സി മരിയ രഞ്ജിത്ത് – സെന്റ് ജോസഫ് പബ്ലിക് സ്കൂൾ കുന്നുംഭാഗം.
- യു.പി വിഭാഗം– 1st എ ഗ്രേഡ്: സെന്റ് മേരിസ് എച്ച്.എസ് ഇളങ്ങുളം.

**സ്റ്റഡി സർക്കിൾ**

- എച്ച്.എസ് വിഭാഗം – എ ഗ്രേഡ് : സെന്റ് മേരിസ് ജി.എച്ച്.എസ്. കാഞ്ഞിരപ്പള്ളി.
- യു.പി വിഭാഗം – എ ഗ്രേഡ് : സെന്റ് മേരിസ് ജി.എച്ച്.എസ്. കാഞ്ഞിരപ്പള്ളി.

**മോണോ ആക്ട്**

- എച്ച്.എസ് വിഭാഗം– 1st എ ഗ്രേഡ് : അനുഗ്രഹ ഷാജി, സെന്റ് തോമസ് എച്ച്.എസ് ആനിക്കാട്.
- യു.പി വിഭാഗം – 1st എ ഗ്രേഡ് : അൽഫോൻസ അന്ന ഷാജി, എ.കെ.ജെ.എം കാഞ്ഞിരപ്പള്ളി.

**എൽ.പി വിഭാഗം കലോത്സവം**

ഈ വർഷത്തെ എൽ.പി വിഭാഗം കലോത്സവം ഹൈറേഞ്ച് വിഭാഗം ഫെബ്രുവരി മാസം 3–ാം തീയതി കട്ടപ്പന സെന്റ് ജോർജ് എൽ.പി സ്കൂളിലും, ലോറേഞ്ച് വിഭാഗം ഫെബ്രുവരി മാസം 17–ാം തീയതി പൊൻകുന്നം എസ്.എച്ച് യു.പി സ്കൂളിലും വച്ചു നടത്തുന്നതാണ്. മത്സരങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു..

മത്സരയിനങ്ങൾ

1. ഭക്തിഗാനം (ആൺ) 5 മി. (ക്രിസ്തീയ ഭക്തിഗാനങ്ങൾ)
2. ഭക്തിഗാനം (പെൺ) 5 മി (ക്രിസ്തീയ ഭക്തിഗാനങ്ങൾ)

3. പ്രസംഗം (ആൺ) 5 മി. (പ്രസംഗ വിഷയം : വിശുദ്ധ ക്ലോഡിൻ എന്ന പ്രേഷിത മാതൃക)
4. പ്രസംഗം (പെൺ) 5 മി. (പ്രസംഗ വിഷയം :വിശുദ്ധ ക്ലോഡിൻ എന്ന പ്രേഷിത മാതൃക)
5. ഫാൻസിഡ്രസ് മത്സരം (ക്രിസ്തീയ വിശുദ്ധർ)
6. സുകൃതജപം ചൊല്ലൽ (1 മിനിറ്റിൽ പരമാവധി ആവർത്തനം കുടാതെ)
7. ബൈബിൾ കഥ പറച്ചിൽ – 5 മി, (ബൈബിൾ കഥകൾ മാത്രം)
8. ആക്ഷൻ സോങ് (പരമാവധി 7 കുട്ടികൾ) 5 മി

**ഫാ. ജോർജ് അനന്തക്കാട്ട്**

**ഡയറക്ടർ**

# തേനി മിഷൻ വാർത്തകൾ

- പതിവുപോലെ കുട്ടികൾക്കുള്ള ട്യൂഷൻ ക്ലാസുകളും ആതുരശുശ്രൂഷകളും വില്ലേജ് സന്ദർശനങ്ങളും നടത്തുന്നു.

**കമ്പം മിഷൻ**

- ആങ്കൂർപാളയം വില്ലേജിൽ ക്രിസ്മസ് പുതുവത്സര ആഘോഷങ്ങൾ നടത്തപ്പെട്ടു. തക്കല രൂപതാദ്ധ്യക്ഷൻ മാർ ജോർജ് രാജേന്ദ്രൻ പിതാവ് മുഖ്യാതിഥിയായി സന്ദേശം നൽകുകയും കുട്ടികളും യുവജനങ്ങളും അവതരിപ്പിച്ച കലാപരിപാടികൾ ആസ്വദിക്കുകയും ചെയ്തു.

**ജങ്കാൾപട്ടി മിഷൻ**

- കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിലെ മിഷൻലീഗ് കുട്ടികൾ ബഹു. കൊച്ചച്ചന്റെയും സിസ്റ്ററിന്റെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ മിഷൻ സന്ദർശിച്ചു.
- വില്ലേജിലെ ആളുകളെ വിളിച്ചുചേർത്ത് ഏകദിന കൺവൻഷൻ നടത്തി. ബ്രദർ സുരേഷ് നേതൃത്വം നൽകി.

**ഫാ. ജോസ് തട്ടാംപറമ്പിൽ**
**തേനി മിഷൻ ഡയറക്ടർ**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**ജനറൽ സർജറി വിഭാഗത്തിൽ പുതിയ ഡോക്ടർ**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ജനറൽ സർജറി വിഭാഗത്തിൽ പുതിയതായി ഡോക്ടർ നന്ദകുമാർ എസ്. (MBBS DNB (General Surgery)) FMAS (Minimal Access Surgery) ഫെബ്രുവരി ഒന്നാം തീയതി മുതൽ ചാർജ് എടുക്കുന്നു. തൈറോയ്ഡ്, ഹെർണിയ, പിത്താശയത്തിലുള്ള കല്ല്, അപ്പെന്റിക്സ്, പൈൽസ്, ഫിസ്റ്റുല, വെരിക്കോസ് വെയിൻ, ശരീരത്തിലെ മുഴകൾ തുടങ്ങിയ രോഗങ്ങൾക്ക് മികച്ച ചികിത്സാ സംവിധാനങ്ങൾ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ലഭ്യമാണ്. സീനിയർ ജനറൽ സർജൻ ഡോക്ടർ കിംഗ്സിലി ഇയ്യൻകുട്ടി (MBBS, MS, FMAS) യുടെ സേവനം തുടർന്നും ഹോസ്പിറ്റലിൽ ഉണ്ടായിരിക്കുന്നതാണ്. 24 മണിക്കൂറും ജനറൽ സർജറി വിഭാഗത്തിൽ ഡോക്ടർമാരുടെ സേവനം ഹോസ്പിറ്റലിൽ ലഭ്യമാണ്.

**ജലസംഭരണിയുടെ വെഞ്ചിരിപ്പും ഉദ്ഘാടനവും നിർവഹിച്ചു**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ഏറ്റവും അത്യാധുനിക രീതിയിലുള്ള ജലശുദ്ധീകരണ സംവിധാനങ്ങളോടുകൂടെയുള്ള മൂന്ന് മഴവെള്ള സംഭരണികളുടെ വെഞ്ചിരിപ്പും ഉദ്ഘാടനവും ജനുവരി മുപ്പതാം തീയതി കാഞ്ഞിരപ്പള്ളി രൂപത മുൻ അധ്യക്ഷൻ മാർ മാത്യു അറക്കൽ പിതാവ് നിർവഹിച്ചു. 25 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള മൂന്നു ശുദ്ധജല സംഭരണികളാണ് ഹോസ്പിറ്റലിൽ നിർമ്മിച്ചിട്ടുള്ളത്. ജലശുദ്ധീകരണ സംവിധാനങ്ങളോടു കൂടിയുള്ള മഴവെള്ള സംഭരണികൾ തടസ്സമില്ലാത്ത ജലലഭ്യതയ്ക്ക് ഉപകരിക്കുന്നതാണ്.

## യൂറോളജി ആഴ്ചയിൽ രണ്ടുദിവസം

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ യൂറോളജി വിഭാഗം ആഴ്ചയിൽ രണ്ടുദിവസം. യൂറോളജി ഡിപ്പാർട്ട്മെന്റിൽ ഡോ. സിജു C.S ന്റെ (MBBS, MS General Surgery, MCH Urology) സേവനം ആഴ്ചയിലെ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ വൈകുന്നേരം നാലുമണി മുതൽ ആറുമണിവരെ ലഭ്യമാണ്. കിഡ്നി സ്റ്റോൺ, മൂത്രത്തിൽ പഴുപ്പ്, മൂത്ര തടസ്സം, മൂത്രാശയ ക്യാൻസർ, ലൈംഗിക പ്രശ്നങ്ങൾ, ഇൻഫെർട്ടിലിറ്റി തുടങ്ങിയ കാര്യങ്ങൾക്ക് മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ യൂറോളജി വിഭാഗം ചികിത്സ നൽകി വരുന്നു.

## ഇ.എൻ.ടി. ഡോക്ടർ മുണ്ടക്കയം ക്ലിനിക്കിലും

എം.എം.ടി മുണ്ടക്കയം ക്ലിനിക്കിൽ ഇ.എൻ.ടി ഡോക്ടറുടെ സേവനം എല്ലാ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലും രാവിലെ 9 മണി മുതൽ ഒരു മണി വരെ ലഭ്യമാണ്. ഡോക്ടർ ഗീതി കൃഷ്ണ എസ് (MBBS, MS ENT) ഈ ദിവസങ്ങളിൽ എം.എം.ടി മുണ്ടക്കയം ക്ലിനിക്കിൽ കൺസൾട്ടേഷൻ ഉണ്ടായിരിക്കുന്നതാണ്. ഇ.എൻ.ടി. യുടെ സേവനം തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 9 മുതൽ 12:30 വരെയും, തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ വൈകിട്ട് 4:30 മുതൽ 5:30 വരെ ഹോസ്പിറ്റലിലും ഉണ്ടായിരിക്കുന്നതാണ്. സീനിയർ ENT സർജൻ ഡോക്ടർ കുഞ്ചെറിയ തോമസ് തിങ്കൾ ബുധൻ വെള്ളി ദിവസങ്ങളിൽ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ഉണ്ടായിരിക്കുന്നതാണ്

## മെഡിക്കൽ ക്യാമ്പ് വള്ളക്കടവ്

സെന്റ് ജോസഫ് വള്ളക്കടവ് ഇടവകയുടെയും മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ വള്ളക്കടവ് സെന്റ് ജോസഫ് പാരിഷ് ഹാളിൽ വച്ച് സൗജന്യ ഓർത്തോപീഡിക് ജനറൽ മെഡിസിൻ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. ഇടവക വികാരി ബഹുമാനപ്പെട്ട ഫാദർ റോബിൻ തെക്കേൽ ഉദ്ഘാടനം ചെയ്ത മെഡിക്കൽ ക്യാമ്പിൽ

# ഡി.സി.എം.എസ്.

- ജനുവരി 2 ചൊവ്വാഴ്ച പാസ്റ്ററൽ സെന്ററിൽ ഡി.സി.എം.എസ്. ഓഫീസിൽ വച്ച് നടന്നു.
- കോട്ടയത്ത് ഓഫീസിൽ വച്ച് നടന്ന സംസ്ഥാന കൗൺസിൽ യോഗത്തിൽ രൂപതാ പ്രസിഡന്റ് പങ്കെടുത്തു.
- സീറോ മലബാർ ദളിത് വികാസ് സൊസൈറ്റിയിലേക്ക് രൂപതയിൽ നിന്നും 5 കുട്ടികളുടെ ലിസ്റ്റ് ഈ വർഷത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയിലേക്ക് നല്കി. അവർ കഴിഞ്ഞ വർഷവും സ്കോളർഷിപ്പിന് അർഹരായവരും ഈ വർഷം തുടർപഠനത്തിന് സഹായത്തിന് യോഗ്യരായവരും ആണ്.
- ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കണമെന്നും അത് ഉടൻ നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ട് സംസ്ഥാന സമിതിയിലൂടെ ഗവൺമെന്റിന് രൂപതാസമിതി നിവേദനം നൽകി.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**

---

## മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ഓർത്തോപീഡിക് സർജൻ ഡോക്ടർ അരുൾ സേവ്യർ, കമ്മ്യൂണിറ്റി മെഡിസിനിൽ നിന്നും ഡോക്ടർ ക്രിസ്റ്റി മരിയ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിൽ കൺസൾട്ടേഷനും മരുന്നുകളും സൗജന്യമായി നൽകി

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

കാഞ്ഞിരപ്പള്ളി രൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ പ്രതിമാസ മീറ്റിംഗ് 2024 ജനുവരി 14-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് രൂപതാ ഓഫീസിൽ വച്ച് നടത്തുകയുണ്ടായി. മീറ്റിംഗിനോട നുബന്ധിച്ച് മുൻ ഫ്രാൻസിസ്കൻ സഭാ ഡയറക്ടർ റവ. ഫാ. ജയിംസ് ചൂരമന അച്ചനു ഉജ്ജ്വലമായ യാത്രയയപ്പു നൽകുകയുണ്ടായി. മീറ്റിം ഗിന് രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് അദ്ധ്യക്ഷ്യം വഹിച്ചു. പ്രാരംഭപ്രാർത്ഥനയ്ക്കു രൂപതാ ഫോർമേറ്റർ ബ്രദർ ജോസ് കിഴക്കേത്തലയ്ക്കൽ നേതൃത്വം നല്കി. രൂപതാ കൗൺസിലർ ബ്രദർ ജോസ് റ്റി. തയ്യിൽ സ്വാഗതം ആശംസിക്കുകയും മുൻ ഡയറക്ടർ കാഞ്ഞിരപ്പള്ളി രൂപതാ ഫ്രാൻസിസ്കൻ സഭയ്ക്ക് നാലു വർഷമായി ചെയ്തു തന്ന സേവനം വിവരിക്കുകയുണ്ടായി. രൂപതാ സെക്രട്ടറി ബ്രദർ തോമസ് ചാക്കോ മുൻയോഗ റിപ്പോർട്ടും കാലിക വിഷയങ്ങളും അവതരിപ്പിച്ചു. ബ്രദർ ജോജോ ആന്റണി, ബ്രദർ ജോസ് കിഴക്കേത്ത ലയ്ക്കൽ, സിസ്റ്റർ മറിയാമ്മ ഡോമിനിക്ക് വടക്കേനാത്ത് എന്നിവർ ആശംസകൾ അർപ്പിക്കുകയും സിസ്റ്റർ മോളി ജോസ് വാഴപ്പനാടി മുൻ ഡയറക്ടർക്കു രൂപതയുടെ പേരിൽ സ്നേഹോപഹാരം നൽകി ആദ രിക്കുകയും ചെയ്തു. മറുപടി പ്രസംഗത്തിൽ ഡയറക്ടർ ജയിംസ് ചൂരമന അച്ചൻ കാഞ്ഞിരപ്പള്ളി രൂപതാ ഫ്രാൻസിസ്കൻ സഭയുടെ കോവിഡ് കാലത്തു സൂം മീറ്റിംഗുകൾ സംഘടിപ്പിച്ചു പ്രവർത്തിച്ചതിനു ശ്ലാഘിക്കുകയും ചെയ്തു.

ജനുവരി 6 ന് മുൻ ഡയറക്ടറായിരുന്ന ജയിംസ് കുഞ്ഞറ ക്കാട്ട് അച്ചന്റെ 18-ാമത്തെ ചരമവാർഷികം ധർമ്മരാരാമത്തിൽ ധാരാളം അംഗങ്ങൾ പങ്കെടുത്തു ദിവ്യബലിയിൽ സംബന്ധിച്ചിരുന്നു. സമാപനപ്രാർത്ഥനയ്ക്കുശേഷം ചായ സൽക്കാരത്തോടെ മീറ്റിംഗ് 5 pm ന് സമാപിച്ചു.

**സെക്രട്ടറി**

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി കാഞ്ഞിരപ്പള്ളി കമ്മീസിയത്തിന്റെ 456-ാമതും കൂരിയായുടെ 913-ാമതും സമ്മേളനം 2024 ജനുവരി 13-ാം തീയതി പാസ്റ്ററൽ സെന്റർ അനക്സിൽ വൈസ് പ്രസിഡന്റ് സി. മേഴ്സി ജോസഫ് കൂടംപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടി.

പ്രാരംഭപ്രാർത്ഥനയും ജപമാലയും കഴിഞ്ഞ് ലീജിയൻ നിയമഗ്രന്ഥത്തിൽനിന്നും അദ്ധ്യക്ഷൻ ജ്ഞാനവായന നടത്തി. മുൻ സമ്മേളനത്തിന്റെ മിനിറ്റ്സ് സെക്രട്ടറി ബ്രദർ ജേക്കബ് തോമസ് ചെറിയമുക്കട വായിച്ചു. സമ്മേളനത്തിൽ സന്നിഹിതരായ കമ്മീസിയം ഭാരവാഹികൾക്കും കൂരിയ പ്രസീദിയം ഭാരവാഹികൾക്കും മറ്റ് സൈനികർക്കും അദ്ധ്യക്ഷ പരിശുദ്ധ അമ്മയുടെ നാമത്തിൽ സ്വാഗതം ആശംസിച്ചു.

നമ്മുടെ ഓരോരുത്തരുടെയും ശ്രമഫലമായി മാതാവിന്റെ നാമധേയത്തിലുള്ള ഈ സംഘടനയെ വളർത്തണമെന്നും നിർജീവമായിരിക്കുന്ന ഇടവകകളിൽ സന്ദർശിച്ച് ലീജിയൻ ഓഫ് മേരി സംഘടനയെ പറ്റി ബോധവൽക്കരിക്കണമെന്നും സീറോ മലബാർ സഭയുടെ പിതാവും മേജർ ആർച്ച് ബിഷപ്പുമായ മാർ റാഫേൽ തട്ടിൽ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നും അദ്ധ്യക്ഷ തന്റെ പ്രഭാഷണത്തിൽ ഓർമ്മിപ്പിച്ചു.

ലീജിയൻ നിയമഗ്രന്ഥത്തിലെ അദ്ധ്യായം 39, പേജ് 422 "പ്രതികൂല വിമർശനങ്ങളോടുള്ള മനോഭാവം" എന്ന ഭാഗത്തെ ആസ്പദമാക്കി കണമല കൂരിയ പ്രസിഡന്റ് സി. ത്രേസ്യാമ്മ ആന്റണി പ്ലാവനാക്കുഴി നയിച്ച ചർച്ചയിൽ മറ്റ് അംഗങ്ങളും പങ്കുചേർന്ന് സംസാരിച്ചു.

→



# വിൻസെൻഷ്യൻ വേദി

13-01-2024 ശനിയാഴ്ച 10.30 എ.എം. ന് ഓസാനാം വിദ്യാഭവൻ മാനേജിംഗ് കമ്മറ്റിയുടെയും വിൻസെന്റ് ഡി പോൾ സൊസൈറ്റി സെൻട്രൽ കൗൺസിലിന്റെ സബ് കമ്മറ്റിയുടെയും ഒരു സംയുക്ത യോഗം ഓസാനാം വിദ്യാഭവനിൽ വച്ച് ചേരുകയുണ്ടായി.

യോഗത്തിൽ ഓസാനാം വിദ്യാഭവനിൽ ഇപ്പോൾ അടിയന്തിരമായി നടത്തേണ്ട പണികളെക്കുറിച്ച് ആലോചിച്ചു. അതിനുള്ള ഫണ്ട് കണ്ടെത്തുന്നതിനെക്കുറിച്ചും ആലോചന നടന്നു. അടുത്ത സി.സി. യോഗത്തിൽ ടി വിഷയങ്ങൾ അവതരിപ്പിക്കുന്നതിനും തീരുമാനിച്ചു.

വിൻസെന്റ് ഡി പോൾ സെൻട്രൽ കൗൺസിൽ സബ് കമ്മറ്റി യോഗത്തിൽ അടുത്ത സി.സി. യോഗത്തിൽ അവതരിപ്പിക്കേണ്ട വിഷയങ്ങളെക്കുറിച്ച് ആലോചിച്ചു.

29-12-2023 ൽ ഓസാനാം വിദ്യാഭവനിൽ വച്ച് ജൂണിയർ കോൺഫറൻസ് അംഗങ്ങൾക്കായി നടത്തിയ കലാ, രചനാ മത്സര

---

## ലീജിയൻ ഓഫ് മേരി

കമ്മീസിയത്തിന്റെ അടുത്ത സമ്മേളനം 2024 ഫെബ്രുവരി 10-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് കൂടുന്നതാണ്. സമാപനപ്രാർത്ഥനകൾ, ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനെന്ന് നാമകരണം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രാർത്ഥന എന്നിവയോടെ സമ്മേളനം സമാപിച്ചു.

**സെക്രട്ടറി**

ങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ കുട്ടികൾക്ക് യഥാക്രമം 500/-, 300/-, 200/- രൂപാ വീതം ക്യാഷ് പ്രൈസ് നൽകുകയുണ്ടായി. ഒന്നാം സമ്മാനം നേടിയ കുട്ടികൾക്ക് KRCC തല മത്സരങ്ങളിൽ പങ്കെടുക്കുവാനുള്ള അവസരവും നൽകി. KRCC തല മത്സരത്തിൽ പങ്കെടുത്ത് പ്രസംഗത്തിൽ സെക്കന്റ് പ്രൈസ് ലഭിച്ച കട്ടപ്പന സെന്റ് ജോർജ് എച്ച്.എസ്.എസ്. ലെ ബിയാനാ ബെന്നിക്ക് ആശംസകൾ.

ഓസാനാം ഫെസ്റ്റ് കാഞ്ഞിരപ്പള്ളി രൂപതാതല മത്സരങ്ങളിൽ പങ്കെടുത്ത സ്കൂളുകളിൽ നിന്ന് ചിറക്കടവ് സെന്റ് എഫ്രേംസ് എച്ച്.എസ്. ഒന്നാം സമ്മാനം നേടി ട്രോഫി കരസ്ഥമാക്കി. രണ്ടാം സമ്മാനം എലിക്കുളം സെന്റ് മാത്യൂസ് യു.പി.എസ്. നേടി.

**AC സമ്മേളനങ്ങൾ**

കുമളി ഏരിയാ കൗൺസിലിന്റെ ഒരു സംയുക്ത സമ്മേളനം കുമളി (അട്ടപ്പള്ളം) സെന്റ് തോമസ് ഫൊറോനാ പള്ളിയിൽ 14.01.2024 ഞായറാഴ്ച 2.45 പി.എം. ന് ജപമാലയോടെ ആരംഭിച്ചു. യോഗത്തിൽ എ.സി. പ്രസിഡന്റ് സിബിച്ചൻ താണോലിൽ അദ്ധ്യക്ഷത വഹിച്ചു. പ്രാരംഭപ്രാർത്ഥനയ്ക്കും ജ്ഞാനവായനയ്ക്കുംശേഷം എ.സി. സെക്രട്ടറി ബ്രദർ മാന്നാനം പ്രേംദാസ് റിപ്പോർട്ട്, കണക്ക് എന്നിവ അവതരിപ്പിച്ചു. സി.സി. പ്രസിഡന്റ് ബ്രദർ ജോൺ മാത്യു തൊമ്മിത്താഴെ വിൻസെൻഷ്യൻ പ്രവർത്തനങ്ങളെക്കുറിച്ചു ക്ലാസ്സെടുത്തു. കോൺഫറൻസുകളുടെ അവലോകനത്തിന് ശേഷം സി.സി. വൈസ് പ്രസിഡന്റ് ബ്രദർ സി.വി. ജോർജ് ചക്കാലയിൽ സന്ദേശം നൽകി.

പുതിയ എ.സി. പ്രസിഡന്റായി ബ്രദർ ഇമ്മാനുവേൽ കാഞ്ഞിരമറ്റം (ഫോൺ : 9446136432) സി.സി. പ്രസിഡന്റ് മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു. ഇരുപത്തിയെട്ട് പേർ പങ്കെടുത്ത യോഗത്തിന് എ.സി. സെക്രട്ടറി ബ്രദർ മാന്നാനം പ്രേംദാസ് കൃതജ്ഞത രേഖപ്പെടുത്തി. 5.15 പി.എം. ന് യോഗം സമംഗളം പര്യവസാനിച്ചു.

**സെക്രട്ടറി**

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

**ലഹരിവിമോചനധ്യാനം**

തമ്പലക്കാട് എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ ജനുവരി 10 മുതൽ 17 വരെ തീയതികളിൽ നടത്തിയ ധ്യാനത്തിൽ 57 പേർ പങ്കെടുത്തു. ദിവ്യബലി, ആരാധന, ക്ലാസ്, ചർച്ച, കൗൺസിലിംഗ് തുടങ്ങി എല്ലാ പരിപാടികളും ഫാ. സെബാസ്റ്റ്യൻ പെരുനിലം, ഫാ. ടോമി കൊല്ലംപറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ വളരെ കാര്യക്ഷമമായി നടത്തി. സി. ടെസി മരിയ FCC, ശ്രീ. ജോർജുകുട്ടി ആഗസ്തി, ശ്രീ. ജോർജ് പറത്താനം തുടങ്ങി എല്ലാ മാസവും ധ്യാനപരിപാടികൾ നടത്തിക്കൊണ്ടിരുന്ന എല്ലാവരും എത്തുകയും ക്ലാസ്, ചർച്ച, ധ്യാനം, കൗൺസിലിംഗ് ഇവ വളരെ ഭംഗിയായും ഫലപ്രദമായും നടത്തുകയും ചെയ്തു. 17-ാം തീയതി രാവിലെ ബഹു. ജോസഫ് വെള്ളമറ്റം അച്ചൻ ദിവ്യബലി അർപ്പിച്ചു. വളരെ ഹൃദയസ്പർശിയായ സന്ദേശം നൽകി. ഇനി ഒരിക്കലും മദ്യപിക്കുകയില്ല എന്ന ഉറച്ച തീരുമാനം ദൈവസന്നിധിയിൽ സമർപ്പിച്ച്, ദൈവാനുഗ്രഹനിറവോടെ എല്ലാവരും പ്രഭാതഭക്ഷണം കഴിച്ച് സ്വഭവനത്തിലേക്ക് യാത്രയായി.

**'സജീവം' ആന്റി ഡ്രഗ് ക്യാമ്പയിൻ**

KCBC JPD Commission, Kerala Social Service Forum

'സജീവം' State Co-ordinator, ശ്രീ. സജോ ജോയി കാഞ്ഞിരപ്പള്ളി രൂപതയിൽ സന്ദർശനം നടത്തി. മദ്യവിരുദ്ധസമിതിയുടെ ഓഫീസിലെത്തി ബഹു. ഡയറക്ടറച്ചനുമായി സജീവം ക്യാമ്പയിനെപ്പറ്റി ചർച്ച നടത്തി. രൂപതയിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

# വിമല പബ്ലിക്കേഷൻസ്

## പുത്തൻപുസ്തകങ്ങൾ

**1. കത്തോലിക്കാമതബോധനം നൂറ്റാണ്ടുകളിലൂടെ :**

**ഡോ.സേവ്യർ കൊച്ചുപറമ്പിൽ**

പേജ് :272/ വില: 350/ എഡിഷൻ:1

വിശ്വാസമെന്നത് സകലപ്രതിസന്ധികളെയും പ്രതിരോധിക്കാനും അതിജീവിക്കുവാനും ശേഷിയുള്ളതാണെന്ന ബോധ്യം പകർന്നു നൽകുന്നത് മതബോധനപ്രക്രിയയിലൂടെയാണ്. വിശ്വാസസമൂഹം നേരിടുന്ന വിവിധങ്ങളായ വെല്ലുവിളികളിൽ ഇടറാതെ മുന്നേറുവാൻ പ്രാപ്തമാക്കുന്ന മതബോധനപ്രക്രിയയുടെ ആരംഭവും, പ്രാധാന്യവും, കാലഘട്ടങ്ങളിലൂടെയുള്ള വികാസവും ഇതിൽ സംക്ഷിപ്തമായി അവതരിപ്പിക്കുന്നു. മതബോധനരംഗവുമായി ബന്ധപ്പെട്ട എല്ലാവർക്കും കാലാനസൃതമായ ദിശാബോധം കൈവരിക്കുന്നതിനുപകരിക്കുന്ന സമഗ്രമായ പാഠാവലി.

## പുത്തൻ പതിപ്പുകൾ

**1. ജീവന്റെ വഴികൾ (കുരിശിന്റെ വഴി) : ഫാ. നിക്കൊളാസ്**

പേജ് :64/ വില: 15/ എഡിഷൻ:2

**2. നിശബ്ദതയെ പ്രണയിക്കാം : സി. ലിൻസി DSHS**

പേജ് :164/ വില: 170/ എഡിഷൻ: 2

**3. ഒരു വിശുദ്ധകുടുംബത്തിന്റെ കഥ : സി. ഫിലമിൻ CMC**

പേജ് :152/ വില: 150/ എഡിഷൻ: 2

## പണിപ്പുരയിൽ

1. ഈ രാവ് തീരും മുമ്പ് : ഫാ. ഡാനിയേൽ പൂവണ്ണത്തിൽ
2. സഹിതം : ഫാ. ജോയി ചെഞ്ചേരിൽ
3. അതിജീവനത്തിന്റെ സുവിശേഷം: ഫാ.ആന്റണി പാറക്കടവിൽ
4. ഈസ്റ്റർ കഥകൾ : ഷാജി മാലിപ്പാറ
5. Easter Stories : Manjusha Kunnath

5. പ്രവാസിയുടെ ഏദൻതോട്ടം : ജെ.പി കാപ്പുംതല

**ഫാ. ജസ്റ്റിൻ മതിയത്ത്**

**ഡയറക്ടർ**

# Special Care Homes & Charitable Institutions (SEARCH)

**ആശാനിലയം സ്പെഷ്യൽ സ്കൂൾ**

ഭിന്നശേഷിക്കാരായ കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ വളർച്ചയ്ക്ക് കൈത്താങ്ങലുകൾ നല്കുന്നതിന്റെ ഭാഗമായി കലാ കായിക മേഖലയിൽ പ്രാവീണ്യം തെളിയിക്കുന്നതിനുമായി ഗോവയിൽ വച്ച് നടത്തപ്പെട്ട ഇന്റർനാഷണൽ പർപ്പിൾ ഫെസ്റ്റിൽ കേരള ടീമിനെ പ്രതിനിധീകരിച്ചു പോകുവാൻ ഏയ്ഞ്ചൽ വില്ലേജിൽ നിന്നും 2 കുട്ടികൾ (വിനീത്, ഡോണ) ക്ക് അവസരം ലഭിക്കുകയുണ്ടായി. ഒരാഴ്ച നീണ്ടുനിന്ന ഫെസ്റ്റിൽ നാടോടി നൃത്ത മത്സരത്തിൽ വിനീതിന് മൂന്നാം സ്ഥാനവും ഫുട്ബോൾ മത്സരത്തിൽ ഡോണയ്ക്ക് രണ്ടാം സ്ഥാനവും ലഭിക്കുകയുണ്ടായി. കുഞ്ഞുങ്ങൾക്കും കോച്ചായി പോയ ടീച്ചർ രാധാമണിക്കും എല്ലാവിധ ആശംസകളും.

12-01-2024 മുണ്ടക്കയം സെന്റ് ആന്റണീസ് യു.പി. സ്കൂളിലെ കുട്ടികളും അധ്യാപകരും ഏയ്ഞ്ചൽ വില്ലേജിൽ എത്തുകയും ഏയ്ഞ്ചൽ വില്ലേജിലെ മാലാഖമാർക്ക് ഒപ്പം ആടിയും പാടിയും സമയം ചിലവിട്ടു സന്തോഷം പങ്കിട്ടു.

13-01-2024 രണ്ടാം ശനിയാഴ്ച നടന്ന Angel's Prayer Day അതിമനോഹരമായി ദൈവം നടത്തിയതിനു നന്ദി പറയുന്നു. ദിവ്യകാരുണ്യ ആരാധനയിലും ജപമാലയിലും വിശുദ്ധ കുർബാനയിലും അനേകം മക്കൾ പങ്കെടുത്തു. മാതാപിതാക്കളുടെ അനുഭവ ഷെയറിങ്ങും ഉച്ചഭക്ഷണവും കൂടുതൽ ഊഷ്മളമാക്കി.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**ഭവനനിർമ്മാണ സഹായം**

നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 6,90,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസസഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 4,36,133/- രൂപ ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യ പദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ, സാന്ത്വനം പദ്ധതികൾക്കായും ചികിത്സാസഹായമായും 13,64,200/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷകസമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 3,21,630/- രൂപ ചിലവഴിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**സെക്രട്ടറി**

# ഇൻഫാം

- ഇൻഫാം താലൂക് ഡയറക്ടർമാരുടെ സമ്മേളനം 2024 ജനുവരി 16 ഉച്ചകഴിഞ്ഞു 2:30 നു പാറത്തോട് ഇൻഫാം കേന്ദ്ര ഓഫീസിൽ നടന്നു.

- പൊൻകുന്നം താലൂക് സമിതി ജനുവരി 16 വൈകുന്നേരം 5:30 നു ചെങ്ങളം ഗ്രാമസമിതിയിൽ വച്ചു നടന്നു. താലൂക് ഡയറക്ടർ ഫാ. ജസ്റ്റിൻ മതിയത്ത് ആധ്യക്ഷ്യം വഹിച്ച യോഗം കാർഷിക ജില്ലാ ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ ഉദ്ഘാടനം ചെയ്തു.

- 2024 ജനുവരി 20 ശനിയാഴ്ച 10:00 am നു അണക്കര ചില്ലിംഗ് പ്ലാന്റ് അങ്കണത്തിൽ വച്ച് ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ 'ധരണി സമൃദ്ധി - 2024' ഡോളോമൈറ്റ് വിതരണം നടന്നു.

- ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ എക്സിക്യൂട്ടീവ് 2024 ജനുവരി 20 ശനി 11:30 am നു അണക്കര മേരി മാതാ ഫാമിൽ വച്ചു നടന്നു.

- കട്ടപ്പന താലൂക്ക് സമതിയുടെയും പതിനൊന്ന് ഗ്രാമ സമതി കളുടെയും പ്രതിനിധി സമ്മേളനം 2024 ജനുവരി 23 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കട്ടപ്പന പള്ളിയുടെ പാരിഷ് ഹാളിൽ വച്ച് നടന്നു. ബഹു. താലൂക്ക് ഡയക്ടർ ഫാ: വർഗീസ് കുളംമ്പള്ളി അദ്ധ്യക്ഷത വഹിച്ചു. ജില്ലാ അസി. ഡയക്ടർ ബഹു. ഫാ. ജിൻസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി. കട്ടപ്പന ഫൊറോനാ വികാരി ബഹു. ജോസ് മാത്യു പറപ്പള്ളിൽ ആശംസകൾ അറിയിച്ചു.

→

# പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ, ജനുവരി മാസങ്ങളിലായി ഗ്രാമതലങ്ങളിൽ നടത്തിയ വിവിധ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി.ഡി.എസ് ഓർഗാനിക് സ്പൈസസ്**

കയറ്റുമതി: പി.ഡി.എസ് ഓർഗാനിക് സ്പൈസസിൽ നിന്നും കഴിഞ്ഞമാസം നടന്ന കയറ്റുമതികൾ: ഫ്രാൻസ് : 1

---

## ഇൻഫാം

- 2024 ജനുവരി 29 തിങ്കളാഴ്ച രാവിലെ 10:00 മണിക്ക് മുണ്ടിയെരുമ അസംപ്ഷൻ ഫൊറോന പാരീഷ് ഹാളിൽ വച്ച് ഇൻഫാം മുണ്ടിയെരുമ കാർഷിക താലൂക്ക് സമ്മേളനം നടത്തപ്പെട്ടു. ഫാ. തോമസ് ഞള്ളിയിൽ ആധ്യക്ഷ്യം വഹിച്ച യോഗം കാർഷിക ജില്ലാ ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ ഉദ്ഘാടനം ചെയ്തു. ആ സമ്മേളനത്തിൽ ഗ്രാമസമിതികളുടെ റിപ്പോർട്ട് അവതരണവും അവലോകനവും നടത്തി.
- 2024 ജനുവരി 31 ബുധനാഴ്ച രാവിലെ 10:00 മണിക്ക് പുറ്റടി പാരീഷ് ഹാളിൽ വച്ച് ഇൻഫാം അണക്കര കാർഷിക താലൂക്ക് സമ്മേളനവും ഗ്രാമസമിതികളുടെ റിപ്പോർട്ട് അവതരണവും അവലോകന ചർച്ചയും നടത്തപ്പെട്ടു. ഫാ. ജെയിംസ് വെൺമാന്തറ ആധ്യക്ഷ്യം വഹിച്ച യോഗം കാർഷിക ജില്ലാ ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ ഉദ്ഘാടനം ചെയ്തു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**ഡയറക്ടർ**

**ഓർഗാനിക് സർട്ടിഫിക്കേഷൻ**

18/11/2023 മുതൽ 25/11/2023 വരെ എൻ.പി.ഓ.പി, ഇ.യു എന്നിവയുടെ ഓഡിറ്റ് അതിഥി സർട്ടിഫിക്കേഷൻ പൂർത്തിയാക്കി.

18/12/2023 മുതൽ 20/12/2023 വരെ ഇ.യൂ, ഗ്രേറ്റ് ബ്രിട്ടൻ , നത്തൂർലാൻഡ്, എന്നിവയുടെ പ്രൊഡക്ഷൻ യൂണിറ്റ് ആയ പി.ഡി.എസ് ഓർഗാനിക് സ്പൈസസിന്റെ ഓഡിറ്റ് പൂർത്തിയായി.

12/01/2024 മുതൽ 18/01/2024 വരെ നത്തൂർ ലാൻഡ് ഫെയറിന്റെ ഓഡിറ്റ് അതിഥി സർട്ടിഫിക്കേഷൻ പൂർത്തിയാക്കി.

എസ്.ഒ.എസ്.എഫ്.സി. യുടെ ഫെയർ ട്രേഡ് സർട്ടിഫിക്കേഷന്റെ ഭാഗമായി 18/01/2024 ൽ മുരിക്കാശ്ശേരിയിൽ വച്ച് ജൈവകൃഷിയുടെ പ്രാധാന്യത്തെയും ആവശ്യകതയെപറ്റിയും ശ്രീ. ജേക്കബ്, ശ്രീ. റോയി എന്നിവർ ക്ലാസ് എടുത്തു.

**പി.ഡി.എസ് സഹ്യാദ്രി ആയുർവേദ ഡിവിഷൻ**

സഹ്യാദ്രിയുടെ അടുത്ത മാസത്തേക്കുള്ള ബുക്കിംഗ് രജിസ്റ്റർ ചെയ്തു, ഓ.പി കൺസൾട്ടേഷൻ നടത്തുകയും ചെയ്തു.

സഹ്യാദ്രി ആയുർവേദയിൽ പുതുതായി 2 തെറാപ്പിസ്റ്റുകൾ ജോയിൻ ചെയ്തു. മിസ്സിസ് ജയമോൾ, മിസ്റ്റർ അലൻ.

സഹ്യാദ്രിയിൽ പേഷ്യന്റ്സിനും ഫോറിൻ ഗസ്റ്റിനും വേണ്ടി ഒരുക്കിയ പാർലറിന്റെ ഒരുക്കങ്ങൾ പൂർത്തീകരിച്ചു.

കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ആയുർവേദ മരുന്നുകൾ വിതരണം ചെയ്തു വരുന്നു.

**സഹ്യാദ്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

വാട്ടർ & സോയിൽ ടെസ്റ്റിംഗ് ലാബ് – സാമ്പിളുകൾ പരിശോധിച്ചത്:

ഡോളോമേറ്റ്: 1, റൂട്ട്: 1, ആയുർവേദ സാമ്പിൾ: 35, വാട്ടർ: 7

ട്രൈക്കോഡർമ : 70 kg , സ്യൂഡോമോണസ് 5 kg പുതുതായി ഉത്പാദിപ്പിച്ചു. ട്രൈക്കോഡർമ : 1 L വിൽപ്പന നടത്തി. സ്യൂഡോമോണസ്: 15 L വിൽപ്പന നടത്തി.

കമ്പോസ്റ്റ് 410 kg ഉല്പാദിപ്പിച്ചു. 570 kg വിറ്റഴിച്ചു. 1125 kg നിലവിൽ സ്റ്റോക്ക് ഉണ്ട്.

**ഇക്കോ ഫാം**

കുരുമുളക് തൈകൾ ഉല്പാദിപ്പിച്ചത്: 3000. 180 കുരുമുളക് തൈകൾ വിൽപ്പന നടത്തി. 2100 കുരുമുളക് തൈകൾ സ്റ്റോക്കുണ്ട്.

**ഗാർഡൻ**

ഗാർഡനിൽ ഈ മാസം 1579 തൈകൾ വിറ്റഴിച്ചു. പുതുതായി 259 തൈകൾ ഉത്പാദിപ്പിച്ചു.

**ബയോ ഒറിജിൻ**

ബയോ ഒറിജിനൽ 22 തരം ഉൽപ്പന്നങ്ങളിൽ നിന്നും 543 എണ്ണം ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തി.

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

**ക്രിസ്തുമസ് ആഘോഷവും ജോയിന്റ് റീജണൽ മീറ്റിംഗും**

പി.ഡി.എസ് വിവിധ ഗ്രാമങ്ങളിൽ നടത്തിവരുന്ന വികസന പ്രവർത്തനങ്ങളെ വിലയിരുത്തുക, ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ മാസവും നടത്തപ്പെടുന്ന മീറ്റിങ്ങുകൾ ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് ജോയിന്റ് റീജണൽ മീറ്റിംഗ് ആയി തട്ടാത്തിക്കാനത്ത് വെച്ച് നടത്തി. വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള 60 പ്രതിനിധികൾ മീറ്റിങ്ങിൽ പങ്കെടുത്ത റിപ്പോർട്ട് അവതരിപ്പിച്ചു.

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിൽസൺ ജെയിംസ് കുന്നത്ത്പുരയിടം, ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. റോയി നെടുംതടിയിൽ എന്നിവർ മീറ്റിങ്ങുകൾക്ക് നേതൃത്വം നൽകി. അതോടൊപ്പം ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ ഏവർക്കും നേരുകയുണ്ടയി. റീജണൽ കോഡിനേറ്റേഴ്സ്, മറ്റ് സ്റ്റാഫ്അംഗങ്ങൾ മീറ്റിങ്ങിൽ സന്നിഹിത രായിരുന്നു.

**കർഷക ഉത്പാദക കമ്പനി**

നബാർഡ്, എൻ.സി.ഡീ.സി. എന്നീ ഏജൻസികളുമായി സഹകരിച്ച് പി.ഡി.എസ് നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന കർഷക കമ്പനികളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടു പോകുന്നു. നബാർഡിന്റെ സഹകരണത്തോടെ കേരളത്തിലെ 12 ജില്ലകളിലെ 25 ബ്ലോക്കുകളിലായി രൂപീകരിച്ച 25 കർഷക കമ്പനികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി.

എൻ.സി.ഡി.സി.യുടെ സഹായസഹകരണത്തോടെ കോഴിക്കോട് ഇടുക്കി ജില്ലകളിലായി രൂപീകരിച്ച 7 കർഷക സൊസൈറ്റികളിൽ 2 കർഷക സൊസൈറ്റികളുടെ രജിസ്ട്രേഷൻ പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു.

**വനജ്യോതിസ്**

പദ്ധതിപ്രദേശം കോഴിമല, കണ്ണംപടി, കൊമ്പുകുത്തി, ആദിവാസി കോളനികൾ. ആദിവാസി കുടുംബങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി കൊണ്ട് നടപ്പിലാക്കിവരുന്ന വനജ്യോതിസ് പദ്ധതിയിലുൾപ്പെടുത്തി ഈ മാസം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ .

| | | |
|---|---|---|
| മഴവെള്ള സംഭരണി | : | 2 |
| കിണർ റീചാർജിങ് | : | 1 |
| കിണർ നവീകരണം | : | 2 |
| കല്ല് കയ്യാല | : | 54 $m^2$ |

**സെമിനാർ**

വീട്ടുവളപ്പിലെ കൃഷിയിലൂടെ കാർഷിക ജൈവവൈവിധ്യ സംരക്ഷണം പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയും ഐ.സി.എ.ആർ. തൃശ്ശൂരും സംയുക്തമായി 'വീട്ടുവളപ്പിലെ കൃഷിയിലൂടെ കാർഷിക ജൈവവൈവിധ്യ സംരക്ഷണം' എന്ന വിഷയത്തിൽ ഒരു ദിവസത്തെ സെമിനാറും ഫലവൃക്ഷ തൈകളുടെയും കാർഷിക ഉപകരണങ്ങളുടെയും വിതരണവും

സംഘടിപ്പിച്ചു. ഐ.സി.എ.ആർ. തൃശ്ശൂരിന്റെ ട്രൈബൽ സബ് പ്ലാൻ വഴിയായാണ് പരിപാടികൾ സംഘടിപ്പിച്ചത്.

കോഴിമല സെന്റ് ജോസഫ് ചർച്ച് ഹാളിൽ വച്ച് നടന്ന പരിപാടിയിൽ പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കോഴിമല, രാജപുരം, ചെന്നിനായ്ക്കൻകുടി, പൂവന്തിക്കുടി എന്നിവിടങ്ങളിൽ നിന്നുള്ള 100 കർഷകർ പങ്കെടുത്തു.

പ്രസ്തുത പരിപാടികൾക്ക് ഡോക്ടർ സുമ എ സയന്റിസ്റ്റ് ഐ.സി.എ.ആർ, ഡോക്ടർ കെ. പ്രദീപ് പ്രിൻസിപ്പൽ സയന്റിസ്റ്റ് ആൻഡ് ഓഫീസ് ഇൻ ചാർജ് ഐ.സി.എ.ആർ. തൃശ്ശൂർ, ഡോക്ടർ എം. ലത പ്രിൻസിപ്പൽ സയന്റിസ്റ്റ് ഐ.സി.എ.ആർ, ഫാദർ ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം എക്സിക്യൂട്ടീവ് ഡയറക്ടർ പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി, ഫാ. ജേക്കബ് മങ്ങാടം പള്ളി വികാരി സെന്റ് ജോസഫ് ചർച്ച് കോഴിമല, ശ്രീ. രാമൻ രാജമന്നൻ കോവിൽമല രാജാവ്, ശ്രീ. ടി.പി. ദിവാകരൻ ഊരുമൂപ്പൻ ചെന്നിനായ്ക്കൻകുടി, ശ്രീ ആനന്ദൻ കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡ് മെമ്പർ, ശ്രീമതി ലിനു ജോസ് കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡ് മെമ്പർ, ഡോക്ടർ പി പി തിരുമലൈസ്വാമി സീനിയർ സയന്റിസ്റ്റ് ഐ.സി.എ. ആർ എന്നിവർ നേതൃത്വം നൽകി.

**ഇന്റൺഷിപ്പ് പ്രോഗ്രാം**

സാമൂഹിക പ്രവർത്തകർക്കു വേണ്ടിയുള്ള പരിശീലന ത്തിന്റെ ഭാഗമായി 2 കോളേജുകളിൽ നിന്നായി 4 വിദ്യാർത്ഥികൾ പി.ഡി. എസിൽ ഇന്റൺഷിപ്പ് പൂർത്തിയാക്കി വരുന്നു.

**സാമ്പത്തിക സഹായങ്ങൾ**

കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി വഴിയായും പി.ഡി.എസ് ഫാമിലി സ്പോൺസർഷിപ്പ് പ്രോഗ്രാം വഴിയായും ഈമാസം നൽകിയ സാമ്പത്തിക സഹായങ്ങൾ

| | | |
|---|---|---|
| വിദ്യാഭ്യാസ സഹായം | : | 115000/- |
| വിവാഹസഹായം | : | 24207/- |
| ഭവന നിർമ്മാണം | : | 180000/- |
| ശുചിമുറി നിർമ്മാണം | : | 20000/- |
| വരുമാനദായക പ്രവർത്തനങ്ങൾ | : | 147000/- |
| ചികിത്സാ സഹായം | : | 52000/- |

**കൗൺസിലിംഗ് സേവനം**

പീരുമേട് ഡെവലപ് മെൻറ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് ഡിസംബർ, ജനുവരി മാസങ്ങളിലായി 23 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനവും ഇതര സഹായങ്ങളും ഈ സെന്ററിൽനിന്നും നൽകി വരുന്നു.


**ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി.ഡി. എസ് നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ 304 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സ സഹായമായി 3 യൂണിറ്റിൽ 9 പേർക്ക് 59290/- രൂപ വിതരണം ചെയ്തു.

| | |
|---|---|
| വെള്ളിലാംകണ്ടം | : 28515/- |
| നരിയംപാറ | : 23425/- |
| കരുണാപുരം | : 7350/- |

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**

**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**

**ജനുവരി 2024**

01 നെയ്യാട്ടുശ്ശേരി ഇടവകയിൽ ഡീക്കൻ എബ്രഹാം വെള്ളാപ്പള്ളിയുടെ ശുശ്രൂഷാ പൗരോഹിത്യസ്വീകരണ കർമ്മത്തിൽ കർമികത്വം വഹിച്ചു.

02 പാസ്റ്ററൽ സെന്ററിൽ ബിബ്ലിക്കൽ തിയോളജി കോഴ്സ് ഉദ്ഘാടനം ചെയ്തു.

\- ചോറ്റി എഫ്.സി.സി. മഠത്തിൽ പരേതയായ സി. മേരി സിറിയക്കിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

\- കോട്ടയം ക്രിസ്തുരാജ് കത്തീഡ്രലിൽ മാർ മാത്യു മൂലക്കാട്ടിന്റെ മെത്രാഭിഷേക രാജത ജുബിലി ആഘോഷത്തിൽ പങ്കെടുത്തു.

03 വെള്ളാരംകുന്ന് സെന്റ് മേരിസ് ഹയർ സെക്കന്ററി സ്കൂളിന്റെ രജത ജുബിലി സമാപന ആഘോഷത്തിൽ പങ്കെടുത്തു.

\- നസ്രാണിപുരം ഇടവക പരേതനായ പുറക്കുന്നേൽ ജോസഫ് മത്തായിയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

\- പെരുവന്താനം സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ ഹൈസ്കൂൾ കെട്ടിടം ആശിർവദിച്ചു.

\- നെയ്യാട്ടുശ്ശേരി ഇടവക പരേതനായ കല്ലറക്കൽ കെ. എബ്രഹാമിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

04 മുണ്ടക്കയം ഇടവകയിൽ സി. ടീന എസ്.എ.ബി.എസ്. ന്റെ ജൂബിലി ആഘോഷത്തോടനുബന്ധിച്ചു സന്ദേശം നൽകി.

05 ദനഹാതിരുനാളിനോടനുബന്ധിച്ച് കത്തീഡ്രലിൽ റംശ നമസ്കാരത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

06 കുരിശുംമൂട് സെന്റ് ജോസഫ്സ് പ്രൊവിൻഷ്യൽ ഹൗസിൽ എസ്.ഡി. സന്യാസിനിസമൂഹത്തിന്റെ സന്യാസവസ്ത്ര സ്വീകരണം, പ്രഥമ വ്രതവാഗ്ദാനം എന്നിവയിൽ കർമികത്വം വഹിച്ചു.

\- പാസ്റ്ററൽ സെന്ററിൽ സഹ്യാദ്രി ക്രെഡിറ്റ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

\- റാന്നി ഇടവകയിൽ ബഹു. തോമസ് മുണ്ടിയാനിക്കൽ അച്ചന്റെ രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

\- കെ.എസ്.എസ്.എഫ്. ന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

8–13 സീറോ മലബാർ സഭയുടെ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

14 ഇളങ്ങോയി ഇടവകയിൽ തിരുനാളിനോടനുബന്ധിച്ചു വി. കുർബാന അർപ്പിക്കുകയും പുതുതായി നിർമ്മിച്ച പാരിഷ് ഹാൾ ആശീർവദിക്കുകയും ചെയ്തു.

\- പൊൻകുന്നം ഇടവകയിൽ പരേതനായ പയസ് മണ്ണംപ്ലാക്കലിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

\- രൂപത റിസോഴ്സ് ടീമിന്റെ സമ്മേളനത്തിൽ പങ്കെടുത്തു.

15 പൊടിമറ്റത്ത് രൂപത മാതൃവേദിയുടെ ലീഡേഴ്സ് മീറ്റിൽ പങ്കെടുത്തു.

\- ചെങ്ങളം ഇടവകയിൽ പരേതനായ പിണമറുകിൽ ബഹു. തോമസച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്കും വി. കുർബാനക്കും കാർമികത്വം വഹിച്ചു.

\- പാലാ ളാലം ഇടവക പരേതയായ രാമപുരം ലൂസിയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

17 കട്ടപ്പന സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂളിന്റെ രജതജുബിലി ആഘോഷത്തിൽ പങ്കെടുത്തു.

- വലിയതോവാള ഇടവകയിൽ മൂന്ന് കുട്ടികൾക്ക് പ്രാരംഭ കൂദാശകൾ നൽകി.
- പീരുമേട് പുനരുദ്ധരിച്ച ഡെയർ സെന്റർ ആശിർവദിച്ചു.

18 പൊടിമറ്റം എസ്.എ.ബി.എസ്. സ്റ്റഡി ഹൗസിൽ വി. കുർബാന അർപ്പിച്ചു.

- തമ്പലക്കാട് പെനുവേൽ ഇമ്മനുവൽ ആശ്രമത്തിൽ ഫെഡറൽ ബാങ്ക് സംഭാവന ചെയ്ത ആംബുലൻസ് ആശീർവദിച്ചു.
- ബിഷപ്പ് ഹൗസ്സിൽ ഐസെൻസ്റ്റാറ്റ് രൂപതയിൽനിന്നും സന്ദർശനത്തിനെത്തിയവരെ സ്വീകരിച്ചു.
- ചെങ്ങളം ഇടവകയിൽ പരേതയായ ജീരകത്തിൽ കാതറിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

19 കൂവപ്പള്ളി അമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജും ചിക്കാഗോയിലെ എംഹസ്റ്റ് യൂണിവേഴ്സിറ്റിയും തമ്മിൽ പരസ്പര സഹകരണകരാറിൽ ഒപ്പുവച്ച ചടങ്ങിൽ സംബന്ധിച്ചു.

- റാന്നി സിറ്റഡൽ പബ്ലിക് സ്കൂളിന്റെ വാർഷികത്തിൽ പങ്കെടുത്തു.

20 താമരക്കുന്ന് ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

- കുന്നുംഭാഗം സെന്റ് ജോസഫ് പബ്ലിക് സ്കൂളിന്റെ സുവർണ്ണ ജുബിലി ആഘോഷത്തിൽ പങ്കെടുത്തു.
- തരകനാട്ടുകുന്ന് ഇടവകയിൽ പുതുതായി നിർമ്മിച്ച വൈദിക മന്ദിരം ആശീർവദിച്ചു.

21 അതിരമ്പുഴ ഇടവകയിൽ ഒരു വിവാഹവാഗ്ദാനത്തിൽ കർമികത്വം വഹിച്ചു.

- ഉഴവൂർ ഇടവകയിൽ പരേതനായ ചേറാടിയിൽ തോമസിന്റെ ഭവനത്തിലെത്തി ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു.

23 കോട്ടയത്ത് ക്നാനായ കത്തോലിക്ക ആർച്ച് ബിഷപ്സ് ഹൗസിൽ റീജിയണൽ ബിഷപ്സ് കോൺഫ്രൻസിൽ പങ്കെടുത്തു.

- ചങ്ങനാശ്ശേരിയിൽ എക്യുമെനിക്കൽ മീറ്റിംഗിൽ പങ്കെടുത്തു.
- പാസ്റ്ററൽ സെന്ററിൽ പ്രൊവിൻഷ്യൽ ടീം മീറ്റിംഗിൽ പങ്കെടുത്തു.
- പാസ്റ്ററൽ സെന്ററിൽ മേജർ ആർച്ച് ബിഷപ്പ് എമിരിറ്റസ് മാർ ജോർജ് ആലഞ്ചേരി പിതാവിനെ സ്വീകരിച്ചു.
- പാസ്റ്ററൽ സെന്ററിൽ നവവൈദികരുടെ സ്വീകരണ സമ്മേളനത്തിൽ പങ്കെടുത്തു.

24 പാസ്റ്ററൽ സെന്ററിൽ നവവൈദികരോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ചു.

- പാസ്റ്ററൽ സെന്ററിൽ സഹ്യാദ്രി ക്രെഡിറ്റ് സൊസൈറ്റിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.
- പാലപ്ര ഇടവക പരേതയായ പുതുപ്പറമ്പിൽ ത്രേസ്യാമ്മയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.
- കൊരട്ടി ആവേ മരിയ നിത്യാരാധന ചാപ്പൽ ആശീർവദിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

26 നിലക്കൽ - തുലാപ്പള്ളി ഇടവകയിൽ നിലക്കൽ തീർത്ഥാടനത്തോടനുബന്ധിച്ച് സന്ദേശം നൽകി.

- പഴയപള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

30- ഫെബ്രുവരി 7

ബാംഗ്ലൂർ സെന്റ് ജോൺസിൽ സി.ബി.സി.ഐ. സമ്മേളനത്തിൽ പങ്കെടുത്തു.

## മാർ മാത്യു അറയ്ക്കൽ
## ജനുവരി 2024

01 പാലൂർക്കാവ് ഇടവക ദൈവാലയത്തിൽ പുതുവത്സരദിനത്തിൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശമേകുകയും ഇടവകത്തിരുനാൾ പ്രസുദേന്തികളെ അനുമോദിക്കുകയും ചെയ്തു.

- കോട്ടയം, മൂടിയൂർക്കര ദൈവാലയത്തിലെത്തി ഒരു വിവാഹ വാഗ്ദാനകർമ്മം നടത്തി.

02 അഭിവന്ദ്യ മൂലക്കാട്ട് പിതാവിന്റെ മെത്രാഭിഷേക രജതജൂബിലിയാഘോഷത്തിന്റെ ഭാഗമായി, കോട്ടയം കത്തീഡ്രൽ ദൈവാലയത്തിലെത്തി കർമ്മങ്ങളിൽ സംബന്ധിച്ചു.

03 ഉല്ലാമല ദൈവാലയത്തിലെത്തി ബഹു. നിവിൻ തകിടിപ്പുറമച്ചന്റെ മാതൃസഹോദരിയുടെ മൃതസംസ്ക്കാരകർമ്മം നടത്തി.

- നസ്രാണിപുരം ദൈവാലയത്തിലെത്തി ബഹു. നിവിൻ തകിടിപ്പുറമച്ചന്റെ മാതൃപിതാവിന്റെ സംസ്ക്കാരകർമ്മം നടത്തി.

04 ഏന്തയാർ ഇടവകദൈവാലയത്തിലെത്തി വിശുദ്ധ ബലിയർപ്പിച്ച് സി. എഡ്‌വിന്റെ സുവർണ്ണജൂബിലി യോഗത്തിൽ സന്ദേശം നല്കി.

- പെരുവന്താനം സ്കൂൾ Annual Day ഉദ്ഘാടനം ചെയ്തു സന്ദേശമേകി.

- നെയ്യാട്ടുശ്ശേരി ദൈവാലയത്തിലെത്തി പരേതനായ കല്ലറയ്ക്കൽ എബ്രാഹാമിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾ നടത്തി.

05 കട്ടപ്പന പാരീഷ് ഹാളിൽ നടത്തപ്പെട്ട International Job meeting ഉദ്ഘാടനം ചെയ്തു.

06 കോട്ടയം കടുവാക്കുളം ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ വച്ച് ഒരു വിവാഹമാശീർവദിച്ചു.

- ചമ്പക്കുളം ബസിലിക്ക ദൈവാലയത്തിലെത്തി ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു.

07 പുത്തൻകൊരട്ടി ദൈവാലയത്തിലെത്തി പരേതനായ ജീരകത്തിൽ തോമസിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾ നടത്തി.

8-13 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ സിനഡിൽ സമ്മേളിച്ചു.

15 ചെങ്ങളം ദൈവാലയത്തിൽ പരേതനായ ബഹു. തോമസ് പിണമറുകിലച്ചന്റെ മൃതസംസ്ക്കാരകർമ്മങ്ങളിൽ അഭിവന്ദ്യ പുളിക്കൽ പിതാവിനൊപ്പം കാർമ്മികത്വം വഹിച്ചു.

16 ഇളങ്ങോയി ഹോളി ഫാമിലി സ്കൂൾ Annual Day ഉദ്ഘാടനം ചെയ്ത് സന്ദേശമേകി.

17 മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് പീരുമേട് ഡെയർ - ൽ ആരംഭിച്ച Holistic Health Care Ministry യുടെ ആശീർവാദകർമ്മത്തിൽ പങ്കെടുത്ത് ആശംസകളറിയിച്ചു.

19 ചെങ്ങളമിടവകയിൽ പരേതയായ ജീരകത്തിൽ കാതറിൻ ചാക്കോയുടെ മൃതസംസ്ക്കാര കർമ്മങ്ങൾ പരികർമ്മം ചെയ്തു.

20 ചേനപ്പാടി ദൈവാലയത്തിരുനാളിന്റെ കൊടിയേറ്റി. വിശുദ്ധ ബലിയർപ്പിച്ച് സന്ദേശമേകുകയും പുതിയ അജപാലകമന്ദിരത്തിന്റെ ആശീർവാദകർമ്മത്തിൽ പങ്കെടുക്കുകയും ചെയ്തു.

21 ചെങ്ങളം ദൈവാലയത്തിൽവച്ച് ഒരു വിവാഹമാശീർവദിച്ചു.

\- ആനക്കല്ല് ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു.

22 പൊടിമറ്റം ദൈവാലയത്തിലെത്തി ഒരു വിവാഹമാശീർവദിച്ചു.

23 കോട്ടയത്ത് നടത്തപ്പെട്ട Regional Bishop's Conference - ൽ പങ്കെടുത്തു.

24 ചമ്പക്കുളം ബസിലിക്കയിലെത്തി ഒരു വിവാഹസുവർണ്ണജൂബിലിയുടെ സ്നേഹവിരുന്നിലാശംസകളറിയിച്ചു.

27 കത്തീഡ്രൽ ദൈവാലയത്തിലെത്തി കത്തീഡ്രൽ ഇടവകാം

ഗമായ ബഹുമാനപ്പെട്ട മാത്യു പുതിയിടം അച്ചന്റെ പൗരോഹിത്യസുവർണ്ണജൂബിലി സന്ദേശം നല്കുകയും അദ്ദേഹത്തെ ആദരിക്കുകയും ചെയ്തു.

– അരുവിക്കുഴി ലൂർദ്ദ്മാതാ പള്ളിയിലെത്തി അഭിവന്ദ്യ മാർ തുരുത്തിമറ്റം പിതാവിന്റെ സുവർണ്ണജൂബിലി സന്ദേശം നല്കുകയും അദ്ദേഹത്തെ ആദരിക്കുകയും ചെയ്തു.

28 കരിക്കാട്ടൂർ ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശമേകുകയും വിവാഹജൂബിലിയാചരിക്കുന്ന ദമ്പതികളെ ആദരിക്കുകയും ചെയ്തു.

29 ബഹു. തോമസ് ഈറ്റോലിൽ അച്ചനെ കാരിത്താസ് ഹോസ്പിറ്റലിൽ എത്തി സന്ദർശിച്ച് പ്രാർത്ഥിച്ചു.

30 പാലമ്പ്ര DST മഠത്തിലെത്തി സുവർണ്ണജൂബിലി ആചരിക്കുന്ന ബഹു. സിസ്റ്റേഴ്സിനായി വിശുദ്ധ ബലിയർപ്പിച്ച് സന്ദേശമേകി.

31 കത്തീഡ്രൽ ഇടവകത്തിരുനാളിൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശമേകി.

– എരുമേലി ദൈവാലയത്തിന്റെ അങ്കണത്തിൽ നവീകരണം പൂർത്തിയാക്കപ്പെട്ട കൽക്കുരിശും കുരിശടിയും ആശീർവദിച്ച് സന്ദേശമേകി.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## February - 2024

| Date | Programme | Place | Time |
|---|---|---|---|
| Jan 30 - Feb 7 | CBCI | Bangalore | |
| 8 | Interdepartment Meeting | Pastoral Centre | 5.30 pm |
| 9 | College Day, Marian | Kuttikkanam | 9.00 am |
| 10 | Ordination | Madukka | 9.00 am |
| - | Jubilee | Valiyathovala | 3.00 pm |
| 11 | Holy Qurbana, Seminarians' Conference | Podimattom | 6.30 am |
| 12 | Episcopal Consecration | Kottayam | 2.00 pm |
| 13 | Priests' Conference | | |
| 14 | Holy Qurbana, Convention talk | Changanacherry | 4.30 pm |
| 17 | Corporate Send-off gathering | Kanjirapally | 10.00 am |
| 17-March 15 | Abroad | | |



കാഞ്ഞിരപ്പള്ളി രൂപതയുടെ സ്ഥാപനം
വിമല ബുക്ക്ഹൗസ്
കാഞ്ഞിരപ്പള്ളി
ദൈവാലയത്തിന് ആവശ്യമായ വിവിധ സാധനങ്ങളുടെ വിപുലമായ ശേഖരങ്ങൾ
സഹ്യാദ്രി MDS We Care ഉൽപ്പന്നങ്ങൾ ഇവിടെ ലഭ്യമാണ്
Contact Number : 8589985731

# 2024 ഫെബ്രുവരി

## ദനഹാ – നോമ്പു കാലങ്ങൾ

| | | |
|---|---|---|
| 1 | വ്യാഴം | ഗലാ 3:15–20; യോഹ 11:17–27. |
| 2 | വെള്ളി | ശ്ലീഹ 6:8–15, 7:1–2a, 51–60; ലൂക്കാ 23:33–43. |
| 3 | ശനി | എഫേ 4:25–32; മത്താ 6:5–15. |
| **4** | **ഞായർ** | **✠ ദനഹാ അഞ്ചാം ഞായർ**<br>**ലേവ്യ 4:13–21; ദാനി 9:1–9;**<br>**കൊളോ 1:12–19; മർക്കോ 2:1–12.** |
| 5 | തിങ്കൾ | കൊളോ 2:16–19; മത്താ 12:1–8. |
| 6 | ചൊവ്വ | ശ്ലീഹ 5:12–20; മത്താ 12:9–14. |
| 7 | ബുധൻ | ഗലാ 3:7– 14; യോഹ 5:1–18. |
| 8 | വ്യാഴം | റോമാ 2:25–29; മത്താ 122:15–21. |
| **9** | **വെള്ളി** | **സകല മരിച്ചവരുടെയും ഓർമ്മ**<br>**നിയ 30:15–20; സുഭാ 15:19–25;**<br>**വെളി 20:11–15; യോഹ 5:19–29.** |
| 10 | ശനി | റോമാ 13:8–14; ലൂക്കാ 10:25–37 |
| **11** | **ഞായർ** | **✠ നോമ്പ് ഒന്നാം ഞായർ**<br>**പുറ 24:12–18; പ്രഭാ 2:1–11;**<br>**ഹെബ്രാ 2:10–18; ലൂക്കാ 4:1–13.** |
| **12** | **തിങ്കൾ** | **വലിയ നോമ്പാരംഭം – വിഭൂതി**<br>**ഉത്പ. 3:1–13; ജ്ഞാനം 12:16–20;**<br>**റോമാ 12:1–8; മത്താ 21:28–32.** |
| 13 | ചൊവ്വ | ശ്ലീഹ 8:14–25; മർക്കോ 9:14–29. |
| 14 | ബുധൻ | യാക്കോ 4:1–10; മത്താ 18:1–10. |
| 15 | വ്യാഴം | 1 തെസ 2:17–3:5; ലൂക്കാ 22:24–30. |
| 16 | വെള്ളി | യാക്കോ 1:12–18; ലൂക്കാ 22:39–46. |
| 17 | ശനി | 2 കോറി 2:5–11; ലൂക്കാ 15:11–24. |
| **18** | **നോമ്പ്** | **✠ നോമ്പ് രണ്ടാം ഞായർ**<br>**ഉത്പ 13:1–13; പ്രഭാ 31:1–11;**<br>**1 തിമോ 6:3–10; ലൂക്കാ 19:1–10.** |
| 19 | തിങ്കൾ | യാക്കോ 2:1–9; ലൂക്കാ 16:19–31. |
| 20 | ചൊവ്വ | യാക്കോ 5:1–6; ലൂക്കാ 18:18–30. |
| 21 | ബുധൻ | 1 തിമോ 6:17–21; ലൂക്കാ 12:13–21. |
| 22 | വ്യാഴം | റോമാ 8:1–6; മത്താ 6:19–24. |
| 23 | വെള്ളി | യാക്കോ 1:9–11, 4:13–16; ലൂക്കാ 14:7–14. |
| 24 | ശനി | 2 കോറി. 4:7–15; മത്താ 10:16–25. |
| **25** | **ഞായർ** | **✠ നോമ്പ് മൂന്നാം ഞായർ**<br>**നിയ 15:7–15; തോബി 12:6–15;**<br>**2 കോറി 8:9–15; മത്താ 6:1–8,16–18.** |
| 26 | തിങ്കൾ | ഫിലി 4:10–20; മർക്കോ 9:33–41. |
| 27 | ചൊവ്വ | 2 കോറി 9:1–5; മർക്കോ 12:38–44. |
| 28 | ബുധൻ | 2 കോറി 9:6–10; ലൂക്കാ 6:32–38. |
| 29 | വ്യാഴം | യാക്കോ 2:10–17; മത്താ 7:21–28. |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654